

# എണ്ണിച്ചുട്ട അപ്പം

ഇടശ്ശേരി

നാടകങ്ങൾ

Ennichhutta Appam
എണ്ണിച്ചുട്ട അപ്പം
Play in Malayalam
Edasseri Govindan Nair
©Rights reserved.

# എണ്ണിച്ചുട്ട അപ്പം

നാടകങ്ങൾ

1.

## എണ്ണിച്ചുട്ട അപ്പം

2.

## തിരിച്ചെത്തൽ

3.

## രണ്ടും ഒന്നുതന്നെ

ഇടശ്ശേരി ഗോവിന്ദൻ നായർ

# എണ്ണിച്ചുട്ട അപ്പം

## കഥാപാത്രങ്ങൾ

| | |
|---|---|
| **കരുണാകരൻനായർ** | **താലൂക്കാഫീസിലെ ഒരു സീനിയർ ക്ലാർക്ക്, 30–35 പ്രായം.** |
| **ലക്ഷ്മിക്കുട്ടിഅമ്മ** | **ഭാര്യ, 20–25 പ്രായം.** |
| **കല്യാണിക്കുട്ടി അമ്മ** | **കരുണാകരൻനായരുടെ ജ്യേഷ്ഠത്തി 50–ൽ അധികം പ്രായം.** |
| **ശങ്കരമേനോൻ** | **ഹെഡ്ക്ലാർക്ക്, 50 പ്രായം.** |
| **ഭാസ്കരമേനോൻ** | **ഒരു സീനിയർ ക്ലാർക്ക്, ചെറുപ്പക്കാരൻ.** |
| **ഗോപാലൻനായർ** | **ശിപായി, വൃദ്ധൻ.** |

**രംഗം 1**

(ഒരു ചെറിയ വീടിന്റെ പൂമുഖം. ചുമരിൽ ഒരു പഴയ കലണ്ടർ മാത്രം. ചെറിയൊരെഴുത്തുമേശ, രണ്ടു കസേരകൾ, ഒരു സ്റ്റൂൾ. കോട്ടിട്ട് കൈയിൽ കുറെ ഫയലുകളുമായി കരുണാകരൻനായർ പുറമേനിന്നു വരുന്നു. അകത്തേക്കുള്ള പ്രവേശനദ്വാരത്തിലെത്തി ചെരിപ്പ് ഊരിവെച്ച് അകത്തു കടക്കാതെ മേശയുടെ മുമ്പിൽ വന്നു ഫയലുകൾ മേശപ്പുറത്തിടുന്നു; കോട്ട് ഊരി കസേരയിലും. എന്നിട്ട് മറ്റേകസേര വലിച്ചിട്ട് അതിൽ രംഗത്തിലേക്കു തികച്ചും അഭിമുഖനാകാതെ ഇരിക്കുന്നു. സ്റ്റൂൾ മുമ്പിലേക്കു നീക്കി കാലും കയറ്റിവെച്ചപ്പോൾ ഏതാണ്ടൊരു ഈസിച്ചെയറിൽ ഇരിക്കും പോലെയാവും. ക്ഷീണംകൊണ്ട് അപ്രസന്നമായ മുഖം.

(ലക്ഷ്മിക്കുട്ടിഅമ്മ പ്രവേശിക്കുന്നു. സാധാരണ വേഷം.)

ലക്ഷ്മിക്കുട്ടിഅമ്മ: (സാത്ഭുതം) ഇത്ര നേരത്തെ? നന്നായി.

കരുണാകരൻനായർ: (മേശമേലേക്കു ചൂണ്ടി) അതിന്നുള്ള കോളാണിത്. കുറച്ചു നേരത്തെ പോരാമെന്നു വെച്ചപ്പോൾ, കരുണാകരൻനായരേ, ഇതുകൂടി തീർക്കണേ എന്നായി ഹെഡ്ക്ലാർക്ക്. ഉറങ്ങണ്ട. എന്നാൽത്തന്നെ രാവിലേക്ക് തീരുമോ ആവോ!

ലക്ഷ്മിക്കുട്ടിഅമ്മ: അപ്പോൾ, വീട്ടിൽ വരുന്നത് കടലാസ് തിന്നാ നാണെന്നാ സർക്കാരിന്റെ വിചാരം?

കരുണാകരൻനായർ: ആയിരിക്കണം. അങ്ങനെ ചില തെറ്റിദ്ധാരണകളില്ലേ? ആപ്പീസിൽ പോകുന്നത് നല്ല ചായ കുടിക്കാനാണെന്ന് വീട്ടിലുള്ളോര് വിചാരിക്കുംപോലെ.

ലക്ഷ്മിക്കുട്ടിഅമ്മ: വീട്ടിലുള്ളോര് അതിലിപ്പഴും പശ്ചാത്തപിക്ക്ണില്ല.

കരുണാകരൻനായർ: സർക്കാരും.

ലക്ഷ്മിക്കുട്ടിഅമ്മ: ഫയല് വീട്ടീലേക്ക് കൊണ്ടുവരാണെങ്കില് കുട്ട്യോളെയും മക്കളെയും ആപ്പീസിലേക്കും കൊണ്ടുപോകണ്ടിവരും.

കരുണാകരൻ നായർ: ഭാര്യയേയും. അങ്ങനെ ഒരു നല്ല കടത്തുവഞ്ചിപോലെ ആവും ഞാൻ. മാസാന്തം നൂറുറുപ്പിക സർക്കാര് തരും. നൂറുറുപ്പിക വീട്ടുസർക്കാരും തരണം. സുഖമായി. ആട്ടെ; ചായ താ. (ലക്ഷ്മിക്കുട്ടിഅമ്മ കോട്ടെടുത്ത് ഒരു ചുമലിൽ തൂക്കിക്കൊണ്ട് പോകാൻ ഒരുങ്ങുന്നു.) നില്ക്ക്, നില്ക്ക്. ഇതാ ഇതുകൂടി. (ഫയൽ ചൂണ്ടി) കോട്ടും ഫയലും! ഒരു നനഞ്ഞ ആപ്പീസ് മുഴുവൻ അതിന്റെ പിന്നിലുണ്ട്.

ലക്ഷ്മിക്കുട്ടിഅമ്മ: (ഫയൽ എടുത്തുകൊണ്ട്) ആപ്പീസേ, വാ. ഞാൻ നെന്നെ വീതനപ്പുറത്ത് കൊണ്ടോയാക്കാം. (ഒരു ആപ്പീസ് ക്ലാർക്കിനെപ്പോലെ നടന്നുപോകുന്നു.)

കരുണാകരൻനായർ: (സുഖിതമായ മനോരാജ്യത്തിലെന്നപോലെ പാടുന്നു.)

നീയെൻ കൺകളെ നനപ്പൂ
സ്നേഹദീപികേ,
നീയെൻ ചേതന നിറപ്പൂ.
തീയിൽ നിറകതിർ നീ നേടീ
പ്രേമവിഭൂഷേ,
നീയിന്നെന്നഭിമാനകോടീ.
നീയെൻ കൺകളെ നിറപ്പൂ
നിത്യവും ഭദ്രേ,
നീയെൻ ചേതന നിറപ്പൂ.

(ലക്ഷ്മിക്കുട്ടിഅമ്മ ചായയും കൊണ്ടു വരുന്നു.)

(നേരെയിരുന്ന്, സസ്മിതം) നമുക്കിന്ന് സിനിമയ്ക്ക് പോകാം. മക്കളെന്താ വരാത്തത്?

ലക്ഷ്മിക്കുട്ടിഅമ്മ: അവർ ആറുമണിക്കേ എത്തൂ. ആനിവേർസറിയുടെ തിരക്കാണ്. ചിലർക്ക് റിഹേർസല്. ചിലർക്ക് പണപ്പിരിവ്. ചിലർക്ക് ഒന്നൂല്യാത്ത തിരക്കും. ശാന്തയ്ക്കും ഗോപിക്കും അതാ.

കരുണാകരൻനായർ: പക്ഷേ, ഇന്നു പോകുന്നില്ലെങ്കിൽ നാളേക്ക് ഈ ഓഫർ ഇല്ല. പിന്നെ അടുത്ത മാസം ഒന്നാം തീയതി. ഒന്നാം തീയതി ഒന്നാം തീയതിയേ ഒരു ക്ലാർക്കിന്ന് സാധാരണമനുഷ്യന്റെ ജീവിതമുള്ളു. അതറിയില്ലേ?

ലക്ഷ്മിക്കുട്ടിഅമ്മ: ഇത്തവണ പോകണ്ട.

കരുണാകരൻനായർ: എന്ത്? നീയല്ലേ നീലക്കുയിൽ കാണാൻ കെടന്ന് മരിച്ചീര്ന്നത്?

ലക്ഷ്മിക്കുട്ടിഅമ്മ: ചായകുടിക്കൂ. (ഒഴിച്ചുകൊടുക്കുന്നു.)

കരുണാകരൻനായർ: (ചായ കുടിച്ചുകൊണ്ട്) ശരി. ശ്രീമതി ലക്ഷ്മിക്കുട്ടി മറ്റെന്തോ ഒരു കച്ചവടം കണ്ടിട്ടുണ്ട്! ചായയൊക്കെത്തന്ന്, എനിക്ക് ഉന്മേഷവും ഉത്സാഹവുമൊക്കെ കയറുമ്പോൾ സംഗതി അറിയാം.

ലക്ഷ്മിക്കുട്ടിഅമ്മ: ഇനി സാധിക്കില്ലാന്ന് പറഞ്ഞാലൊന്നും പറ്റില്ല.

കരുണാകരൻനായർ: എന്ത്?

ലക്ഷ്മിക്കുട്ടിഅമ്മ: എന്തായാലും.

കരുണാകരൻനായർ: കുടുങ്ങി. ആനക്കുട്ടിയാണോ? ഇപ്പഴേ പറയാം, സാധിക്കില്ല. പൂച്ചക്കുട്ടിയാണോ? ഇരിക്കട്ടെ, എനിക്ക് ഇഷ്ടല്ലെങ്കിലും.

ലക്ഷ്മിക്കുട്ടിഅമ്മ: ആനക്കുട്ടിയും പൂച്ചക്കുട്ടിയുമൊന്നുമല്ല. ഇതെന്താ, കാഴ്ചബംഗ്ലാവാ?

കരുണാകരൻനായർ: എന്നാൽ എന്തു മേജിക്കാണെന്ന് ഇങ്ങട്ട് പറയരുതേ?

ലക്ഷ്മിക്കുട്ടിഅമ്മ: മേജിക്കും മന്ത്രവുമൊന്നുമല്ല. (മടിയിൽനിന്ന് ഒരു ചെറിയ പൊതി എടുത്തു കൊടുക്കുന്നു.)

കരുണാകരൻനായർ: (കോപ്പ താഴെ വെച്ച് മെല്ലെ പൊതി അഴിച്ച് ഒരു സ്വർണ്ണമാല എടുത്തു നിവർത്തി നോക്കുന്നു.) അസ്സൽ! പക്ഷേ, ഇത് ആനക്കുട്ടിയേക്കാൾ വലുതാണ്!

ലക്ഷ്മിക്കുട്ടിഅമ്മ: ഇത് വാങ്ങണം. അറുപതുറുപ്പിക ഞാൻ കൊടുത്തു.

കരുണാകരൻനായർ: എവിടുന്ന് അറുപതുറുപ്പിക?

ലക്ഷ്മിക്കുട്ടിഅമ്മ: മുപ്പതുറുപ്പിക ഏട്ടൻ അയച്ചുതന്നു. ഞാനെഴുതി-എനിക്ക് ദണ്ണാണ്, മരുന്നു വാങ്ങണമെന്ന്.

കരുണാകരൻനായർ: (അസുഖം ഭാവിച്ച്) ഇവിടെ ആരും നോക്കാനില്ലാത്ത മാതിരി!

ലക്ഷ്മിക്കുട്ടിഅമ്മ: ഓ, അതോണ്ട് തരക്കേടൊന്നൂല്യ. ഏട്ടനോടല്ലേ? പിന്നെ മുപ്പതുറുപ്പിക കഴിഞ്ഞ മാസം തെകഞ്ഞു.

കരുണാകരൻനായർ: തെകഞ്ഞു? എന്നുവെച്ചാൽ?

ലക്ഷ്മിക്കുട്ടിഅമ്മ: രണ്ടുറുപ്പിക എല്ലാ മാസത്തിലും ഞാൻ എടുത്തുവെച്ചിരുന്നു, ശമ്പളത്തിൽനിന്ന്.

കരുണാകരൻനായർ: (സാനുഭാവം) പതിനഞ്ചുമാസത്തെ പോക്കറ്റടിയുടെ നേട്ടം. ഇനി ബാക്കി?

ലക്ഷ്മിക്കുട്ടിഅമ്മ: അപ്പോ അറുപതുറുപ്പിക ആയിലേ?

കരുണാകരൻനായർ: അതോണ്ട് ഇതു കിട്ട്യോ? എന്നാൽ ലാഭമാണ്.

ലക്ഷ്മിക്കുട്ടിഅമ്മ: അയ്യ! അതോണ്ടേയ്! രണ്ടു പവനാണ്. പുറമെ പണിക്കൂലിയും. നൂറ്റിമുപ്പത്തഞ്ചുറുപ്പിക വേണം.

കരുണാകരൻനായർ: അപ്പോൾ എഴുപത്തഞ്ചുറുപ്പിക കൂടി? നിവൃത്തിയില്ല.

ലക്ഷ്മിക്കുട്ടിഅമ്മ: അതു പറഞ്ഞാൽ പറ്റില്ല.

കരുണാകരൻനായർ: പറ്റില്ല; ശരി. പക്ഷേ, തുടർച്ചയായിട്ട് ഒരു മാസം ഊണു കഴിക്കാതിരിക്കാമോ?

ലക്ഷ്മിക്കുട്ടിഅമ്മ: അതെനിക്കറീല്യ.

കരുണാകരൻനായർ: വാടക കൊടുക്കാതെ പറ്റ്വോ?

ലക്ഷ്മിക്കുട്ടിഅമ്മ: അത് ഒരു മാസൊക്കെ അയാള് കേൾക്കും.

കരുണാകരൻനായർ: അടുത്ത മാസം? ഇത് സ്യമന്തകമൊന്നുമല്ലല്ലോ, അപ്പൊഴേക്ക് കനകം പെറാൻ?

ലക്ഷ്മിക്കുട്ടിഅമ്മ: അതൊക്കെ ശരി. പക്ഷേ, അടുത്തമാസം അമ്മയും ഏട്ടനും വരും. അവർക്കെന്താ തോന്ന്വാ ഈ വെറുങ്കഴുത്തുമായിട്ട് നില്ക്കുമ്പോൾ?

കരുണാകരൻനായർ: (ആലോചനാമഗ്നനാകുന്നു.) അതുണ്ട്. അവർ വെറുങ്കഴുത്തായിട്ടല്ല പറഞ്ഞയച്ചത്.

ലക്ഷ്മിക്കുട്ടിഅമ്മ: ഏട്ടനൊന്നും പറയില്ല. പക്ഷേ, അമ്മയ്ക്ക് വയസ്സാണ്. എന്തെങ്കിലും പറഞ്ഞൂന്ന്വരും. വ്യസനംകൊണ്ടാണ് പറയുക. പക്ഷേ, ഇവിടെ അതല്ല തോന്നുക.

കരുണാകരൻനായർ: അതും ശരിയാണ്.

ലക്ഷ്മിക്കുട്ടിഅമ്മ: അതാ പറേണത്. എങ്ങനേങ്കിലും നമുക്കിത് വാങ്ങ്വാ.

കരുണാകരൻനായർ: പക്ഷേ, ശരി, അതുകൊണ്ട് അവസാനിച്ചില്യ. അതാ ഞാനും പറേണത്.

ലക്ഷ്മിക്കുട്ടിഅമ്മ: എന്ത്?

കരുണാകരൻനായർ: രണ്ടു ദിവസം നീയും ഞാനും പട്ടിണികെടക്കും. സഹിക്കാം. മൂന്നാം ദിവസം മക്കളും കെടക്കേണ്ടിവരും. അപ്പോൾ സഹിക്കില്യ.

ലക്ഷ്മിക്കുട്ടിഅമ്മ: അതൊന്നും സഹിക്കില്യ.

കരുണാകരൻനായർ: അതു കാണാൻ നീയും ഞാനും മാത്രാവും. നെന്റെ അമ്മയുമുണ്ടാവില്യ, കാരണവന്മാരുമുണ്ടാവില്ല.

ലക്ഷ്മിക്കുട്ടിഅമ്മ: ഞാനെന്താ പറേണ്ടത്?

കരുണാകരൻനായർ: എനിക്ക് മനസ്സിലാവുന്നുണ്ട്. അമ്മയുടെയും ഏട്ടന്റെയും മുമ്പിൽ നിന്റെ അഭിമാനം മുറിപ്പെടും. ഞാൻ നിന്റെ പണ്ടമൊക്കെ വിറ്റുതിന്നു എന്നു പറയേണ്ടിവരും. അതൊക്കെ ശരിയാണ്. പക്ഷേ, ഇതും ആലോചിക്കണം: എണ്ണിച്ചുട്ട അപ്പംപോലെ നൂറുറുപ്പികയാണ് മാസാന്തവരവ്. കരഞ്ഞിട്ടും കാര്യമില്ല, തൊഴിച്ചിട്ടും കാര്യമില്ല; നൂറ്റൊന്നാമത്തെ ഉറുപ്പിക കയ്യിൽ വരില്ല. നമ്മളുടെ ബഡ്ജറ്റ് എല്ലാ മാസത്തിലും കമ്മി. കടം കൂടാതെ കഴിക്കാൻ...

ലക്ഷ്മിക്കുട്ടിഅമ്മ: (അസുഖം ഭാവിച്ച്) ഇതൊക്കെ എന്നെ ബോദ്ധ്യപ്പെടുത്താൻവേണ്ടി പറയുകയാവില്ലലൊ. വാങ്ങണ്ടാന്ന് വെക്കാം. അഡ്വാൻസ് മടക്കി വാങ്ങാം.

കരുണാകരൻനായർ: എന്നോടു പരിഭവിച്ചിട്ടല്ലേ?

ലക്ഷ്മിക്കുട്ടിഅമ്മ: ആരോടും പരിഭവിച്ചിട്ടല്ല.

കരുണാകരൻനായർ: അതാണ് ശരി. വാടകക്കാരൻ തെറിപറയുന്നത് കേൾക്കാൻ വയ്യ. വിറകുകാരൻ മുഖം വീർപ്പിക്കുന്നത് കാണാൻ വയ്യ. പീടികക്കാരൻ...

ലക്ഷ്മിക്കുട്ടിഅമ്മ: വേണ്ടാന്ന്. വേണ്ട. ഇത് വാങ്ങണ്ട.

കരുണാകരൻനായർ: നീ മുപ്പതുറുപ്പിക ഏട്ടന് മടക്കിക്കൊടുക്ക്.

ലക്ഷ്മിക്കുട്ടിഅമ്മ: ആ! ആ! അതൊന്നും തരല്യ. ഉറുപ്പിക ഇവിടെ ഇരുന്നോട്ടെ. മേല് കടിക്ക്യോ?

കരുണാകരൻനായർ: നമുക്ക് വീണ്ടും വാങ്ങാം. ബാക്കി സംഖ്യ നമ്മൾ ഉണ്ടാക്കുമ്പോൾ ആ ആവശ്യം പറഞ്ഞുതന്നെ വാങ്ങാലോ.

ലക്ഷ്മിക്കുട്ടിഅമ്മ: എനിക്ക് വേണെങ്കിലല്ലെ? എനിക്ക് പണ്ടമേ വേണ്ട. ഒരിക്കലും വേണ്ട.

കരുണാകരൻനായർ: അതേ, അതാണ് ഒരു ക്ലാർക്കിന്റെ ഭാര്യയ്ക്ക് ചേർന്ന ശപഥം. അവർ ആഭരണമണിയാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവരല്ല.

ലക്ഷ്മിക്കുട്ടിഅമ്മ: (പ്രവേശനദ്വാരത്തിലേക്കു നോക്കീട്ട് ) അതാ കമ്പനി ഏജന്റ് വരുന്നു. അങ്ങോട്ടു കൊടുത്തേക്കു. (മേശമേൽക്കിടന്ന ചെയിൻ എടുത്ത് പൊതിഞ്ഞു വെക്കുന്നു.)

(ഏജന്റ് പ്രവേശിക്കുന്നു.)

ഏജന്റ്: ഞാൻ താമസിച്ചില്ലല്ലോ?

കരുണാകരൻനായർ: ഇല്യ.

ഏജന്റ്: പുറത്തേക്കിറങ്ങിയോ എന്നു സംശയിച്ചു.

കരുണാകരൻനായർ: ഞാൻ വൈകുന്നേരം പുറത്തു പോകാറില്ല.

ഏജന്റ്: (ലക്ഷ്മിക്കുട്ടിഅമ്മയോട്) സാധനം മിസ്റ്റർ നായർക്ക് പിടിച്ചില്ലേ? ഇല്ലെങ്കിൽ അഡ്വാൻസ് മടക്കിത്തരാം.

(ലക്ഷ്മിക്കുട്ടിഅമ്മ മിണ്ടാതെ നില്ക്കുന്നു.)

കരുണാകരൻനായർ: എന്താണ് ബില്ല്?

ഏജന്റ്: നൂറ്റിമുപ്പത്തഞ്ചുറുപ്പിക എട്ടണയാണ്. അറുപതുറുപ്പിക കഴിച്ച് എഴുപത്തഞ്ചുറുപ്പിക എട്ടണ.

(കരുണാകരൻനായർ പേഴ്സ് എടുത്തു സംഖ്യ എണ്ണിക്കൊടുക്കുന്നു.)

(തുക വാങ്ങി രശീതി കൊടുക്കുന്നു. എഴുന്നേറ്റു തൊഴുതുകൊണ്ട്) നമസ്കാരം!

(ഏജന്റ് പോകുന്നു. കരുണാകരൻനായർ സസ്മിതം മാലയെടുത്ത് ലക്ഷ്മിക്കുട്ടിഅമ്മയുടെ കഴുത്തിലിടുന്നു. ലക്ഷ്മിക്കുട്ടിഅമ്മ തലയുയർത്തി പുഞ്ചിരിക്കൊള്ളുന്നു. പെട്ടെന്നു പുറത്തേക്കുള്ള പ്രവേശനദ്വാരത്തിലെത്തുന്ന സുകുമാരൻ ആ മംഗല്യകർമ്മത്തെ അഭിനന്ദിക്കുന്ന പോലെ കരഘോഷം മുഴക്കുന്നു. ലക്ഷ്മിക്കുട്ടിഅമ്മയും കരുണാകരൻനായരും തലയുയർത്തി നോക്കുന്നു.)

എട വിരുതാ, നീയാണല്ലേ?

സുകുമാരൻ: സാർ, പാർട്ടിയിൽ വന്നവന് ആദ്യം സദ്യ.

ലക്ഷ്മിക്കുട്ടിഅമ്മ: ഓ, ചടങ്ങെല്ലാം പഠിച്ചുവെച്ചിട്ടുണ്ടലോ.

കരുണാകരൻനായർ: ഊം. ഇനി അവന് പെണ്ണുകാണുകയേ വേണ്ടൂ... നീ എന്തിനു വന്നു?

ലക്ഷ്മിക്കുട്ടിയമ്മ: ഇന്ന് ആപ്പീസുവിട്ടപ്പോൾ കാറ്റടിച്ചത് ഈ വഴിക്കാവും.

സുകുമാരൻ: എന്തോ, ഇവിടെ ഒരു അനുരഞ്ജനത്തിന്റെ മണം. അതുകേട്ട് ഇങ്ങു കയറിയതാ. (കരുണാകരൻനായരും ലക്ഷ്മിക്കുട്ടിഅമ്മയു അന്യോന്യം നോക്കുന്നു.) പരിഭ്രമിക്കണ്ട. ഞാൻ ക്ഷണിക്കാൻ വന്നതാണ്.

കരുണാകരൻനായർ: നിന്റെ കല്യാണത്തിന്നോ?

സുകുമാരൻ: അല്ല! നാളെ രാവിലെ പത്തുമണിക്ക് ഇവിടെയുള്ളവരെല്ലാവരും വരണം. കുട്ടികളടക്കം. എന്റെ വീട്ടിലേക്കല്ല.

കരുണാകരൻനായർ: പിന്നെ?

സുകുമാരൻ: ഹെഡ്ക്ലാർക്കിന്റെ വീട്ടിലേക്ക്. എന്നെ അദ്ദേഹം പറഞ്ഞയച്ചതാണ്. മൂപ്പരുടെ അർദ്ധശതവാർഷികമാണ് നാളെ.

കരുണാകരൻനായർ: ലക്ഷ്മിക്കുട്ടീ, അവന് ചായ കൊടുത്തേക്ക്. അല്ലെങ്കിൽ നാളെ ഹെഡ്ക്ലാർക്കിന്റെ വീട്ടിൽ ചെല്ലുമ്പൊഴേക്ക് അവൻ എന്തെങ്കിലും കുസൃതി ഉണ്ടാക്കും.

ലക്ഷ്മിക്കുട്ടിഅമ്മ: ഇരിക്കൂ സുകുമാരൻനായരേ. ചായ എടുക്കട്ടെ.

സുകുമാരൻ: അയ്യോ! ഏടത്തി, ഇത്തവണ ഒഴിവ്. നാലുദിക്കിലത്തെ കഴിഞ്ഞു ഇന്ന്.

കരുണാകരൻനായർ: എന്നാൽ പോകാം. ഗുഡ് ഈവിനിംഗ്!

സുകുമാരൻ: ഗുഡ് ഈവിനിംഗ്! (പോകുന്നു)

(കർട്ടൻ)

രംഗം 2

ഹെഡ്ക്ലാർക്ക് ശങ്കരമേനോന്റെ വീട്ടിലെ പൂമുഖം. ശങ്കരമേനോൻ ചാരുകസേരയിൽ ഇരിക്കുന്നു. അവിടവിടെയായി വേറെ കുറെകസേരകൾ. ചുമർ, ചിത്രങ്ങളാൽ വിതാനിക്കപ്പെട്ടതാണ്. ശങ്കരമേനോന്റെയടുത്ത് ശിപായി ഗോപാലൻനായർ നില്ക്കുന്നു. സമയം പകൽ പന്ത്രണ്ടു മണി.

ശങ്കരമേനോൻ: ഗോപാലൻനായരുടെ ഊണു കഴിഞ്ഞില്ലേ?

ഗോപാലൻനായർ: ഓഹോ, സുഖമായി!

ശങ്കരമേനോൻ: ഇനി ഒന്നു മുറുക്കണം, അല്ലേ? (നിവർന്നിരുന്ന് ചെല്ലം നീക്കിക്കൊടുക്കുന്നു.)

ഗോപാലൻനായർ: മുറുക്കലും കഴിഞ്ഞു. പൊടിപൊടിച്ചു!

ശങ്കരമേനോൻ: ഹൗ! എന്തൊരു തിരക്ക്! ആളുകൾക്കൊക്കെ അസൗകര്യായിട്ടുണ്ടാവും.

ഗോപാലൻനായർ: ഛെ, ഛെ! ലെവലേശല്യ. മൂപ്പര് കാറിൽ കേറുമ്പോൾ പറഞ്ഞത്, ഒരു കൊട്ടാരത്തിലും ഇങ്ങനെ തരാവില്യാന്നാണ്.

ശങ്കരമേനോൻ: അതെല്ലാം സുകുമാരന്റെ ശ്രമമാ. നല്ല ചൊറുചൊറുക്കുള്ള കുട്ടി.

ഗോപാലൻനായർ: ആപ്പീസിലും അങ്ങനെത്തന്നെയല്ലേ; ഒതുങ്ങി ഇരിക്കില്ലലൊ.

ശങ്കരമേനോൻ: ആപ്പീസിൽ കടമാണ്. ഫയൽ ഒരൊറ്റയൊന്ന് തീർക്കില്ല. ജാടയും പറഞ്ഞ് കൂടും. അവനെ വല്ല ഫീൽഡ് വർക്കിനുമേ പറ്റൂ. എവിടെ കരുണാകരൻനായരും ഭാസ്കരമേനോനും?

ഗോപാലൻനായർ: ശ്രമമാണ്. പുറത്തേക്ക് കൊടുക്കാണ്. ഇതാ, ഭാസ്കരമേനോൻ വരുന്നു.

(ഭാസ്കരമേനോൻ പ്രവേശിക്കുന്നു.)

ശങ്കരമേനോൻ: അല്ലാ, ഇപ്പൊഴും ഇങ്ങനെ അദ്ധ്വാനിക്കാൻ വയ്ക്കോ?

ഭാസ്കരമേനോൻ: ചോറു കൊട്ക്കണ കാര്യത്തിൽ എനിക്കൊരു ഭ്രമാണ്. അപ്പോ പിന്നെ വയ്യായ ഓർക്കില്യ.

ശങ്കരമേനോൻ: കരുണാകരൻനായർ ഇപ്പോഴും ശ്രമത്തിലായിരിക്കും.

ഭാസ്കരമേനോൻ: ഏയ്. ആയാളാ പെണ്ണുങ്ങളുടെ കൂട്ടത്തിലുണ്ട്. ഞായം വെച്ചങ്ങനെ നില്ക്കുന്നു. (ഇരിക്കുന്നു.)

ഗോപാലൻനായർ: അതാ വരുന്നു. വരട്ടെ, നമ്മക്ക് കളിയാക്കാം.

(കരുണാകരൻനായർ പ്രവേശിക്കുന്നു)

ശങ്കരമേനോൻ: അല്ലാ! ഭാസ്കരമേനോൻ പറഞ്ഞു, മിസ്റ്റർ നായർ ചാന്തുപൊട്ടു കുത്തുകയാണെന്ന്!

കരുണാകരൻനായർ: (ചിരിച്ച്) അദ്ദേഹത്തിന്ന് എപ്പൊഴും പരലോകചിന്തയാണ്.

ശങ്കരമേനോൻ: എന്നുവെച്ചാൽ സ്വർഗ്ഗചിന്ത, അല്ലേ?

കരുണാകരൻനായർ: അതെ, കല്പകപ്പൂക്കളും ഉർവ്വശിമേനകമാരും മറ്റെല്ലാ മനോഹാരിതകളും.

ഭാസ്കരമേനോൻ: തനിക്കോ? താടി നീട്ടലും സന്യാസവുമാണോ പരലോകത്തും?

കരുണാകരൻനായർ: പരലോകത്തെന്തോ! ഇവിടെ പെണ്ണുങ്ങളും കുട്ടികളും പ്രാരബ്ധവും ഒക്കെത്തന്നെ!

ഭാസ്കരമേനോൻ: (ശങ്കരമേനോനോട്) എന്തായിരുന്നു പടവട്ടം എന്നു ചോദിക്ക്വാ, നാലുകെട്ടില്!

ശങ്കരമേനോൻ: ചോദിക്കാതെതന്നെ അദ്ദേഹം പറയൂലോ.

കരുണാകരൻനായർ: ഞാനാ വഴിക്കേ പോയിട്ടില്ല. മിസിസ് മേനോൻ എന്തോ ചോദിച്ചു. അതിന്ന് മറുവടി പറയുമ്പോഴേക്ക്...

ഭാസ്കരമേനോൻ: അതെ അതെ, മറ്റൊരാൾ ഒന്നു ചോദിച്ചു. അപ്പൊഴെക്ക് മറ്റൊരാൾ. നമ്മോട് ആരുമൊന്നും ചോദിച്ചില്ലല്ലോ!

കരുണാകരൻനായർ: വ്യസനിക്കൂ!

ശങ്കരമേനോൻ: നമ്മുടെ മിസ്സിസ്സിന്ന് ലക്ഷ്മിക്കുട്ടിഅമ്മയുടെ പുതിയ ചെയിൻ നന്നെ പിടിച്ചുവത്രെ.

അതായിരിക്കും അന്വേഷണവിഷയം. അല്ലേ?

കരുണാകരൻനായർ: അതെ. അവർ മാത്രമല്ല, അവിടെക്കൂടിയ എല്ലാ സ്ത്രീകളുംകൂടി അന്വേഷണങ്ങൾകൊണ്ട് എന്നെ മൂടി.

ശങ്കരമേനോൻ: അഭിനന്ദനങ്ങൾ കൊണ്ടും!

കരുണാകരൻനായർ: പരിഹാസമാണോ എന്നുകൂടി എനിക്ക് തോന്നിപ്പോയി.

ശങ്കരമേനോൻ: അയ്യോ! തെറ്റിദ്ധരിക്കണ്ട. ഉടുപ്പിന്റെയും പണ്ടത്തിന്റെയും കാര്യമാവുമ്പോൾ, തങ്ങൾക്കൊന്നു പിടിച്ചു പോയാൽപ്പിന്നെ, അഭിനന്ദനത്തിന്റെ കാര്യത്തിൽ എല്ലാ പെണ്ണുങ്ങളും ധാരാളികളാണ്.

ഭാസ്കരമേനോൻ: അപ്പോൾ, മറ്റെല്ലാക്കാര്യത്തിലും അവർക്ക് പിശുക്കുണ്ടെന്ന്. അല്ലേ?

ശങ്കരമേനോൻ: സത്യം. അതങ്ങനെയങ്ങ് വെട്ടിത്തുറന്നുപറഞ്ഞുകൂടാ, ഞങ്ങളെപ്പോലെയുള്ളവർക്ക്

കരുണാകരൻനായർ: ഭാസ്കരമേനോൻ അക്കാര്യത്തിൽ ഭാഗ്യവാനാണ്. സ്വതന്ത്രനും നിർഭയനും.

ശങ്കരമേനോൻ: ഈ ലോകത്തിന്റെ നല്ല പകുതിയെപ്പറ്റി വെറും അന്ധനും.

ഭാസ്കരമേനോൻ: അയ്യോ! ഞാനെന്റെ അന്ധതയുംകൊണ്ട് ഇവിടെ കൂടിക്കൊള്ളാം. പെണ്ണുങ്ങളെ അണിയിച്ച് അഭിനന്ദനം വാങ്ങുന്ന കാര്യത്തിൽ നിങ്ങളോടൊപ്പം പന്തയംവെച്ച് ഓടാൻ ഞാനില്ല.

ശങ്കരമേനോൻ: ഇതാ മറ്റൊരു തെറ്റിദ്ധാരണ. അവരെ അണിയിച്ച് ചന്തംകാണൽ മാത്രമേ നിങ്ങൾക്ക് മനസ്സിലാവൂ. സ്ത്രീയെ മനസ്സിലാക്കിയവർക്ക് അത് അതിലധികമാണ്.

ഭാസ്കരമേനോൻ: എന്താണാവോ

ശങ്കരമേനോൻ: അറിയാവുന്നവരോട് ചോദിക്കൂ.

കരുണാകരൻനായർ: സ്ത്രീ പണ്ടം കെട്ടുന്നത് നമ്മൾ റിസ്റ്റുവാച്ച് കെട്ടുന്ന മനോഭാവത്തിലല്ല. റിസ്റ്റുവാച്ച് നമുക്കൊരണിയലാണ്. ആവശ്യത്തിന്റെ കൂടെ അങ്ങനെ ഒന്നുകൂടി ഉണ്ടെന്നു സമ്മതിക്കേണ്ടിവരും. മറിച്ച്, ‘കഴുത്തിൽച്ചരട് ഞ സ്ത്രീക്ക് അവളുടെ ഒരവയവമാണ്.

ശങ്കരമേനോൻ: അല്ല, അതിലധികവുമാണ്. നിങ്ങൾക്കുവേണ്ടി അവൾ സ്വന്തം കണ്ണ് ചൂന്നെടുത്തു തന്നൂന്ന് വരും. ആ ത്യാഗത്തിൽ തികച്ചും അഭിമാനപരമായ ആഹ്ലാദത്തോടുകൂടി. പക്ഷേ, അവളുടെ പണ്ടം അഴിച്ചുതരുന്നത് ഒരു തേങ്ങലോടുകൂടിയാവാതെ വയ്യ!

ഭാസ്കരമേനോൻ: ശരി; അപ്പോൾ ഒരു പണ്ടം ഇടുവിക്കല് ഒരു കോൾമയിർക്കൊള്ളലോടുകൂടി ആവാതെ വയ്യ; അല്ലേ

ശങ്കരമേനോൻ: പോരാ. ആത്മാവിന്റെ കോൾമയിർക്കൊള്ളലോടുകൂടി എന്നു പറയൂ.

കരുണാകരൻനായർ: ഭാസ്കരമേനോൻ പഠിക്കാൻ ശ്രമിക്കുന്നുണ്ട്. പഠിച്ചോളൂ. കുറച്ചു വൈകിയിട്ടെങ്കിലും പാസ്സാവുന്നത് നന്ന്.

ഭാസ്കരമേനോൻ: എന്നാൽ ഇതുകൂടി പഠിപ്പിച്ചുതാ. താൻ ഇതിനെങ്ങനെ പണമുണ്ടാക്കി? എനിക്ക് പെണ്ണുമില്ല, പെരുച്ചാഴിയുമില്ല. എന്നിട്ടും ഒരു മുക്കാൽ ബാക്കിയില്ല!

കരുണാകരൻനായർ: അതാണ് സൂത്രം. ഒരു പെണ്ണുകെട്ടൂ. അപ്പോൾ ചെലവിടാൻ പഠിക്കും.

ഗോപാലൻനായർ: കുടുംബച്ചിലവ് ചെയ്യുന്നോൻ മുടിക്കില്ല. മുടിയൂല്യ. നാല്പത്തഞ്ചുറുപ്പികകൊണ്ട് ഒരു പെണ്ണിനേം പത്തു കുട്ട്യോളോം പുലർത്ത്ണ്ണ്ട് ഞാൻ.

കരുണാകരൻനായർ: അതൊരത്ഭുതമാണ്, എനിക്കുകൂടി.

ഗോപാലൻനായർ: അത്ഭുതം ഒന്നും വേണ്ട. എനിക്കെന്റെ മക്കളെ എന്നോളം വലുതാക്കണതുവരേ കടമുള്ളു.

ശങ്കരമേനോൻ: അതാണ് കാര്യം. അവിടെയാണ് നിങ്ങളും ഞാനും പാപ്പരാവുന്നതും. ഗോപാലൻ നായരേ, സുകുമാരൻ എവിടേന്ന് നോക്കൂ. ഭാസ്കരമേനോന് ഒരു പിൻതുണയാവട്ടെ

ഗോപാലൻനായർ: ഞാൻ പിടിച്ചു കൊണ്ടരാം! പക്ഷേ, വെച്ചരാശിയിൽ കാണില്യലൊ പുള്ളിയെ. (പോകുന്നു.)

ഭാസ്കരമേനോൻ: കുടുംബമുണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി; ഈ ശമ്പളംകൊണ്ട് ജീവിക്കാൻ വയ്യ. നിങ്ങളോടൊക്കെ എനിക്ക് അസാമാന്യ ബഹുമാനമുണ്ട്.

(സുകുമാരൻ പ്രവേശിക്കുന്നു.)

സുകുമാരൻ: എന്നോടാണ്  ഏറ്റവുമധികം ബഹുമാനം വേണ്ടത്.
ശങ്കരമേനോൻ: എന്തു വക?
സുകുമാരൻ: എനിക്കാണലോ ഏറ്റവും ചുരുങ്ങിയ ശമ്പളം.
കരുണാകരൻനായർ: ഗോപാലൻനായരുടെ തിയറിപ്രകാരം ഏറ്റവും അധികം ചിലവും!
ഭാസ്കരമേനോൻ: എങ്കിൽ നീയും പോയി പെണ്ണുകെട്ട്.
സുകുമാരൻ: ഞാൻ പെണ്ണും കെട്ടും. ശമ്പളവും കൂടുതൽ വാങ്ങും.
ശങ്കരമേനോൻ: ആരോട്?
സുകുമാരൻ: സർക്കാരിനോട്. മറ്റാര് തരാനാണ്?
കരുണാകരൻനായർ: കാര്യമില്ല. നിന്റെ കൂക്കിവിളികൊണ്ടൊന്നും ശമ്പളം കൂടുതൽ കിട്ടാൻ പോകുന്നില്ല.
സുകുമാരൻ: കൂക്കിവിളി കൊണ്ടല്ല. അർഹത സമ്പാദിച്ചിട്ട്.  ശമ്പളം കൂട്ടിയാൽമാത്രം  പോരാ. ഇങ്ങനെ ഫയൽ തിന്നാനും വയ്യ.
ശങ്കരമേനോൻ: ഡിമാന്റ് വർദ്ധിക്കുന്നൂ.
സുകുമാരൻ: വർദ്ധിപ്പിക്കാതെ തരമില്ല. ഇതാ, (കരുണാകരൻനായരെ ചൂണ്ടി) ഈ മൂപ്പരെപ്പോലെ വൈകുന്നേരം വീട്ടിലേക്ക് ഒരു ചുമടും ചുമന്നു നടക്കാൻ എല്ലാവർക്കും കഴിയില്ല.
ഭാസ്കരമേനോൻ: പിന്നെ തനിക്കൊക്കെ എന്താടോ രാത്രി പണി?
സുകുമാരൻ: ഉറങ്ങണം.
ഭാസ്കരമേനോൻ: അതുവരെ?
സുകുമാരൻ: ക്ലബ്ബിൽപ്പോണം. കളിക്കണം. സിനിമ കാണണം. വായിക്കണം. ഇങ്ങനെ ഒരായിരംകൂട്ടം!
ശങ്കരമേനോൻ: ഇതെല്ലാം നടത്തണമെങ്കിൽ രാത്രി പോരാ. പകലും വേണം.
ഭാസ്കരമേനോൻ: ഞങ്ങൾക്കാർക്കും കുഴപ്പമൊന്നുമില്ലല്ലൊ.
സുകുമാരൻ: കുഴപ്പം? നല്ല പേര്! നിങ്ങൾക്കൊന്നും  സാമൂഹ്യജീവിതമില്ല.  പിന്നെയെന്ത്  കുഴപ്പം?
ഭാസ്കരമേനോൻ: അതുകൊണ്ടെന്താ? പെൻഷൻ കുറഞ്ഞു പോകുമോ?
സുകുമാരൻ: വർദ്ധിക്കൂല്യ, ഇതിനൊന്നും പോയില്ലാന്ന് വെച്ചിട്ട്.
ഭാസ്കരമേനോൻ: പിന്നെ എന്തിനു പോണമെന്ന്?
സുകുമാരൻ: ജീവിച്ചിരിക്കാൻ. ചുറ്റുമുള്ള ലോകത്തോടൊപ്പം ജീവിച്ചിരിക്കാൻ.  ലോകം മുമ്പോട്ടു പോകുമ്പോൾ കുറച്ചാളുകൾ മാത്രം ഫയലുകൾക്കിടയിൽ കുഴിച്ചുമൂടപ്പെടാൻ പറ്റില്ല. അതുതന്നെ.
ശങ്കരമേനോൻ: അതെല്ലാം സ്ലോഗൻ  ആണ്.
സുകുമാരൻ: അങ്ങനെ തള്ളരുത്. ഈയിടെ പ്രധാനമന്ത്രി വന്നൂലോ. ഞാൻ പോയി. അര ദിവസത്തെ ലീവ് കഷ്ടി  ഞാൻ  തട്ടിയെടുത്തു. ഭാസ്കരമേനോന് ഒരു വിഷമവും ഉണ്ടായില്ലേ, പോവാഞ്ഞിട്ട്?
ഭാസ്കരമേനോൻ: ഒരു  വിഷമവും  തോന്നിയില്ല.
സുകുമാരൻ: ലോകപ്രശസ്തനായ ഒരു വ്യക്തിയെ കാണാൻ തരാവാഞ്ഞിട്ടും!
ഭാസ്കരമേനോൻ: അതിൽ വ്യസനം  ഞങ്ങൾക്ക്  ഒപ്പമാണെടൊ.
സുകുമാരൻ: ഞങ്ങൾക്ക്  എന്നുവെച്ചാൽ?
ഭാസ്കരമേനോൻ: എനിക്കും  പ്രധാനമന്ത്രിക്കും!
സുകുമാരൻ: അതെന്താണാവോ!
ഭാസ്കരമേനോൻ: അദ്ദേഹം  എന്നെയും കണ്ടില്ലലൊ!
സുകുമാരൻ: തീർച്ചയായും  അദ്ദേഹം  കരഞ്ഞിരിക്കും,  താങ്കളുടെ  യഥാർത്ഥസ്ഥിതി മനസ്സിലാക്കിയെങ്കിൽ.
ശങ്കരമേനോൻ: അപ്പോൾ, ഉദ്യോഗസ്ഥന്മാർക്ക്  ബഹുജനങ്ങളെപ്പോലെത്തന്നെ  എന്തും  ചെയ്യാൻ സ്വാതന്ത്ര്യം  വേണമെന്നാണോ വാദം?
സുകുമാരൻ: എന്തും ചെയ്യാൻ സ്വാതന്ത്ര്യം  ഇവിടെ  ആർക്കുമില്ല.   ബഹുജനത്തിന്നുമില്ല.

ഞാനൊരു ക്ലാർക്കാണ്. അതുകൊണ്ട് ബഹുജനങ്ങളിൽപ്പെട്ട ഒരാളല്ലാന്നു വന്നൂടാ.
ഭാസ്കരമേനോൻ: ഓ, മിസ്റ്റർ! പൊതുജനങ്ങൾക്ക് സർക്കാർശമ്പളമില്ല.
സുകുമാരൻ: അതുകൊണ്ടു വിശേഷമൊന്നുമില്ല. എല്ലാരും പണിയെടുക്കുന്നു. പ്രതിഫലവും പറ്റുന്നു. അത് സർക്കാരിൽനിന്ന് പറ്റുന്നവൻ മാടായി ജീവിക്കണമെന്നുണ്ടോ?
ഭാസ്കരമേനോൻ: ഉം. പറയ്. ഇന്നു നിന്റെ ദിവസമാണ്. ഹെഡ്ക്ലാർക്കിന്റെ മുമ്പിൽവെച്ച് മറ്റൊരവസരം കിട്ടില്ല ഇങ്ങനെ കാച്ചാൻ.
ശങ്കരമേനോൻ: അവനോ? അവനിത് എന്നും പറയാറുണ്ട്. കാട്ടുകോഴിക്കുണ്ടോ സംക്രാന്തി? ഫയൽ ബാക്കിവെക്കുന്ന ദിവസം ബാക്കി അദ്ധ്വാനം പ്രസംഗത്തിലാണ്.
കരുണാകരൻനായർ: മാനസികമായ ജീവിതത്തിൽ മിസ്റ്റർ മേനോൻ, നമ്മൾ പിൻതള്ളപ്പെടുന്നുണ്ട്.
സുകുമാരൻ: സാംസ്കാരിക രംഗത്തും. ഉദ്യോഗകാലത്തെ പരിശീലനം പെൻഷൻകാലത്തെ ജീവച്ഛവമാകാൻ വേണ്ടിയാവരുത്.
കരുണാകരൻനായർ: അതേ, എല്ലാ രംഗത്തിലും നമ്മൾ മുന്നേറുകതന്നെവേണം.
ശങ്കരമേനോൻ: അതുകൊണ്ട്, ഒരു കാര്യം: ഫയൽ ബാക്കിയിടരുത്!
ഭാസ്കരമേനോൻ: ഇപ്പോൾ ഉള്ളത് ചുക്കിട്ട് കാച്ചുകയും അരുത്!
സുകുമാരൻ: എല്ലാ വിരുതുകളും കൊണ്ട് നമ്മൾ നമ്മളെത്തന്നെ കെട്ടിയിടുകയാണ്.
കരുണാകരൻനായർ: ശമ്പളം കൂടുതൽ കിട്ടരുതെന്ന് നമ്മൾക്കില്ല.
സുകുമാരൻ: ശമ്പളത്തിന്റെ പ്രശ്നം ഒറ്റക്ക് നില്ക്കില്ല. അതാണ് എനിക്കെപ്പോഴും തോന്നാറുള്ളത്.
ശങ്കരമേനോൻ: പിന്നെ?
സുകുമാരൻ: കൂടുതൽ ശമ്പളം വാങ്ങാനുള്ള അർഹതയും നമുക്കു വേണം.
ശങ്കരമേനോൻ: അതാണ് ഞാൻ പറയുന്നത്, ഫയൽ ബാക്കിയാക്കരുതെന്ന്!
സുകുമാരൻ: അയ്യോ! അതുകൊണ്ടുമാത്രം കാര്യമില്ല. അധികം അദ്ധ്വാനിക്കലല്ല, അധികശമ്പളം വാങ്ങാനുള്ള അർഹത.
ഭാസ്കരമേനോൻ: പിന്നെ മടിപിടിച്ചിരിക്കലാ?
സുകുമാരൻ: അതാണെന്ന് ആരും പറയില്ല. ബുദ്ധിപരവും മാനസികവുമായ അർഹതകളുണ്ട്. അതു നേടാനുള്ള മാർഗ്ഗം ഫയലുകൾ വീട്ടിലേക്ക് കെട്ടലാവില്ല.
കരുണാകരൻനായർ: ദാമ്പത്യരംഗത്ത് താങ്കൾക്കു നല്ലൊരു ഭാവിയുണ്ട്.
ശങ്കരമേനോൻ: അതെന്താ?
കരുണാകരൻനായർ: ഫയലുംകൊണ്ട് വീട്ടിലെത്തുന്നവർക്ക് അവിടെ വലിയ സ്ഥാനം കിട്ടില്ല.
ഭാസ്കരമേനോൻ: അതാണ് ഞാൻ ദാമ്പത്യജീവിതം തന്നെ വേണ്ടെന്നുവെച്ചത്.
സുകുമാരൻ: ഫയലുകളോടുള്ള പ്രേമം! ഭാഗ്യവാൻതന്നെ!

(ഗോപാലൻനായർ പ്രവേശിക്കുന്നു.)

ഗോപാലൻനായർ: പോവാറായില്ലേന്ന് ചോദിക്കുന്നു.
കരുണാകരൻനായർ: (എഴുന്നേറ്റ്) എന്നാൽ പുറപ്പെട്ടേക്കാം. സുകുമാർ, നീ വരുന്നോ?
ഭാസ്കരമേനോൻ: ആങ്, പൊയ്ക്കോ. കുട്ടിയെയെടുക്കാൻ ഇപ്പൊഴേ പരിശീലിച്ചോ.

(പൊട്ടിച്ചിരി.)

കരുണാകരൻനായർ: (ശങ്കരമേനോനോട്) അപ്പോൾ, സൽക്കാരം പൊടിപൊടിച്ചു !
ശങ്കരമേനോൻ: അതിലും പൊടിപൊടിച്ചു, ഈ ഡിസ്കഷൻ. സുകുമാർ, വിപ്ലവമെല്ലാം ശരി. നാളെ ആപ്പീസിൽ വരണം
എല്ലാവരും: നമസ്കാരം! നമസ്കാരം!

(കർട്ടൻ)

രംഗം 3

കരുണാകരൻനായരുടെ വീട്ടിലെ പൂമുഖം. ഒന്നാം രംഗംപോലെ. കല്ല്യാണിക്കുട്ടിഅമ്മയും ലക്ഷ്മിക്കുട്ടിഅമ്മയും സംസാരിച്ചുകൊണ്ട് അകത്തുനിന്നു പ്രവേശിക്കുന്നു.

ലക്ഷ്മിക്കുട്ടിഅമ്മ: അത്രയ്ക്കൊന്നും പരിഭ്രമിക്കാനുള്ള ക്ഷീണല്യ, കല്യാണ്യേടത്ത്യേ. അദ്ദേഹത്തിന് ഈയിടെയായി രാത്രിയിലും ഇരുന്ന് പണി എടുക്കേണ്ടി വര്ണ്ണ്ട്; അതുകൊണ്ടാണ്.

കല്ല്യാണിക്കുട്ടിഅമ്മ: എന്തുകൊണ്ടായാലും അവന്റെ മുഖത്ത് ഒരു വാട്ടം കണ്ടാൽ എനിക്ക് സഹിക്കില്ല. അമ്മ പെറ്റിട്ടു എന്നേള്ളു. ഞാനാ അവനെ എടുത്തുവളർത്തീത്.

ലക്ഷ്മിക്കുട്ടിഅമ്മ: അതെപ്പൊഴും പറയാറുണ്ട്.

കല്യാണിക്കുട്ടിഅമ്മ: ഒക്കത്ത് വെച്ചാൽ കാല് നെലത്തു മുട്ടും. ആ പ്രായത്തിലുംകൂടി ഞാൻ എടുത്തുംകൊണ്ട് നടന്നിരിക്കുന്നു.

ലക്ഷ്മിക്കുട്ടിഅമ്മ: അതേ അതേ. മൂത്ത പെങ്ങൾക്കാണലൊ ഭാരം മുഴുവൻ. (കസേര വലിച്ചിട്ടു പൊടിതുടച്ചുകൊടുക്കുന്നു.)

കല്യാണിക്കുട്ടിഅമ്മ: (ഇരിക്കുന്നു.) നല്ല അനുസരണോം ഉണ്ടായിര്ന്നു. ഒരു ദിവസം തിരുനാവായപ്പുഴേല് കുളിക്കാൻ പോയി. കുട്ടി കയറണ്ടെ വെള്ളത്തീന്ന്! ഒടുക്കം ദേഷ്യപ്പെട്ട് ഞാനൊരു ചുള്ളിക്കോലെടുത്തു. വ്യസനായി അപ്പഴേക്ക്. പിന്നെ തേങ്ങല് നിർത്താൻ ബുദ്ധിമുട്ടി.

ലക്ഷ്മിക്കുട്ടിഅമ്മ: ഹായ്, ഉശിരൻതന്നെ ആയ്ര്ന്നലൊ!

കല്യാണിക്കുട്ടിഅമ്മ: ഏതോ ഒരമ്മ ചോദിക്ക്ാണ് ‘ഇത് മൂത്ത മകനാ?’ ന്ന്! അങ്ങട്ട് പറേണതൊന്നും തള്ള കേക്കില്ല. എന്നിട്ട് തൊടങ്ങി ‘കണ്ടാൽ പെറ്റൂന്ന് തോന്നില്യ. ഇതിന്റെ അച്ഛൻ ഇല്യെ ഇപ്പോ?’ എന്നൊക്കെ. ഞാൻ കുഴങ്ങി.

ലക്ഷ്മിക്കുട്ടിഅമ്മ: ഈ കഥ എന്നോട് പറഞ്ഞിരിക്കുന്നു. ഞങ്ങൾ ഒരു ദിവസം മുഴുവൻ ചിരിച്ചു.

കല്യാണിക്കുട്ടിഅമ്മ: അവിടേം ഒരു ദിവസല്യാ ഇവന്റെ കഥ പറഞ്ഞു ചിരിക്കാതെ. എന്തു കളിയും ചിരിയുമായിരുന്നു! അമ്മയ്ക്ക് ഒക്കെ പെണ്മക്കളല്ലെ! ഇതല്ലെ ഒരാണുണ്ടായൊള്ളു. അങ്ങനെ നെലത്ത്വല്ല, നെറുകേലല്ലാതെ വെച്ചു വളർത്തീതാണേയ്. ഇനി അളിയന്മാർക്കും അതെ, വലിയ കാര്യായിരുന്നു.

ലക്ഷ്മിക്കുട്ടിഅമ്മ: വിശേഷിച്ചും കല്യാണിയേടത്തിടെ ഭർത്താവിനെപ്പറ്റി വളരെ ബഹുമാനിച്ചിട്ടാ പറയാറുള്ളത്.

കല്യാണിക്കുട്ടിഅമ്മ: അദ്ദേഹത്തിന് സ്വന്തം മകനാണ് ഇതെന്നേ വിചാരണ്ടായ്രുന്നൊള്ളു. ബീ.ഏ.യ്ക്കു വായിക്കുമ്പൊ ഞങ്ങടെ അച്ഛൻ മരിച്ചോലോ. പഠിപ്പ് മുടങ്ങും ന്നായി. പണല്യ. എനിക്കു നടാടെ പണ്ടം ഉണ്ടാക്കാൻ തട്ടാന്റെ കയ്യില് സ്വർണ്ണം കൊടുത്തീര്ന്നു. അത് ഉരുക്കിത്തൂക്കി വിറ്റിട്ടാ പണം അയച്ചുകൊടുത്തത്. ‘അവൻ പാസായി വന്നാൽ അതുതന്നെയാ നെണക്കൊരു പണ്ട’ മെന്നും പറഞ്ഞു. എനിക്കാണെങ്കിലോ പണ്ടം കെട്ടിയാൽ ഇത്ര അഭിമാനണ്ടാവില്യ. ഇന്നലെ കഴിഞ്ഞപോലെ തോന്നുണു, അതൊക്കെ.

ലക്ഷ്മിക്കുട്ടിഅമ്മ: കാലം എത്രവേഗമാ പറക്കണത്!

കല്യാണിക്കുട്ടിഅമ്മ: ഇന്നിപ്പൊ ഞാനും, ഒന്നിനും ആവാത്ത ഒരു പെണ്ണും ഒറ്റയ്ക്കായി!

ലക്ഷ്മിക്കുട്ടിഅമ്മ: രണ്ടു കൊല്ലം കഴിഞ്ഞാൽ അവൾക്കും ഒരു കരയാവും. കല്യാണ്യേടത്തി കഷ്ടപ്പെടില്ല.

കല്യാണിക്കുട്ടിഅമ്മ: അവളുടെ സ്കൂൾഫൈനൽ പരീക്ഷ കഴിഞ്ഞാൽ എന്തെങ്കിലും ഒരു ചോറാവുംന്ന് വിചാരിച്ചിര്ന്നു ഞാൻ. അല്ലെങ്കില് പെണ്ണിന്റെ ഭാഗ്യം പെരുവഴീല് എന്നില്ലേ? അങ്ങനെ ഒരാള് വന്നൂടായ ഉണ്ടൊ? എന്നാൽ ഉദ്യോഗത്തിനും അയക്കേണ്ടീര്ന്നില. പക്ഷേ, തലേലെഴുത്തു വേണ്ടെ? ശ്രമിക്കാനും ഒരാളില്ല!

ലക്ഷ്മിക്കുട്ടിഅമ്മ: അങ്ങനെ ഒക്കെ ശ്രമിച്ചിട്ട് ഒരാളെ ഉണ്ടാക്ക്യാൽ അത് നെലനില്ക്കും എന്ന് എന്താ തീർച്ച? അതൊക്കെ വിധിപോലേ വരൂ. വിധിയുണ്ടെങ്കില് ആ മുഹൂർത്തത്തില്

എവിടുന്നായാലും എത്തും. ഞങ്ങളാരും സ്വപ്നത്തിൽപ്പോലും ആലോചിച്ചതല്ലലോ ഈ ബന്ധം.

കല്യാണിക്കുട്ടിഅമ്മ: അതേ അതേ. നീ പറേണതാ ശരി.

(കരുണാകരൻനായർ പുറത്തുനിന്നു വരുന്നു. ഒന്നാം രംഗത്തിലെ അതേ വേഷം. വന്നവഴി ഫയലുകൾ മേശപ്പുറത്തിടുന്നു. കല്യാണിക്കുട്ടിഅമ്മ എഴുന്നേല്ക്കുന്നു.)

കരുണാകരൻനായർ: അല്ലാ, ഏടത്തി എപ്പഴേ വന്ന്?

കല്യാണിക്കുട്ടിഅമ്മ: ഞാൻ ഉച്ചയ്ക്ക് എത്തി. ആവു. നന്നേ വിഷമിച്ചു. തീരെ നടക്കാൻ വയ്യ. രാവിലെ കുത്തിയെഴഞ്ഞ് റോഡിലെത്തിയപ്പഴേക്ക് ബസ്സ് പോന്നുകഴിഞ്ഞു. പിന്നെ അവിടെ കാത്തിരുന്നു.

കരുണാകരൻനായർ: മീനാക്ഷിക്കുട്ടി വന്നിട്ടില്ലേ?

കല്യാണിക്കുട്ടിഅമ്മ: പുറപ്പെട്ടു. പക്ഷേ, ഞാൻ കൂട്ടീല. അത് നല്ലകാലാ; അല്ലെങ്കില് ആ പെൺകിടാവിനെയുംവെച്ച് ആ വഴിവക്കത്ത് നിക്കണ്ടിവന്നീരുന്നു, മൂന്നുമണിക്കൂറ് !

കരുണാകരൻനായർ: അപ്പൊ, ഒരു കാർഡിങ്ങട്ട് അയക്കായ്ര്ന്നില്ലേ? എന്നാൽ ഞാൻ വന്നിട്ട് ഇങ്ങട്ട് കൊണ്ടന്നീര്ന്നലൊ. എന്തേ, ഇത്ര പൊടുന്നനെ? വിശേഷമൊന്നൂല്യലൊ?

കല്യാണിക്കുട്ടിഅമ്മ: വിശേഷം ഒന്നൂല്യ. നീയിരിക്ക്. എന്താ, ആപ്പീസിന്ന് വന്നാൽ കുപ്പായം അഴിച്ചിടല് ഒന്നൂല്യേ?

കരുണാകരൻനായർ: (കോട്ടൂരിയിടുന്നു.) അഴിക്കാതിരിക്ക്യാ ഭേദം. ആപ്പീസില് കോട്ടിട്ട് പണിയെടുക്കല്; വീട്ടില്, കോട്ടൂരി പണിയെടുക്കല്: ഇത്രേ വ്യത്യാസള്ളൂ കുറച്ചു കാലായിട്ട്.

കല്യാണിക്കുട്ടുഅമ്മ: അതെന്താ ഇപ്പോ ഇത്രെ പണിക്കൂടുതല്?

കരുണാകരൻനായർ: എന്റെ സെക്സഷനില് വേണ്ടേടത്തോളം ആളില്ല. ഒരു ടെമ്പററി ഹാന്റിനെയെങ്കിലും വെക്കാനെഴുതിയാൽ മറുപടിയുമില്ല.

കല്യാണിക്കുട്ടിഅമ്മ: അപ്പൊ, ഇവർക്കെന്താ ചേതം, ഒരാൾക്കും കൂടി പണികൊടുത്താല്? ലക്ഷ്മിക്കുട്ട്യേ, അവന് ചായ കൊടുക്ക്.

ലക്ഷ്മിക്കുട്ടിഅമ്മ: ആ, ഞാനതു മറന്നു. (പോകുന്നു.)

കരുണാകരൻനായർ: ഏടത്തി ഇരിക്കൂ. (ഇരിക്കുന്നു.)

കല്യാണിക്കുട്ടിഅമ്മ: (ഇരുന്നിട്ട്) മീനാക്ഷിക്കുട്ടിയെ ട്രെയിനിങ്ങിന്ന് എടുത്തിട്ടുണ്ട്.

കരുണാകരൻനായർ: ഉവ്വോ? അതു നന്നായി. എവിടെയാ?

കല്യാണിക്കുട്ടിഅമ്മ: കോഴിക്കോട്ടാണ്.

കരുണാകരൻനായർ: അടുത്തായലോ.

കല്യാണിക്കുട്ടിഅമ്മ: ഇനി എന്താ വേണ്ടത്?

കരുണാകരൻനായർ: അയക്കണം. അവിടെ ഹോസ്റ്റലും മറ്റുമുണ്ട്.

കല്യാണിക്കുട്ടിഅമ്മ: അതു ശരി. ഹോസ്റ്റലും മറ്റുമുണ്ടാവും.

കരുണാകരൻനായർ: പിന്നെ, ഞാനവിടെ കൊണ്ടുപോയാക്കാം. കോഴിക്കോട്ട് ഒരന്യസ്ഥലമൊന്നുമല്ല. നമ്മളുടെ ആളുകൾ ധാരാളമുണ്ടവിടെ. അവൾക്ക് ഒരു ബുദ്ധിമുട്ടും വരില്ല. ഒരു ചാൻസ് കിട്ടിയസ്ഥിതിക്ക് അത് കളയരുത്.

കല്യാണിക്കുട്ടിഅമ്മ: അതൊക്കെ ശരി; പക്ഷേ, നീയെന്തറിഞ്ഞിട്ടാ പറേണത്?

കരുണാകരൻനായർ: എനിക്ക് മനസ്സിലാവ്ണില്യ.

കല്യാണിക്കുട്ടിഅമ്മ: പണം വേണ്ടേ? കണക്കു കൂട്ടി നോക്കി. ഇപ്പോൾ അവിടെയങ്ങട്ട് കൊണ്ടുപോയിചേർക്കണങ്കില് നൂറ്റിയിരുപതുറുപ്പിക വേണം. എന്റെ കയ്യിലോ നൂറ്റിയിരുപത് കാശൊട്ടില്യേനീം.

(കരുണാകരൻനായർ നിശ്ശബ്ദനായിരിക്കുന്നു.)

ഞാൻ ഇതുവരെയും നിന്നെ ബുദ്ധിമുട്ടിച്ചിട്ടില്ല. ഈ കാര്യം നീയൊന്നു സാധിപ്പിച്ചുതരണം. നെണക്കും ബുദ്ധിമുട്ടുണ്ടാവും. പക്ഷേ, ആ കൂട്ടത്തില് ഇതും കൂടി ഒന്നു നേരെയാക്കിത്തായൊ. അവളുടെ അച്ഛനുണ്ടെങ്കില്, നെണക്കറിയാലോ, ഒരു ഭാരവും നെണക്ക് വന്നിര്ന്നീല. ഇപ്പൊ ഇനി ഞങ്ങൾ ആരടെയടുക്കൽ ചെന്നിട്ടാ പറയ്യാ.

(കരുണാകരൻനായർ എഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടം ലാത്തുന്നു.)

എങ്ങനേങ്കിലും രണ്ടു കൊല്ലം കഴിഞ്ഞാൽ അതിനൊരു ചോറായി.

കരുണാകരൻനായർ: ഏടത്തീ, നിങ്ങൾ ഇങ്ങനെ ഒരാവശ്യം പറയുമ്പോൾ അങ്ങനെ ആട്ടെ എന്നു പറയാനേ എനിക്കു നാപ്പേരൂ. പക്ഷേ, ഒരു നിവൃത്തില്യ. ഇക്കണ്ട കാലമൊക്കെയായിട്ടും ഒരു പൈ ഞാനുണ്ടാക്കീട്ടില്ല. ഞാനെന്താ പിന്നെ ചെയ്യണത്?

കല്യാണിക്കുട്ടിഅമ്മ: നോക്ക്, ഒരാൺകുട്ടിയല്ല. എന്നാൽ പഠിക്കാനൊന്നും പറഞ്ഞയച്ചില്ലെങ്കിലും അവന്റെ എടം അവൻ നോക്കും. ഇതൊരു പെണ്ണല്ലേ? ഒരു പെണ്ണിനെയല്ലേ എനിക്ക് ദൈവം തന്നൊള്ളു.

കരുണാകരൻനായർ: അതു ശരി. പക്ഷേ, എല്ലാം കിടക്കുന്നത് എന്റെ സാദ്ധ്യതേമ്മിലാണ്.

കല്യാണിക്കുട്ടിഅമ്മ: ഞാനതിന് ഞങ്ങളുടെ നിത്യച്ചെലവൊന്നും ചോദിക്കണില്ലലൊ. നെണക്കറിഞ്ഞൂടേ, ഇക്കാലത്ത് ഒരു മുതിർന്ന പെണ്ണിനെ കൊണ്ടുനടത്തണങ്കില് എന്തുവേണം? ഞാൻ ഇന്നുവരെ നെന്നോട് ചോദിച്ചിട്ടില്ല. ഇന്നിതാ എന്നെക്കൊണ്ട് പൊന്തില്ല ഇത്. അതാ നെന്റെ അടുത്തു വന്ന്.

കരുണാകരൻനായർ: ഏട്ടത്തിക്ക് ഞാൻ പറേണത് മനസ്സിലാവ്ണില്ല. നിങ്ങൾ അർഹിക്കുന്നില്ല എന്നല്ല ഞാൻ പറേണത്. എനിക്ക് സാദ്ധ്യത ഇല്ലാന്നാ.

കല്യാണിക്കുട്ടിഅമ്മ: ഞാൻ എന്റെ വെസനം പറേണൂ.

കരുണാകരൻനായർ: എന്റെ വ്യസനം ഇനി ആരോടാ പറേണ്ടത്?

കല്യാണിക്കുട്ടിഅമ്മ: നെണക്ക് ഈശ്വരൻ സഹായിച്ചിട്ട് എന്റെ മാതിരി ഒന്നൂല്യാണ്ടായിട്ടില്ലലൊ.

കരുണാകരൻനായർ: ഇല്യ. ഉദ്യോഗമുണ്ട്. ശമ്പളമുണ്ട്. ഈശ്വരാ, ഇതു രണ്ടും ഉണ്ടായിരുന്നില്ലെങ്കില് ഇത്ര മനോവേദന കൂടാതെ കഴിക്കായിരുന്നു. എത്ര സാധുക്കളുണ്ട് ഈ ലോകത്തിൽ ജീവിക്കുന്നു! ഉദ്യോഗവുമില്ലാതെ, ശമ്പളവുമില്ലാതെ. അവർക്കുമുണ്ട് എന്നേക്കാൾ സുഖവും സമാധാനവും.

കല്യാണിക്കുട്ടിഅമ്മ: ഏ്, എന്താ നെണക്ക് ഇത്ര വലിയ കഷ്ടപ്പാട്? കടമുണ്ടോ?

കരുണാകരൻനായർ: കടമില്ല. ഉണ്ടാവാനും വയ്യ. മാസാന്തം വീടാത്ത കടം ഞങ്ങൾക്ക് ആരും തരില്ല. എന്നാൽ കടമില്ലേ? നിത്യച്ചെലവ് കടമാണ്. മുപ്പതുദിവസവും കടം. മുപ്പതാം ദിവസം വീട്ടിയാൽ അന്നുമുതൽക്ക് വീണ്ടും കടം. എന്താ ഏട്ടത്തി പറേണത്? നൂററുറുപ്പികയുണ്ട്. ഈ വാടകവീട്ടിൽ ഞങ്ങൾ കഴിയണം. എന്നുവെച്ചാൽ കുടിക്കണ വെള്ളത്തിനുകൂടി ഞങ്ങൾ വിലകൊടുക്കണം എന്നർത്ഥം. ഞങ്ങളോ തൊട്ടെണ്ണം ഏഴ് ആളുണ്ട്. വിറകു വേണം. വസ്ത്രം വേണം. സ്ക്കൂൾച്ചിലവുവേണം. മരുന്നു വേണം. ഞാനെന്തു ചെയ്യുമെന്നാണ് നിങ്ങളുടെ ഒക്കെ ആലോചന?

കല്യാണിക്കുട്ടിഅമ്മ: കെട്ടിയിരുപ്പുണ്ട് എന്നൊന്നും ആർക്കും വിചാരമില്ല.

കരുണാകരൻനായർ: ഉണ്ടെന്നാണ് തോന്നുന്നത്.

കല്യാണിക്കുട്ടിഅമ്മ: ഇത്രയ്ക്കൊക്കെ പറയാനുണ്ടോ നെണക്ക്, ഞാനൊരാവലാതി പറഞ്ഞതിന്!

കരുണാകരൻനായർ: ഇല്യ. പക്ഷേ, ഞാനൊന്നും ചെയ്തിട്ടില്ല എന്ന സ്വരത്തിലാണലൊ സംസാരിക്കുന്നത്. നിങ്ങളൊക്കെ കഴിയുന്ന മുതല് എനിക്കുംകൂടി അവകാശപ്പെട്ടതല്ലെ? ഞാൻ വല്ലതും കൊണ്ടുവരാറുണ്ടൊ? അത് എന്റെ വകയായി നിങ്ങൾ അനുഭവിച്ചോട്ടെ എന്നുവച്ചിട്ടല്ലെ? എന്നിട്ടും ഞാൻ ആർക്കും ഒന്നും കൊട്ക്ക്ണില്ലാന്നുതന്നെ!

(കല്യാണിക്കുട്ടിഅമ്മ നിശ്ശബ്ദയായിരിക്കുന്നു. അവരുടെ കണ്ണിൽ വെള്ളം നിറയുന്നുണ്ട്.)

മരുമകളെ ട്രെയിനിങ്ങിന്നയയ്ക്കണം. ഏട്ടത്തിക്ക് അവളേ ഉള്ളു. അതൊക്കെ ശരിയാണ്, ചെയ്യാൻ ഞാൻ ബാദ്ധ്യസ്ഥനുമാണ്. പക്ഷേ, എങ്ങനെയാണ് ചെയ്യേണ്ടത് എന്നുകൂടി പറഞ്ഞുതന്നാൽ ഞാൻ ചെയ്യാം. പ്രോവിഡന്റ് ഫണ്ടിൽനിന്ന് കിട്ടാവുന്നെടത്തോളം വാങ്ങീട്ടാണ് ഒരിക്കൽ കടമൊക്കെവീട്ടിയത്. പിന്നെയും അത്രയ്ക്കത്രയായി. ഫണ്ടിലത്തെ സംഖ്യ മുഴുവൻ അടച്ചിട്ടൂല്യ. എന്റെ കുട്ടികളെ ഒന്നിനെ വിറ്റാൽ പണം കിട്ട്വോ? ഏട്ടത്തിക്കുവേണ്ടി ഞാനതുംചെയ്യാം. (ഇരിക്കുന്നു.)

(ലക്ഷ്മിക്കുട്ടിഅമ്മ പ്രവേശിച്ചു ചായ കൊണ്ടുവന്നു വെക്കുന്നു)

കല്യാണിക്കുട്ടിഅമ്മ: എനിക്കും എന്റെ കുട്ടിക്കുംവേണ്ടി നീ കഷ്ടത്തിലാവണ്ട. എനിക്കിപ്പോ മീനാക്ഷിക്കുട്ടിയെക്കുറിച്ചല്ല വ്യസനം. പെണ്ണല്ലേ, പെരുകാഞ്ഞാൽ മതി. ഒരു മുക്കിലിരുന്നോട്ടെ. നെന്റെ സ്ഥിതി അറിയാതെ ഞാനും വന്നൂലോ ബുദ്ധിമുട്ടിക്കാൻ! ഏടത്തി അറിയാതെ ചെയ്തതാന്ന് നീ സമാധാനിച്ചോ. ഏതായാലും കൊറച്ചുംകൂടി കരുതി ചെലവാക്ക്, അതിചിലവാ ചെയ്യുണൂന്ന് വെച്ചിട്ട് പറയല്ല. അവരവരടെ കുട്ടികൾക്ക് അവരവരേ ഉണ്ടാവുള്ളു. അവറ്റെ കഷ്ടത്തിലാക്കര്ത്. മനുഷ്യന്റെ സ്ഥിതിയാ. (മെല്ലെ എഴുന്നേറ്റ്) നീ ചായ കുടിക്ക്. ഞാനൊന്നു കെടക്കട്ടെ. (തിരിഞ്ഞ് മേൽമുണ്ടുകൊണ്ട് കണ്ണൊപ്പി അകത്തേക്കു പോകുന്നു.)

(കരുണാകരൻനായർ നിശ്ശബ്ദനായി കുനിഞ്ഞിരിക്കുന്നു. ലക്ഷ്മിക്കുട്ടിഅമ്മ കർത്തവ്യമൂഢപോലെ നില്ക്കുന്നു.

ലക്ഷ്മിക്കുട്ടിഅമ്മ: ചായ കുടിക്കൂ.

(കരുണാകരൻനായർ അനങ്ങുന്നില്ല.)

സാദ്ധ്യത ഉണ്ടെങ്കിലല്ലേ സഹായിക്ക്യാ? ഏടത്തിക്കത് മനസ്സിലാവില്ലേ!

കരുണാകരൻനായർ: (കലങ്ങിയ കണ്ണോടെ മുഖമുയർത്തി) ലക്ഷ്മിക്കുട്ടി, അവർ എന്റെ അമ്മയാണെങ്കിൽ എനിക്ക് വ്യസനല്യ. അവരുടെ ഭർത്താവിന്റെ പണം കൊണ്ടാണ് ഇന്നീ ഉദ്യോഗം കിട്ടാനുള്ള പരീക്ഷ ഞാൻ പാസായത്. ആ സ്ത്രീ സ്വന്തം മകൾക്ക് ഒരുപജീവനമാർഗ്ഗം തേടി എന്റെയടുത്തു വന്നപ്പോൾ ഒരു നല്ല വാക്കുകൂടി എനിക്ക് പറയാനില്ല! (നിശ്ശബ്ദമായ നിമിഷങ്ങൾക്കുശേഷം വികാരാവേശത്തോടെ) ഞാനൊരു നായയാണ്!

ലക്ഷ്മിക്കുട്ടിഅമ്മ: അയ്യയ്യേ! ഇത് ആണത്തല്യാത്ത ഏർപ്പാട്. അത്രയ്ക്കൊന്നും ആയിട്ടില്ല. ഏട്ടത്തിടെ ആവശ്യം നമ്മൾക്ക് നടത്താം. ഈ ചായ കുടിക്കൂ.

കരുണാകരൻനായർ: എങ്ങനെ?

ലക്ഷ്മിക്കുട്ടിഅമ്മ: ഈ ചെയിൻ എടുത്തു വിറ്റോളൂ.

കരുണാകരൻനായർ: എന്നിട്ട്? നെന്റെ അമ്മയും ഏട്ടനും വരുമ്പോൾ നീ വെറുങ്കഴുത്തായി നില്ക്കണം. അവർക്കെന്താ തോന്ന്വാ? ഭാര്യയുടെ കഴുത്തറുത്ത് മരുമകളെ പഠിപ്പിച്ചു ഈയാളെന്ന്. അല്ലേ?

ലക്ഷ്മിക്കുട്ടിഅമ്മ: അവർക്കെന്തും തോന്നിക്കോട്ടെ. അവർക്കെന്തു തോന്ന്യാലും നമ്മൾക്കൊന്നൂല്യ

കരുണാകരൻനായർ: എനിക്ക് എന്റെ ഏടത്തിയെപ്പോലെ അല്ലേ നിനക്ക് നിന്റെ ഏട്ടനും? പിന്നീട് വ്യസനിക്കാനുള്ള ത്യാഗമൊന്നും ആരും ചെയ്യരുത്.

ലക്ഷ്മിക്കുട്ടിഅമ്മ: (ചെയിൻ ഊരിക്കൊണ്ട്) എനിക്ക് എന്റെ മാത്രായിട്ട് ഒരാളേ ഉള്ളു. ആ ആളുടെ മേല് ഒരാൾക്കും ഒരു ബാദ്ധ്യതയും വേണ്ട. അതിപ്പൊ ഒരു ത്യാഗം ചെയ്യലൊന്ന്വല്ല. അതിലും മീതെ എനിക്കൊരു ചങ്ങലയും ഇല്ല.

കരുണാകരൻനായർ: (അമർഷത്തോടെ ദൂരെയ്ക്കു നോക്കി) ഒരുദ്യോഗസ്ഥന്റെ ഭാര്യ വെറുങ്കഴുത്തായിട്ടേ നടന്നൂടു. സുകുമാർ, പ്രത്യക്ഷരം ശരിയാണ് നീ പറേണത്. (ലക്ഷ്മിക്കുട്ടിഅമ്മയുടെ മുഖത്തു നോക്കി) ലക്ഷ്മിക്കുട്ടീ, നീയീ വലിച്ചെറിയുന്ന ചങ്ങല എന്റെ ആത്മാവിനെ എന്നെന്നും കുടുക്കിയിടട്ടെ!

ലക്ഷ്മിക്കുട്ടിഅമ്മ: ചായ കുടിക്കൂ, എത്ര നേരായി!

(കരുണകരൻനായർ ചായകുടിക്കുന്നു)

എന്റെ മോഹം – അതേ, നന്നെ മോഹണ്ടായ്രുന്നു ചങ്ങലയ്ക്ക്; അല്ലെങ്കിൽ അന്നിത്ര ബുദ്ധിമുട്ടിച്ചീര്ന്നില്ല – എന്തായാലും അത് കുറച്ചുദിവസത്തേക്കെങ്കിലും ഈശ്വരൻ സാധിപ്പിച്ചൂലോ. അതും സാധിക്കാത്തോര് എത്രയുണ്ട്! ഈശ്വരൻ ഒരു വലിയ കടപ്പാടിലേക്കും ഇത് ഉപകരിപ്പിച്ചൂലോ.

കരുണാകരൻനായർ: (എഴുന്നേറ്റ് ചെയിൻ വാങ്ങിക്കൊണ്ട് ) ഏട്ടത്തിയോട് സമാധാനായിരിക്കാൻ പറയൂ. നീയിചെയ്യുന്നത് എന്താണെന്ന് എനിക്കറിയാം. നീയൊരു ഭാര്യയല്ല. ഭാര്യയിൽ അലങ്കാരഭ്രമമുണ്ട്. നിന്നിൽ ത്യാഗമേ ഉള്ളു. നീ ഒരമ്മയാണ്!

(കരുണാകരൻനായരും ലക്ഷ്മിക്കുട്ടിഅമ്മയും അന്യോന്യം നോക്കി നില്ക്കുന്നു)

(കർട്ടൻ)

# തിരിച്ചെത്തൽ

**കഥാപാത്രങ്ങൾ**

**കേളുമേനോൻ: മദ്ധ്യവയസ്കൻ; പ്രതാപി; പിന്നീടൊരു സന്ന്യാസി.**
**ഭാസ്കരൻ: ചെറുപ്പക്കാരൻ; കഴിവുകളുണ്ടെങ്കിലും ദുർബലൻ**
**കുഞ്ഞാലി: മദ്ധ്യവയസ്സുകഴിഞ്ഞ ഒരു കർഷകൻ**
**ചാത്തപ്പൻ: ചെറുപ്പക്കാരനായ ഒരു കാർഷികത്തൊഴിലാളി**
**പണിക്കർ: ചപലനായ ചെറുപ്പക്കാരൻ**
**കിട്ടൻനായർ: വൃദ്ധൻ; പല്ലുകൊഴിഞ്ഞ സിംഹം.**
**മാസ്റ്റർ: ദൗർബല്യങ്ങളെ സമാധാനവാഞ്ഛയായി ഗണിച്ചിട്ടുള്ള യുവാവ്.**
**കുമാരൻ: ഒരു ആശ്രമപരിചാരകൻ.**
**കൃഷ്ണമേനോൻ: കേളുമേനോന്റെ മരുമകൻ – ഭാസ്കരന്റെ തുടർച്ച**
**പാറുക്കുട്ടിഅമ്മ: മദ്ധ്യവയസ്കയായ ഒരു തറവാട്ടമ്മ. കിട്ടൻ നായരുടെ പെങ്ങൾ.**
**ലീല: പാറുക്കുട്ടിഅമ്മയുടെ മകൾ; ശാലീനപ്രകൃതിയായ പെൺകിടാവ്**
**ശാരദ: കിട്ടൻനായരുടെ മകൾ; ധീരതയും തന്റേടവുമുള്ള പെൺകുട്ടി.**

രംഗം 1

(പ്രഭാതം. നെൽവയൽ, നടുവിൽ ഒരു ചെറിയ വെള്ളച്ചാൽ. ചെറുപ്പക്കാരനായ ഭാസ്കരൻ വെള്ളം തിരിക്കയാണ്. മദ്ധ്യവയസ്സുകഴിഞ്ഞ കേളുമേനോൻ ഒരറ്റത്തു പ്രവേശിക്കുന്നു)

കേളുമേനോൻ: കൊത്തരുത്. എടാ കൊത്തല്ലേന്ന്. വെക്കവിടെ കൈക്കോട്ട്!

ഭാസ്ക്കരൻ: (നിവർന്നു തിരിഞ്ഞുനോക്കി) കേളുമേനോനോ? ഇത് നിങ്ങടെ കൈക്കോട്ടല്ല. എന്റെയാ!

കേളുമേനോൻ: എടാ, കൈക്കോട്ട് എന്റെയൊ നിന്റെയൊ എന്നല്ല – ചോലവെള്ളം ഇപ്പൊ എന്റെയാ. അതാ പറഞ്ഞത്. അതു തിരിക്കരുത്.

ഭാസ്കരൻ: ചോലവെള്ളം നിങ്ങളുടെയോ? എന്നു മുതല്ക്ക്?

കേളുമേനോൻ: എനിക്കു തോന്നിയപ്പോൾ മുതല്ക്ക്. എടാ, എടത്തിലെ ഭാസ്കരന് അത്രയ്ക്കായോ? കേളുനെക്കൊണ്ട് ഉത്തരം പറേപ്പിക്കാറായോടാ, പുഴുപുഴുപോലത്തെ നിയ്യ്!

ഭാസ്കരൻ: നിങ്ങളെന്തിനാണ്, ഹേ, മേക്കട്ടുകേറണത്? ഇന്നലെവരെ ഈ വെള്ളല്ലേ ഞാൻ തിരിച്ചത്? ഞാനല്ല; ഈ കൃഷിക്കാരൊക്കേം. ചോദിച്ചതു തെറ്റായിരിക്കും.

കേളുമേനോൻ: അയ്യ! തിരിച്ചിരുന്നു ഇല്ലേ? എടാ! ഇത് മേടായി മാസം; അറീല്ലെ? എല്ലാവരും വെള്ളം തിരിച്ച് ചോല വറ്റ്യാൽ ഇക്കണ്ട എന്റെ പുഞ്ചമുഴുവനും പിന്നെ തുപ്പി നനക്കേ? നല്ല കഥ! ഇതുവരെ തിരിക്കാൻ ഞാൻ സമ്മതിച്ചതാ തെറ്റ്, അല്ലേ?

ഭാസ്കരൻ: നിങ്ങള് സമ്മതിക്കണോ ഹെ, പൊതുചോലേന്ന് വെള്ളം തിരിക്കാൻ?

(കുഞ്ഞാലി പ്രവേശിക്കുന്നു.)

കുഞ്ഞാലി: എന്താ നായരുട്ടി. മേനോച്ചനും തമ്മില്? നിക്കാൻ സ്ഥലല്യാഞ്ഞിട്ടാ കുട്ട്യേ തെരക്ക്ണ്. ഈ ഒഴിഞ്ഞ കണ്ടെത്തില്?

ഭാസ്കരൻ: (കുഞ്ഞാലിയെ ചൂണ്ടി) ഇതാ, ഈ കുഞ്ഞാലി ഇതീന്നല്ലെ തിരിച്ചത്, അയാളുടെ കണ്ടെത്തിലേക്ക്? അതെന്തേ നിങ്ങള് തടയാഞ്ഞത്?

കേളുമേനോൻ: കുഞ്ഞാലി മേലേ ഒടിക്കാറനല്ലെ? ഓനെ നിയ്യ് തടഞ്ഞോ? നിയ്യും ഞാനുല്ലെ താഴത്തെ ഒടിക്കാര്?

കുഞ്ഞാലി: കുഞ്ഞാലീനെ ആരും തടേല്യേച്ചോളിൻ. ഏലേരിച്ചോലേന്നു പടച്ചോൻ ബിട്ടയക്കണ ബെള്ളം; കുഞ്ഞാലീന്റെ കൈയിലെ കായി കൊടുത്തുണ്ടാക്കിയ കൈക്കോട്ടും. തട്യാനും പുടി

ക്കാനും ഇബടാരെങ്കിലും ചോലേം വെള്ളോം പാടെ എടുത്തുകൊണ്ടുപോവ്ണുണ്ടോ?
കേളുമേനോൻ: ഈ വരണ വെള്ളം എന്റെ നെല്ലിന തെകേള്ളു. അതൊണങ്ങ്യാൽ പററില്യ.
ഭാസ്കരൻ: അപ്പൊ എന്റെ നെല്ല് ഒണങ്ങ്യാലോ? നിങ്ങളെന്താഹേ സ്വാർത്ഥം മാത്രം നോക്കണത്? ഇതു കേട്ടില്ലേ കുഞ്ഞാലിക്കാ, നിങ്ങള്?
കുഞ്ഞാലി: അതേയ് നായരുട്ട്യേ, കേളോൻ ബെശർത്തുണ്ടാക്ക്ണ നെല്ലൊണക്കാൻ കേളോൻ സമ്മതിക്കില്യാന്ന്! അത് കാര്യല്ലെ?
(ഭാസ്കരൻ കർത്തവ്യമൂഢനായി നിൽക്കുന്നു)
കേളുമേനോൻ: (താണസ്വരത്തിൽ തുടങ്ങി ക്രമേണ സ്വരം ഉയർത്തിക്കൊണ്ട്) എടാ, ഭാസ്കരാ, ചോദിക്ക് പോയിട്ട്; നെന്റെ ആ മുതുക്കനില്ലെ, കാരണവരേയ്, കിട്ടൻനായര്; ഇപ്പൊ വെണ്ണീറ്റിൻകുഴിയിലെ തന്തനായിന്റെ മാതിരി ആ മുക്കിൽക്കിടന്നു മുരളുന്നില്ലെ; ഓനോട് ചോദിക്ക്: വെള്ളണ്ടെങ്കില് എല്ലാർക്കും തിരിക്കാം. കൊറവാണെങ്കില് കയ്യൂക്കുള്ളോൻ തിരിക്കും, ന്ന് ഓൻ പറയും. (അധികം ക്രുദ്ധനായിട്ട്) പോ, പോയ് ചോദിക്ക്. ഓന്റെ പ്രതാപം കഴിഞ്ഞൂന്നും പറേടാ, പറേടാ! (രൗദ്രഭീമനെപ്പോലെ നിൽക്കുന്നു)
ചെറുപ്പക്കാരനായ ചാത്തപ്പൻ പ്രവേശിക്കുന്നു.
ചാത്തപ്പൻ: മ്പ്രാനേയ്! ചെറിയമ്പ്രാൻ തിരിച്ചാലും ഇബടയ്ക്ക് വെള്ളണ്ടാവും. അല്ലെങ്കില് വല്യമ്പ്രാ ആദ്യം തിരിച്ചോളിൻ. എന്നിട്ടു മതി ചെറിയമ്പ്രാന്ന്.
കേളുമേനോൻ: നിയ്യ് പോടാ. ഞാൻ തിരിക്കണ്വോ ഇല്യോ, അതെന്റെ കാര്യം. ഇവറ്റക്ക് ഒരു തുള്ളി ഇതീന്ന് കൊടുക്കില്യ.
കുഞ്ഞാലി: അപ്പൊ, അതിന്റെ ഹിക്ക്മത്ത് ഇത് തന്നെ നായരുട്ട്യേ. നിങ്ങള് ബെശർത്തുണ്ട്യാക്ക്യ പുഞ്ചഒണങ്ങണംന്ന്തന്നെ. തമ്പ്രാനും ചെറുമച്ചെക്കനുകൂടി ബൈക്ക്യേങ്കി നോക്കിക്കോളീന്നു ചുരുക്കം.
ചാത്തപ്പൻ: അത് കഷ്ടാവേ മ്പ്രാനേ. നയിച്ച്ണ്ടാക്ക്യെ പുഞ്ച നിന്നൊണങ്ങ്യാല് ദോഷാണേ.
കേളുമേനോൻ: പാടില്യ ചാത്തപ്പാ. കരിഞ്ഞ്പോണം. ഇവന്റെ കാരണോരടെ നല്ല കാലത്ത്, നെണക്കറിയ്യൊ, ഞാനന്നു ചെക്കൻ; എന്റെ നെല്ല് കതിര് വരാതെയല്ലെ വൈക്കോലായത്?
ഭാസ്കരൻ: അപ്പൊ നിങ്ങള് പകരം വീട്ടാണ്. ഹേ, പക നന്നല്ല.
കേളുമേനോൻ: അസ്സലാ. ഉശിരുണ്ടെങ്കില്.
ഭാസ്കരൻ: എന്നാ ഞാൻ പക്ഷേ, തിരിക്കും.
കേളുമേനോൻ: (സ്വരം മാറി) തിരിക്കില്ല.
ഭാസ്കരൻ: തിരിക്കും.
കേളുമേനോൻ: (ഓരോ അടി മുമ്പോട്ടു വെച്ചുകൊണ്ട്) തിരിക്കില്ലെടാ. എടുക്കെടാ കൈക്കോട്ട്. ഓടെടാ!
ചാത്തപ്പൻ: (പരിഭ്രമിച്ച്) അയ്യോ! വേണ്ട മ്പ്രാനേ. ചെറിമ്പ്രാനേ! ഓടിക്കോളിൻ!
കുഞ്ഞാലി: (ഒരടി മുമ്പോട്ടുവെച്ച്) അല്ലെങ്കി നിങ്ങളിപ്പൊ എന്താ ആ കുട്ടിയെ ചെയ്യ്വാ? എന്നാ വരീ, മേനനച്ചാ, തണ്ടും തടീള്ള പുരുശന്മാരുടെ അടുത്ത് ബരി. കുഞ്ഞാലിയാ തിരിക്ക്ണ്. (തിരിഞ്ഞു ഭാസ്കരനോട്) ഇങ്ങട്ടു തരീൻ കുട്ട്യേ. കൈക്കോട്ട്!
ഭാസ്കരൻ: (രണ്ടടി പിൻമാറി നിന്നുകൊണ്ട്) വേണ്ട കുഞ്ഞാലിക്കാ, തല്ലും പിടിക്കും നില്ക്കണ്ട. അയാള് കാടനാ. ഞാൻ തമ്മിത്തല്ലാൻ പഠിച്ചിട്ടില്ല. (കേളുമേനോനോട്) ഹേ, നിങ്ങളുടെ മാതിരി ഞാനും പെരുമാറ്യാൽ എനിക്കാണ് കൊറവ്.
കേളുമേനോൻ: അതേടാ, എന്റെ കൊറവ് ഞാൻ തീർത്തോളാം.
(ഭാസ്കരൻ നമ്രശിരസ്കനായി നടന്നകലുന്നു)
കുഞ്ഞാലി: നിങ്ങളാ തറവാട് വെടക്കാക്ക്യേലോ കുട്ട്യേ.
കേളുമേനോൻ: ഹാ-ഹാ-ഹാ! (ചിരിക്കുന്നു)
(കുഞ്ഞാലി ക്രുദ്ധനായി കേളുമേനോനെ നോക്കി നിൽക്കുന്നു.)
(കർട്ടൻ)

രംഗം 2

(ഭാസ്കരന്റെ വീട്ടിലെ തളം. ഒരറ്റത്തു ചാരുകസേരയിൽ വൃദ്ധനായ കിട്ടൻനായർ കിടക്കുന്നു. അടുത്ത് ഒരു ചെറിയ കസേരയിൽ ചെറുപ്പക്കാരനായ മാസ്റ്റർ ഇരിക്കുന്നു. അയാളുടെ അടുത്തു

ഭാസ്കരൻ നിൽക്കുന്നു. വാതിൽക്കലായി ഭാസ്കരന്റെ മദ്ധ്യവയസ്കയായ അമ്മ- പാറുക്കുട്ടിഅമ്മ-നിൽക്കുന്നു. അടുത്തൊരു ബഞ്ചിലിരുന്ന് ലീല നിശ്ശബ്ദം വായിക്കുകയാണ്. ഒന്നാം രംഗത്തെ തുടർന്ന സമയം.)

കിട്ടൻനായർ: എടാ, ശവമേ! നീയാ കഴുതയെ വെറുതെ വിട്ടു. ഉണ്ടായിട്ടില്ലെടാ, ഉണ്ടായിട്ടില്ല, കീഴ്ക്കടെ എടത്തിലെ കണ്ടത്തിലേക്കു ചോലവെള്ളം വരാതെ. ഛെ! നീ തറവാടു കെടുത്തി.

പാറുക്കുട്ടിഅമ്മ: ഓനെന്താ കിട്ടേട്ടാ ചിയ്യ്വാ, ആ പെരുമ്മല പോലത്തെ കേളുനോട്?

കിട്ടൻനായർ: ഛെ! പാറുക്കുട്ടി, നീയതു ചോദിച്ചു. ഓനെന്തു ചെയ്തു. ആ പെരുമ്മല കേളു എന്തു ചെയ്തു? ഒന്നല്ല, രണ്ടല്ല, മൂന്നുകൊല്ലം; ഓന്റെ പുഞ്ച അങ്ങട്ട് ഒണക്ക്യേപ്പോ? നെനെക്കറില്ല്യേ, ഇതാ ഇവിടെ വന്നിട്ടല്ലെ, വാലുതററ പട്ട്യേപ്പോലെ നിന്നു പെരുമൊറ കരഞ്ഞ് എന്റെ കാല്പിടിച്ചത്. നിയ്യ് കണ്ടിട്ടില്ലെ?

പാറുക്കുട്ടിഅമ്മ: കിട്ടേട്ടന്റെ മാതിരി ഒക്കെ ഓന് സാധിക്ക്വോ? ഓൻ പഠിച്ചത് അങ്ങനെ ഒന്വല്ലല്ലോ!

ഭാസ്കരൻ: അമ്മാമയ്ക്ക് മനസ്സിലാവില്ല്യ. കയ്യൂക്കിന്റെ കാലം കഴിഞ്ഞു. മര്യാദകെട്ടു സംസാരിക്കാനും കാടത്തരം കാട്ടാനും പാടുണ്ടൊ മാസ്റ്ററെ? ഈ തലമൊറേല് അത് ആർക്കും വയ്യ.

മാസ്റ്റർ: ശരിയാണ് ഭാസ്കരാ, അയൽപക്കക്കാരനോടു ശണ്ഠകൂടാൻ പാടില്ല. അത് സദാചാരമല്ല. ഒഴിഞ്ഞതു നന്നായി. ശാന്തിയുടെ സന്ദേശമാണ് ഈ തലമുറയെ നയിക്കേണ്ടത്.

ഭാസ്കരൻ: അയാൾ മുഠാളനാണ്. വിദ്യാഭ്യാസമില്ല. ഒന്നു പറഞ്ഞു രണ്ടാമത്തേതിന് കയ്യെളക്കലാണ് കണ്ടത്. ശുദ്ധ കാടത്തരം.

മാസ്റ്റർ: അതേ കിട്ടമ്മാൻ, ശാന്തിയും സമാധാനവും പുലർത്താനാണ് ഞങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നത്. ഭാസ്കരൻ അതു പഠിച്ചു. ജീവിതത്തിൽ പ്രയോഗിക്കുകയും ചെയ്തു. അതിന്ന് അയാളെ അഭിനന്ദിക്കുകയല്ലേ വേണ്ടത്?

കിട്ടൻനായർ: മാസ്റ്ററേ, അലോഗ്യം തോന്നരുത്. എനിക്കിതൊന്നും ഒരു വെലേം തോന്ന്ണ്ല്യ. നിങ്ങൾ ശാന്തി പഠിപ്പിച്ചാലും സമാധാനം പഠിപ്പിച്ചാലും കുട്ട്യോളെക്കെ കൊള്ളരുതാത്തോരായി. ഇതാ, അവനവന്റെ കാര്യം നോക്കാനാവാതെ ഇളിഞ്ഞ് ഇങ്ങ് പോന്നു, ഇവിടെ നിൽക്കണെ ഈ നാണംകെട്ടോന് എന്ത് ശാന്തീം സമാധാനോം ഉണ്ടായിട്ടെന്താ?

മാസ്റ്റർ: അവരവരുടെ കാര്യം നോക്കണം. അതിന്ന് നിയമവിധേയമായ മാർഗമില്ലേ?

കിട്ടൻനായർ: അയ്യോ! ഇല്ല മാസ്റ്ററെ, ഇല്ല. നിയമവും കോടതിയും നിങ്ങടെ ചോലവെള്ളത്തിന്ന് കാവൽ നിൽക്കില്ല. കേസ്സും കൂട്ടോം കൂടി നടന്നിട്ടു കാര്യമില്ല. അത് കഴീണവരെ പുഞ്ചപച്ചച്ചൂണ്ട് നിൽക്കില്ല. നശിച്ചു. ഇവൻ നശിപ്പിച്ചു. കൃഷിയും പോയി. ഇവന് നിലനിർത്താനാവില്ല. ശവം!

ഭാസ്കരൻ: അമ്മേ ഞാൻ പുവ്വാണ്. ആരടെ കൈക്കോട്ടിൻ തായോണ്ടു തല പൊളിഞ്ഞാലും വേണ്ടില്ല. അമ്മാമ പറേണ പോലെ ചെയ്യ്വാ. (നടക്കുന്നു.)

ലീല: (എഴുന്നേററ്) അയ്യോ!... ഏട്ടാ!... ഏട്ടനെ അയാള് തച്ചുകൊല്ലോലോ!... പോണ്ടാന്നു പറയൂ അമ്മേ... ഏട്ടാ!... ഏട്ടാ!...

പാറുക്കുട്ടിഅമ്മ: നിൽക്ക് ഭാസ്കരാ. അമ്മാമ പറഞ്ഞോട്ടെ. അമ്മാമ ദേഷ്യപ്പെട്ടുച്ചാത്തന്നെ എന്താ? (എടത്തൊണ്ട വിറച്ചുകൊണ്ട്) കിട്ടേട്ടാ! എനിക്ക് ഒന്നല്ലെ ഉള്ളൂ. ആണായിട്ട്! അതിനെ ആ കാലന്റെ വായേലിക്ക് അയക്കല്ലേ!

ഭാസ്കരൻ: ഞാൻ പരിഭവിച്ചിട്ടു പോണതല്ല. അമ്മാമ പറേംപോലെ ചെയ്യണം എന്നു വെച്ചിട്ട് പുവ്വാ.

കിട്ടൻനായർ: (സാക്ഷോഭം) പോണ്ടാ, നീയ്യ്പോണ്ടാ. ഉശിരും ചൊണോം ഒരാള് പറഞ്ഞാലൊന്നും ഉണ്ടാവില്ല. എടാ, ലീലേ, നീയ്യ് കരേണ്ട, കഷ്ടം!... ഇതൊക്കെ അധഃപതിച്ചു. എടീ, പാറുക്കുട്ടി, ഞാൻ പല വഴക്കിന്നും പോയിട്ടുണ്ട്. നിയ്യ് കരഞ്ഞിരുന്നോ ഇങ്ങനെ? ഇങ്ങനെ ആയോ ഈ തറവാട്ടിലെ പെണ്ണുങ്ങള്? കഷ്ടം! ദൈവേച്ഛയാണ്. ഭഗവാനേ! നശിക്കാൻ കാലത്ത് നശിക്കും.

(ലീല നിന്നു തേങ്ങുന്നു)

ഇല്യ. നിയ്യിനി കരേണ്ട. ഓൻ പൂവ്വില്യ.

മാസ്റ്റർ: കിട്ടമ്മാൻ, കുറച്ച് ശാന്തിയുടേയും സമാധാനത്തിന്റെയും മാർഗത്തിൽ ചിന്തിക്കണം, ഈ വയസ്സുകാലത്തെങ്കിലും. നമ്മുടെ മഹാത്മാക്കളും മഹർഷിമാരും നമുക്കു തന്നിട്ടുള്ള ഉപദേശം ശാന്തിയാണ്; ശാന്തി. ഈ തലമുറ സ്വതവെ അതിലാണു നടക്കുന്നത്. അതിനെ അനുഗ്രഹിക്കണം. കിട്ടമ്മാൻ ക്ഷോഭിക്കരുത്.

കിട്ടൻനായർ: മതി മാസ്റ്ററെ, എനിക്കീ വയസ്സുകാലത്ത് ഒന്നു പഠിപ്പീല്യ. ഞാൻ എന്റെ എതിരാളിയെ വരച്ച വരേല് നിർത്തീത് ഈ മാഹാത്മാക്കളും മഹർഷിമാരും ഒക്കെ പറഞ്ഞിട്ടുതന്നെയാ.

ഭാസ്കരൻ: മാസ്റ്ററെ അമ്മാമയ്ക്ക് മനസ്സിലാവില്ല്യ.

കിട്ടൻനായർ: ഇല്യ. മനസ്സിലാവില്യ. ഭാസ്കരാ, ഞാൻ എന്റെ അമ്മടേം പെങ്ങടേം കണ്ണില് എന്നെ ച്ചൊല്ലി കണ്ണീരു കണ്ടിട്ടില്ല. നെന്റെ കൈയിൽ കുററല്ല; നെന്നെ വളർത്തീത് അങ്ങനെയാണ്. നശിച്ചകാലം! നശിക്കേണ്ട കാലവും. വയ്യ. നിക്കിത് കാണാൻ വയ്യ. (ക്ഷോഭംകൊണ്ടു ശ്വാസം മുട്ടുന്നു)

(ശാരദ പ്രവേശിക്കുന്നു)

ശാരദ: അച്ഛൻ ക്ഷീണിച്ചു വിയർക്കുന്നുണ്ട്, വല്ലാതെ. (ഒരു വിശറികൊണ്ടു മെല്ലെ വീശുന്നു)

കിട്ടൻനായർ: മോളെ! ശാരദെ, എന്നെ പിടിക്ക്. ഞാൻ അകത്തുപോയി കിടക്കട്ടെ.

ശാരദ: അച്ഛൻ വല്ലാതെ വിറയ്ക്കുന്നു ലീലേ! അച്ഛന്റെ ആ കയ്യ് പിടിക്ക്. പോരു.

(ലീലയും ശാരദയുംകൂടി പിടിച്ചു കിട്ടൻനായരെ കൊണ്ടുപോകുന്നു.)

മാസ്റ്റർ: കിട്ടമ്മാന്ന് മുഷിഞ്ഞൂന്നാ തോന്നണത്. ഹൗ! വല്ലാത്ത വാശി.

പാറുക്കുട്ടിഅമ്മ: ഏട്ടന്റെ കാലം അതായിരുന്നു. വെറവെറച്ച് കൊണ്ടേരുന്നു എല്ലാരും.

ഭാസ്കരൻ: അവർക്കു വിദ്യാഭ്യാസമില്ല, കയ്യൂക്കിന്റെ കാലം. ഇന്നതു വെറും കാടത്തരമാണ്. ഇരുട്ടാണ്. വെളിച്ചം കാണിച്ച വഴിക്കല്ലെ, മനുഷ്യൻ നടക്കുക? എനിക്കാവില്യ വക്കാണത്തിന്നും കഴുത്തിൽ പിടിക്കാനും. അപരിഷ്കൃതം!

പാറുക്കുട്ടിഅമ്മ: നെന്നെക്കൊണ്ട് ഇതൊന്നും ആവില്യാ. ഇതിനല്ലലൊ പഠിച്ചത്. നെണക്ക് വല്ല ഉദ്യോഗവും കിട്ട്വോന്നു നോക്ക്. മാസ്റ്ററേ! ഓനെന്തിങ്കിലും ഒരു പ്രവൃത്തി ആക്കിക്കൊടുക്കിൻ.

ഭാസ്കരൻ: എന്നാലും എനിക്ക് ഉദ്യോഗത്തിന്നു പോവാൻ ഇഷ്ട്യല്യ. കണ്ടത്തിലിറങ്ങി പണി എടുക്കുമ്പോഴാണ് ഞാൻ എല്ലാ സുഖവും അനുഭവിക്കുന്നത്.

പാറുക്കുട്ടിഅമ്മ: എന്നുവെച്ചിട്ട് കണ്ടോരൊടൊക്കെ മല്ലിട്ടു കഴുത്തുമുറിച്ചാൽ പറ്റ്വൊ? ഒന്നൂല്യാതെ ഇരുന്നാൽ കാര്യോം നടക്കില്ല. നെണക്ക് ചേർന്നതു ഉദ്യോഗം. അല്ലെങ്കില് എന്തിനേ ഇത്ര്യൊക്കെ പഠിച്ചേ?

മാസ്റ്റർ: വല്ലതും നോക്കാം ഭാസ്ക്കരാ. എന്റെ സ്നേഹിതന്മാരുണ്ടു മദിരാശിയിൽ. ഞാനവർക്കൊന്നെഴുതട്ടെ.

പാറുക്കുട്ടിഅമ്മ: മാസ്റ്റർക്കു വീടു കിട്ട്യോ? എന്നാ അമ്മയെ ഇങ്ങോട്ടുകൊണ്ടര്ണത്?

മാസ്റ്റർ: വീടു കിട്ടീല്യ. ഒരു സ്ഥലത്തും ഒഴിവില്യ. സ്കൂളിൽത്തന്നെ അങ്ങനെ കൂടാണ്. പോകട്ടെ: ഭാസ്കരൻ വരുന്നോ?

ഭാസ്കരൻ: ഉവ്വ്, ഞാനും വരുന്നു.

പാറുക്കുട്ടിഅമ്മ: ഇനി ഉണ്ണാനും വരാതെ പഷ്ണികെടന്നു തെണ്ടിക്കൊ.

ഭാസ്കരൻ: ഞാൻ വേഗം വരാം അമ്മെ.

(ഭാസ്കരനും മാസ്റ്ററും നടന്നകലുന്നു. ശാരദയും ലീലയും പ്രവേശിക്കുന്നു)

ശാരദ: പററിയ കൂട്ടുകാര്! ഒരെ അഭിപ്രായമാണ് രണ്ടാൾക്കും.

ലീല: അല്ല; മൂന്നാൾക്കും, എനിക്കും അതുതന്നെയാണ് അഭിപ്രായം.

അമ്മാമടെ വാശിക്ക് ഇനിയുള്ളോര് നിന്നാൽ മുതലാവില്ല്യ.

ശാരദ: ലീലേ, ഊണുകഴിക്കേണ്ട നെല്ലാണ് ഒണങ്ങിപ്പോണത്. എന്താ ചെയ്യാ?

ലീല: എന്നു വെച്ചിട്ട്? ഏട്ടൻ ആ തടിയനോട് തല്ലാൻ നിന്നാല്? ആളുണ്ടായിട്ടു വേണ്ടേ ഊണുകഴിക്കാൻ?

ശാരദ: ആളും വേണം, ഊണും കഴിക്കണം. ആങ്ങളയും പെങ്ങളുംങ്ങനെ ഉശിരില്ലാതെ ആയാൽ എല്ലാവരും കഷ്ടത്തിലാവും.

ലീല: ശരാദേടത്തിക്ക് ഉശിരുണ്ടലൊ! കിട്ടമ്മാമടെ ഉശിരൊക്കെ ശാരദേടത്തിക്കും ഉണ്ടാവും.

പാറുക്കുട്ടിഅമ്മ: ഏതായാലും കഷ്ടത്തിലായീന്നാ തോന്നണത്.

(കർട്ടൻ)

രംഗം 3

(എടത്തിലെ കിഴക്കേ മുററത്തെ പുരാതനമായ പുത്തിലഞ്ഞിയുടെ ചുവട്. നേരം രാത്രി. ഭാസ്കരനും ശാരദയും നിൽക്കുന്നു.)

ഭാസ്കരൻ: ശാരദേ!...

ശാരദ: ഊം?...

ഭാസ്കരൻ: ശാരദേ, ലീലയെ ഞാൻ നിന്റെ കൈയിൽ ഏല്പിക്കുന്നു.

ശാരദ: എന്നെയോ? എന്നെ ആരുടെ കൈയിലാണ് ഏല്പിക്കുക?
ഭാസ്കരൻ: ഈശ്വരന്റെ കൈയിൽ, നീ കൂടുതൽ ധീരയാണ്. നിനക്ക് ആ മഹാശക്തിയിൽ കൂടുതൽ വിശ്വാസമുണ്ട്.
ശാരദ: ഞാനൊന്നു പറയട്ടെ?
ഭാസ്കരൻ: പറയൂ.
ശാരദ: ഇപ്പോൾ പോകണമോ? ഇത് കർത്തവ്യത്തിൽ നിന്നുള്ള ഓടിപ്പോക്കാണെന്നാണ് അച്ഛന്റെ അഭിപ്രായം.
ഭാസ്ക്കരൻ: ശരിയാവാം ശാരദേ. വേറെ പോംവഴിയില്ല.
ശാരദ: ഇതച്ഛനെ കൂടുതൽ ദുഃഖിപ്പിക്കും. ആ ശകാരമാണ് ഈ യാത്രയ്ക്കു കാരണമെന്നാണ് അച്ഛന്റെ വിശ്വാസം. ഇന്നൊരിക്കലും അച്ഛന്റെ കണ്ണുവറ്റീട്ടില്ല.
ഭാസ്കരൻ: ശരിയാണ്. അദ്ദേഹം വല്ലാതെ വ്യസനിക്കും. അദ്ദേഹത്തെ സമാധാനിപ്പിക്കൂ. നേരായിട്ടും അമ്മാമയോട് എനിക്ക് ഒരനാദരവും തോന്നീട്ടില്ല. പക്ഷേ, ഈ നിലയ്ക്ക് എനിക്ക് അദ്ദേഹത്തിന്റെ മുൻപിൽ നിൽക്കാൻ വയ്യ. ഞാൻ കൊള്ളരുതാത്തവനാണെന്ന് അദ്ദേഹം കരുതുന്നു. ആ നിലയ്ക്കു ഞാൻ നിൽക്കുന്നേടത്തോളം അമ്മയുടെ കണ്ണും വറ്റില്ല.
ശാരദ: അതുകൊണ്ടുമാത്രമാണോ ഈ പോണത്?
ഭാസ്കരൻ അല്ല; എനിക്ക് ഒരു പ്രവൃത്തി വേണ്ടേ? ജീവിക്കണ്ടേ? അമ്മാമ കഷ്ടപ്പെട്ടു പണം ചെലവിട്ടു പഠിപ്പിച്ചില്ലേ? അതിങ്ങനെ തിണ്ടാടാനാ?
ശാരദ: പോയാൽ എന്ത് പണീലാ ചേര്വാ?
ഭാസ്കരൻ: എന്തു പണിയിലും. പക്ഷേ, എനിക്കു വല്ല ഗുമസ്തൻ പണിയുമാണ് കിട്ടുക.
ശാരദ: അതു രസിക്ക്വോ? ഇവിടെ ഒരു നേരം ഒതുങ്ങിയിരിക്കാത്ത ആള് എങ്ങനെയാ തലയുംതാഴ്ത്തി അനങ്ങാതിരുന്നു പണി എടുക്കാ?
ഭാസ്കരൻ: ബുദ്ധിമുട്ടുണ്ട്. കൃഷിയിലല്ലാതെ എഴുത്തുപണിയിൽ എനിക്കു രസം തോന്നില്ല. പിന്നെ, വയലിൽ ഞാൻ സർവാധികാരിയാണ്. ആഫീസിൽ എനിക്ക് ആയിരം മേലധികാരിമാരുണ്ടാവും.
ശാരദ: ഞാനൊന്നു പറയട്ടെ?
ഭാസ്കരൻ: പറയൂ.
ശാരദ: വല്ലവരെക്കൊണ്ടും ആ കേളുമേനോനേടൊന്നു പറേപ്പിച്ചുനോക്കരുതെ?
ഭാസ്കരൻ: പ്രയോജനമില്ല. അയാൾ കാടനാണ്. അയാൾ പകവീട്ട്വാണ്. പിന്നെ മദ്ധ്യസ്ഥം പറയ്വാ മര്യാദക്കാർ തമ്മിലാ. അയാൾക്ക് അടിയേ മനസ്സിലാവുള്ളു. അതിന്നു ഞാനൊരുക്കല്യ... ശാരദേ, നീ എന്താണ് ഒന്നും പറയാത്തത്?
ശാരദ: (സ്വരഭേദത്തോടെ) ഞാൻ കഷ്ടത്തിലായീന്നാ തോന്ന്ണത്?
ഭാസ്കരൻ: എങ്?
ശാരദ: എനിക്കാരും ഇല്യാതാവും. അച്ഛനും എന്നെ വിട്ടുപോവും. എല്ലാവരും എന്നെ മറക്കും.
ഭാസ്കരൻ: എല്ലാവരും? ശാരദേ, എല്ലാവരും? ഹാ! ഞാൻ ഭീരുവാണ്; ഹൃദയശൂന്യനാണെന്നും നീ തീർച്ചപ്പെടുത്തി... ഓ, നിലാവു കെട്ടു. രാത്രി, എന്റെ ജീവിതം പോലെത്തന്നെ ഇരുണ്ടുകഴിഞ്ഞു.
(ദൂരെ കലശലായി ചുമയ്ക്കുന്ന ശബ്ദം)
ശാരദ: അതാ, അച്ഛനുണർന്നു. എന്നെക്കൊണ്ട് ആവശ്യമുണ്ടാവും.
ഭാസ്കരൻ: ഞാൻ പുലർച്ചെ പോകും.
(വീണ്ടും ചുമ)
ശാരദ: അയ്യോ! അച്ഛൻ! പോകുമെന്നുതന്നെയോ, തീർച്ച? എന്നാ വരുക?
ഭാസ്കരൻ: ഒരു കൊല്ലത്തിനുള്ളിൽ. അന്നെന്നെ ആരെങ്കിലും ഓർക്കുമോ?
ശാരദ: ഹാ! മറക്കുവാൻ കഴിഞ്ഞെങ്കിൽ!...
(കർട്ടൻ)

രംഗം 4

(ഉച്ചതിരിഞ്ഞ സമയം. നാട്ടുതാലപ്പൊലിക്കാവിന്റെ പരിസരം. ഒന്നാമത്തെ കർട്ടൻ ഉയരുമ്പോൾ ചാത്തപ്പൻ ഒരു ചെറിയ കാളയെ കെട്ടിച്ചമയിച്ചുകൊണ്ടു നിൽക്കുന്നു. കുഞ്ഞാലി പ്രവേശിക്കുന്നു)

കുഞ്ഞാലി: നിജ്ജെന്താ ചാത്തപ്പാ. അതിനെ സർട്ടിടീപ്പിക്കാ?
ചാത്തപ്പൻ: (തിരിഞ്ഞുനോക്കി) നിങ്ങക്കെന്താ മാപ്പളെ, വേലേം പൂരോളേളാടത്ത്? കന്നുകൊള്ളാൻ നടക്കാ കാവുംപൊറത്താ?
കുഞ്ഞാലി: എടാ, ഹമുക്കെ! നിജ്ജ് കെട്ട്ണ കാളേനെ എടത്തിലെ കണ്ടത്തില് പൂട്ടാനല്ലെ പറ്റൂ? അത് ഞമ്മക്ക് ബേണ്ട.
ചാത്തപ്പൻ: ഹും, വല്യമ്പ്രാനുള്ള കാലത്ത് ഈ കാള തന്നെ മതിയായിര്ന്നില്ലെന്നേയ് ഈ ദേശത്ത് മുഴ്വോൻ പൂട്ടാൻ?
കുഞ്ഞാലി: ഹും, അജ്ജാളൊരാണേര്ന്ന്. പക്കെ, ആണുങ്ങളുടെ പിൽക്കാലം ഇങ്ങനേര്ക്കും!
ചാത്തപ്പൻ: ന്റെ ചെറ്യമ്പ്രാണ്ടെങ്കി ഇങ്ങനെ ആയീർന്നീല.
കുഞ്ഞാലി: അത് നിജ്ജ് പറേണ്ട ചാത്തപ്പാ. അജ്ജാളേം കൊള്ളില്ല. അന്നേം കൊള്ളില്ല. അല്ലെങ്കില് കേളാനല്ല, അതിലും ബല്യ ചെയ്ത്താൻ വന്നാലും ആ പുഞ്ചക്കണ്ടം ഒണങ്ങിക്കെടക്കൂല.
ചാത്തപ്പൻ: നിങ്ങളെന്താ മാപ്പളെ പറേണത്, ആ ചെറ്മ്പ്രാ, ഷേ്കാളിലൊക്കെ പഠിച്ച് ഇച്ചിരി ചേലും മര്യാതേം ബെച്ചപ്പൊപ്പിന്നെ, കയ്യാങ്കളിക്ക് നിക്ക്വോ? വല്ല ഉദ്യോഗംനോക്കി പൊഗല്ലാതെ!
കുഞ്ഞാലി: എന്നിട്ടെന്തെടാ; ഉദ്യോഗം ഭരിച്ചിട്ട് കുടീലുള്ളോര് എവടെത്തി? നാട്ടീന്ന് പോയിട്ട് ഇപ്പോ എബടാണെന്ന വല്ലിച്ച വിബരണ്ടൊ? പെറ്റ വയറു പൊരിഞ്ഞിട്ടല്ലെടാ കാത്തിരിക്ക്ണ്. കണ്ടോർക്ക് ചോറുബെച്ചുകൊടുത്തിട്ടു ബെള്ളോം കുടിച്ച് കെടക്കണ്ടെ ഇപ്പോ ആ തറവാട്ടില് പെറന്നോറ്?
ചാത്തപ്പൻ: ചെറ്മ്പ്രാൻ അത് ശെയ്തതാ ചാത്തപ്പന് മനസ്സിലാബാത്തത്. എങ്ങനെ വളർത്തീതാ ആ തമ്പ്രാട്ടി! ഇന്നിട്ടിപ്പൊ ഉദ്യോഗത്തിന്നും മറ്റും പുഗ്ഗായപ്പൊ പെറ്റ വയറിനെ അങ്ങ് മറന്നു!
കുഞ്ഞാലി: എടാ ഹമ്ക്കേ! അനക്കിപ്പളും കള്ളിതിരിഞ്ഞില്ലെ! എന്തുത്യോഗം? അജ്ജാൾക്ക് ബല്ലോരും ഉത്യോഗം കൊടുക്ക്വൊ?
ചാത്തപ്പൻ: നിങ്ങളെന്താ മാപ്പളെ, വാല്യം മൂടും ഇല്ലാതെ തൗതാരിക്ക്ണ്? എന്താ ചെറിയമ്പ്രാന്ന് ഉത്യോഗം കിട്ടാതെ? പഠിപ്പില്ലാഞ്ഞിട്ടാ?
കുഞ്ഞാലി: എന്തിന്റെ പഠിപ്പാടാ നിജ്ജ് പറേണത്? ഒരുത്തൻ വന്നു കണ്ണുരുട്ടുമ്പോ ബാലും തറ്റോടണ പടിപ്പ് ഒരു പടിപ്പാടാ?
ചാത്തപ്പൻ: മാപ്പളേ, നിങ്ങളെ ബടായീം കേട്ട് നാട്ടാര് നടന്നാ ജോലീല് സ്ഥലണ്ടാവില്ല.
കുഞ്ഞാലി: നാട് ജേലാവിണേക്കാ ഭേദല്ലെടാ? പിന്നെ ദോക്ക്, തല്ലാൻ പടിച്ചാ തല്ലണ്ടിബരില്ല, പടിച്ചില്ലങ്കിലൊ, തല്ല് കൊള്ളണ്ടീം ബരും. അനക്കിത് മനസ്സിലാവില്ല. അനക്ക് നായരുട്ടീടെ പടിപ്പാ, ആട്ടെ; അനക്കിപ്പൊ ഏതു പടിക്കലാപ്പണി?
ചാത്തപ്പൻ: പടി ഒന്നൂല്യ മാപ്പളെ. കൂലി തരണോരിക്ക് പണിക്ക് പോഗ്ഗും.
കുഞ്ഞാലി: എന്നാ നിജ്ജ്ന്റെ പണിക്ക് പോരേ, ബേല ഇന്ന് കഴില്ലെ? നാളെ ത്തീരി പൂട്ടാനുണ്ട്. ബര്വോ, ഇജ്ജ്?
(അണിയറയിൽനിന്നു കാളവേലയുടെ പറകൊട്ടു കേൾക്കുന്നു)
ചാത്തപ്പൻ: (കാളയെ ചുമലിലെടുത്ത്) ബരാം മാപ്പളെ. കാളെ എടുക്കാറായി.
(ചാത്തപ്പൻ കാള പൂക്ക് പൂക്കി രണ്ടു ചുവടു വെച്ചുകൊണ്ട് ഒരുവശത്തുകൂടെ അകത്തേയ്ക്കു പോകുന്നു. കുഞ്ഞാലി മറുവശത്തുകൂടെയും.)
(രണ്ടാമത്തെ കർട്ടൻ ഉയരുന്നു. കാവിലെ നട. ഒരു ദീപസ്തംഭം. പാറുക്കുട്ടിഅമ്മയും മൂന്നു നാട്ടുകാരും നിൽക്കുന്നു. ഒരാൾ പാറുക്കുട്ടിഅമ്മയുടെ വീട്ടിൽ ഊണുകഴിച്ചു താമസിക്കുന്ന പണിക്കരാണ്. അവർ ദീപസ്തംഭം തെളിയിക്കുന്നു. പാറുക്കുട്ടിഅമ്മ തൊഴുന്നു.)
(അണിയറയിൽനിന്ന് ഒരുകൂട്ടം ആളുകളുടെ കാളപൂക്കും കൊട്ടും കേൾക്കുന്നു)
പാറുക്കുട്ടിഅമ്മ: (അണിയറയിലേക്കുനോക്കീട്ട്) എടാ ചാത്തപ്പാ! എടത്തിലെ കാളയല്ലടാ മുമ്പില് വേണ്ടത്?
(ചാത്തപ്പൻ പ്രവേശനദ്വാരത്തിൽ വന്നു നിൽക്കുന്നു)
ചാത്തപ്പൻ: അതെമ്പട്ട്യാരെ. അടിയൻ കണ്ടില്ല. (ക്രുദ്ധനായി അകത്തുപോകുന്നു)
(അണിയറയിൽനിന്ന് “വെക്കടാ കാളയെ താഴത്ത്” “വെക്കൂലെടാ!” “വെക്കണത് നോയ്ക്കോ!” ഇത്തരം ലഹളകൾ)
(കേളുമേനോൻ എതിർവശത്തുകൂടി പ്രവേശിക്കുന്നു)
കേളുമേനോൻ: (അണിയറയിലേക്കു നോക്കി) അടിച്ചോടിക്കടാ, അങ്ങനെ അടിച്ചോടിക്ക്!
(അണിയറയിൽ വീണ്ടും ലഹള)

പാറുക്കുട്ടിഅമ്മ: എന്നു മുതല്ക്കാണ് ഹെ, നിങ്ങളുടെ കാള മുമ്പിലായത്? ഇതെന്താ ഇപ്പൊഴൊക്കെ തോന്യോണം പോലയാ? കീഴ്നടപ്പും ആചാരോം ഒന്നൂല്ലെ?
കേളുമേനോൻ: എന്നുമുതല്ക്കേ പെണ്ണുങ്ങള് നാട്ടുകൂട്ടം തീർത്തൊടങ്ങ്യേ?
പാറുക്കുട്ടിഅമ്മ: നാട്ടാരുടെ മുൻപിൽ കാര്യം പറയാൻ പെണ്ണെ ഉള്ളൂച്ചാൽ പറഞ്ഞുടാന്നുണ്ടൊ? എന്തെ പെണ്ണിനിത്ര പോരായ?
ഒരു നാട്ടുകാരൻ: ഹായ്, കിട്ടൻനായരുടെ പെങ്ങള്തന്നെയാണല്ലൊ.
മറ്റൊരാൾ: കെട്ടാലും കെടില്ല എടത്തിലെ തറവാട് എന്നല്ലെ?
കേളുമേനോൻ: പോരായ ഒന്നൂല്ല. മതി. കാര്യം പറയാൻ പെണ്ണും മതി. പക്ഷേ, കാര്യം പറയണം.
പാറുക്കുട്ടിഅമ്മ: കാര്യം പറയാതെ അകാര്യം പറേണത് നിങ്ങളാ. നിങ്ങളുടെ കാള പിന്നാലെയാ പോണ്ടത്. എടത്തിലെ കാളയാണ് മുമ്പില്. കയ്യൂക്ക് കാര്യല്ല.
കേളുമേനോൻ: എന്നാൽ, എടത്തിലെ കാളയ്ക്കെന്താ കൊമ്പുമൂന്നുണ്ടൊ?
പാറുക്കുട്ടിഅമ്മ: നാട്ടുതാലത്തിന്ന് ഒരു ചിട്ടേണ്ട്. ചോലവെള്ളം കയ്യേറുംപോലെ അല്ല.
പണിക്കർ: അതാണു കാര്യം. നാട്ടുതാലത്തിന്റെ ചിട്ട നാട്ടുകാർ പുലർത്തണം.
കേളുമേനോൻ: എന്നാൽ, ചോദിക്കട്ടെ; കാളവേല നടത്തേണ്ടത് കന്നും കൃഷീം ഒള്ളോരല്ലെ?
പണിക്കർ: അതെ. അതോണ്ട്?
കേളുമേനോൻ: എടത്തിലിന്നു കന്നുണ്ടൊ? പറേട്ടെ, ഈയമ്മ പറേട്ടെ.
പാറുക്കുട്ടിഅമ്മ: ഈയാള് ചോലവെള്ളം കയ്യേറീട്ടു ഞങ്ങള് കൃഷി നടക്കാതായപ്പൊ, പിന്നെന്തിനാ കന്നിനെ വളർത്തണത്?
ഒരാൾ: അതു ശരിയാ. കാളവേലയ്ക്കുവേണ്ടി കന്നു വളത്താറില്ല.
(കൂട്ടച്ചിരി)
കേളുമേനോൻ: എന്നാൽ കേളൂന്റെ കാള തന്നെ ഇക്കൊല്ലം മുമ്പിലങ്ങട്ട് പോയി നോക്കട്ടെ. (അണിയറയിലേക്കു നോക്കി) എടുക്കടാ കാളേനെ. അടിക്കെടാ. അടിച്ചോടിക്ക്!
(അണിയറയിൽ വീണ്ടും ബഹളം. അടി, നിലവിളി, ഓട്ടം. കാളകളിയുടെ പൂക്കുകൾ)
ഒരാൾ: എടത്തിലെ സ്ഥാനം അവസാനിച്ചു.
പണിക്കർ: കയ്യൂക്കായി ഇപ്പൊ കാര്യം.
മററൊരാൾ: ന്യായം കയ്യൂക്കിന്റെ ഭാഗത്താണ്.
പാറുക്കുട്ടിഅമ്മ: (തൊഴുതുകൊണ്ട്) തമ്പുരാട്ടീ, നീയിതു രണ്ടും കണ്ടുകൊണ്ടിരിക്കുന്നു! (തലതാഴ്ത്തി പോകുന്നു)
കേളുമേനോൻ: (തൊഴുത്) തമ്പുരാട്ടി, എനിക്കു മതിയായി; ഞാൻ നടത്തേണ്ടതെല്ലാം നടത്തി; എനിക്ക് ഇനി ഒരാഗ്രവുമില്ല.
(കർട്ടൻ)

രംഗം 5

(എടത്തിലെ വീട്ടിലെ പൂമുഖം. രണ്ട് ഊണുകാർ: മാസ്റ്ററും പണിക്കരും. മാസ്റ്റർ പുറപ്പെട്ടു നിൽക്കുകയാണ്. സമയം സന്ധ്യ)

മാസ്റ്റർ: പണിക്കരേ, ഞാനൊന്നിറങ്ങിവരാം.
പണിക്കർ: ഈ വഴിക്കു കാശിക്കൊന്നും പോവല്ലല്ലോ! കേളുമേനോന്റെ മാതിരി!
മാസ്റ്റർ: അയാൾ പോണതും ഞാൻ പോവാത്തതും ഒരു ഫലാ.
പണിക്കർ: എന്നാലും അയാളു വീരനാണ്.
മാസ്റ്റർ: അതെന്താ?
പണിക്കർ: ലൗകികം കണക്കു പറഞ്ഞു വാങ്ങി. പാരത്രികവും വിടാനുള്ള ഭാവമില്ല. അതിന് ഹർജിയും കൊണ്ടാണല്ലൊ കാശിക്കു പോയത്.
മാസ്റ്റർ: അയാളുടെ മുൻപില് ആ വാതിലും തുറക്കും എന്നുതന്നെയാ തോന്നണത്. തുറന്നില്ലെങ്കില് കാശി വിശ്വനാഥന്റെ കഴുത്തില് ഞെക്കും. ദുഷ്ടനെ ഈശ്വരനും പേടിയാ.
പണിക്കർ: അയാളുടെ അനന്തരവന്റെ ഭാഗ്യമാ ഞാൻ നോക്കുന്നത്!
മാസ്റ്റർ: ആരടെ? കൃഷ്ണമേനോന്റെയോ?
പണിക്കർ: അതെ. കാരണവര് അടിയും പിടിയും കഴിച്ചു കുന്നുകൂട്ടീട്ടുണ്ടല്ലൊ സമ്പത്ത്.

മാസ്റ്റർ: പാപവും.
പണിക്കർ: അനന്തരവന്നു തിന്നിരിക്കാമല്ലൊ.
മാസ്റ്റർ: അല്ല; സമ്പാദിക്കുന്നുമുണ്ടെന്നാ കേട്ടത്; കാരണവരുടെ വഴിക്കുതന്നെയാ നടത്തം.
പണിക്കർ: ദുഷ്ടന്മാര്!
മാസ്റ്റർ: ദുഷ്ടന്മാര്!
(ലീല വിളക്കുമായി പ്രവേശിക്കുന്നു)
ലീല: ദീപം... ദീപം...
(മാസ്റ്ററും പണിക്കരും തൊഴുന്നു)
മാസ്റ്റർ: എന്നാലെ, ഞാൻ ഇറങ്ങിവരാം, കുറച്ചുനടക്കണം. ലീലമ്മേ! എനിക്ക് കഞ്ഞി മതി എന്ന് അമ്മയോടു പറയൂ.
ലീല: പറയാം.
പണിക്കർ: മാസ്റ്റർ എപ്പോൾ വരും?
മാസ്റ്റർ: ഇതാ എട്ടുമണിക്കുമുൻപ് (പോകുന്നു)
(ലീല വിളക്കു താഴെ വെക്കുന്നു)
പണിക്കർ: (പരുങ്ങിക്കൊണ്ട്) കുറച്ചു ഭസ്മം തരുമോ?
ലീല: അതാ ആ മൂലയിലുണ്ട് ഭസ്മക്കൊട്ട.
പണിക്കർ: (ഭസ്മമെടുത്തുകൊണ്ട്) കുറച്ചുവെള്ളവും വേണമല്ലൊ.
(ലീല വെള്ളമെടുക്കാൻ പോകുന്നു)
(ആ വഴിക്കു നോക്കി നെടുവീർപ്പിടുന്നു. വീണ്ടും കൈയിലുള്ള ഭസ്മം നോക്കി) വെള്ളമേറീട്ടും ഭസ്മമേറീട്ടും കുറി തൊടാനുള്ള ലക്ഷണമില്ല.
(ലീല ഒരു കിണ്ടിയിൽ വെള്ളം കൊണ്ടുവെക്കുന്നു)
(വെള്ളമെടുക്കാതെ പതുക്കെ) ലീലമ്മേ, നില്ക്കിൻ.
ലീല: (തിരിഞ്ഞു സാധാരണസ്വരത്തിൽ) എന്താ വേണ്ടത്?
പണിക്കർ: എനിക്കു നിങ്ങളോട് എന്തോ ചിലതെല്ലാം പറയണമെന്നുണ്ട്. ഒരു കൊച്ചു സഹോദരിയെപ്പോലെയാണ് ഞാൻ വിചാരിച്ചുവരുന്നത്.
ലീല: അതിനെന്താ? ഞാനും ഒരേട്ടനെപ്പോലെത്തന്നെ കരുതണ്ണ്ടല്ലോ.
പണിക്കർ: അയ്യോ! അതെല്ലാമൊണ്ട്. ഞാനതല്ല പറഞ്ഞത്; ഇരിക്കൂ. എന്താ ഇങ്ങനെ? എന്നോടു കുറച്ചു സംസാരിക്കരുതെ?
ലീല: എനിക്ക് അടുക്കളയിൽ പണിയുണ്ട്.
പണിക്കർ: അയ്യോ! അതൊന്നും ശരിയല്ല. എനിക്കെത്ര ശമ്പളമുണ്ടെന്നറിയുമോ? എനിക്കിപ്പോൾ നൂറുറുപ്പിക കിട്ടുന്നുണ്ട്. അലവൻസുമുണ്ട്.
ലീല: ശരി; അതൊരു ഭാഗ്യമാണ്.
പണിക്കർ: ഞാൻ ബി.എ. വരെ വായിച്ചിട്ടൊണ്ട്. ലീലമ്മയ്ക്കറിയാമോ?
ലീല: ആ, കുറെയൊക്കെ പഠിപ്പില്ലെങ്കിൽ ഈ ഉദ്യോഗം കിട്ടോ?
പണിക്കർ: അപ്പോൾ ഞാൻ ലീലമ്മയ്ക്ക് കുറച്ചു നല്ല ശീല വാങ്ങാമെന്നുവെച്ചു. (ഷർട്ടിന്നടിയിൽനിന്ന് കടലാസുകൊണ്ടു പൊതിഞ്ഞ ഒരു ശീലക്കെട്ടെടുക്കുന്നു)
ലീല: എനിക്കൊ? എനിക്കു ശീലയൊന്നും വാങ്ങണ്ട. നിങ്ങൾ മാസവീതം തരുന്നത് പണമായിട്ടുതന്നെ തന്നില്ലെങ്കിൽ അരിയും സാമാനവും വാങ്ങാൻ കഴിയൊ? ഞാൻ നല്ലത് ഉടുത്തുനടന്നാൽ പോരല്ലൊ. നിങ്ങൾക്കു ചോറു തരണ്ടെ?
പണിക്കർ: അയ്യോ പാവം! ഞാൻ ഊണിനു തരുന്ന പണംകൊണ്ടല്ല ലീലമ്മയ്ക്ക് ശീല വാങ്ങിയത്. ഇത് എന്റെ വക. ഞാൻ മാസ്റ്ററെപ്പോലെ അങ്ങനെ കണക്കൊന്നും പറയുന്നവനല്ല. വരു, ഇതാ, ഇതെടുത്തുകൊള്ളു.
ലീല: അയ്യോ, എനിക്ക് ശീലയൊന്നും വേണ്ട. വേണമെങ്കിൽ ഞങ്ങൾതന്നെ വാങ്ങിക്കൊള്ളാം.
പണിക്കർ: (ഓരോ അടിയായി അടുത്തുവന്നുകൊണ്ട്) അപ്പോൾ ലീല എന്നെ ഒരു അന്യനായിട്ടാണ് കണക്കാക്കുന്നത്, അല്ലെ? നോക്കു, ഞാനെത്രമാത്രം സ്നേഹിക്കുന്നു! ഞാൻ രാത്രി ഉറങ്ങുന്നുണ്ടോ? ലീലയ്ക്കറിയാമൊ, ഞാനെത്രമാത്രം സ്നേഹിക്കുന്നു! ( അടുത്തെത്തുന്നു, കെട്ടു നീട്ടുന്നു)
ലീല: എനിക്കിതൊന്നും വേണ്ട. ഞങ്ങളിതൊന്നും വാങ്ങില്ല. (കെട്ടുതട്ടുന്നു; താഴെ വീഴുന്നു) അങ്ങട്ടു നിൽക്കു, ഞാൻ അടുക്കളയിൽ പോകട്ടെ.

പണിക്കർ: ലീലമ്മെ, എന്നോടിങ്ങനെ ഒരു യുവതി പെരുമാറിയിട്ടില്ല. നിൽക്കു. (കൈപിടിക്കാൻ ശ്രമിക്കുന്നു)

ലീല: എന്ത്! തൊടരുത്! അമ്മെ, അമ്മെ, ശാരദേടത്ത്യേ!

(പണിക്കർ നടന്നകലന്നു. ശാരദ ഓടിവരുന്നു)

ശാരദ: എന്തേ, എന്തേ?

ലീല: ഒന്നുമില്ല. (നിന്നു കിതയ്ക്കുന്നു)

പാറുക്കുട്ടിഅമ്മ: എന്തെ, എന്തിനെ, നിയ്യ് വിളിച്ചത്? നിയ്യെന്തെങ്കിലും കണ്ടു പേടിച്ചോ?

പണിക്കർ: (ഒരററത്തുനിന്ന്) ഓ, കുഞ്ഞ് എന്തോ നിഴൽ കണ്ടു ഭയപ്പെട്ടിരിക്കും.

പാറുക്കുട്ടിഅമ്മ: എന്താ ഒരു പൊതി ഇവിടെ കിടക്ക്ണത്! (എടുത്ത് കെട്ടുപൊട്ടിച്ച് അഴിക്കുന്നു) ശീലയൊ?

ലീല: അയാൾക്ക് ആ ശീല ഞാൻ വാങ്ങണം. എനിക്കു വേണ്ട എന്നു പറഞ്ഞപ്പോൾ...

ശാരദ: (ക്രുദ്ധയായി പണിക്കരെ നോക്കി) ഹെ! നിങ്ങൾക്ക് അമ്മയും പെങ്ങളുമില്ല്യെ? ഇങ്ങനെയാണോ ഒരു തറവാട്ടിൽ പെരുമാറുക?

പണിക്കർ: (ചിറികോട്ടിക്കൊണ്ട്) ഓ, തറവാട്! ചോറ്റുകച്ചവടക്കാർക്കാണ് ഇനി തറവാട്!

ശാരദ: ചോറ്റുകച്ചവടം ഞങ്ങളുടെ തൊഴിലാണ്. അതുകൊണ്ടു തറവാടു വിൽക്കാൻ ഭാവല്യ. പോകാം, ഇവിടെ ഇനി താമസിക്കാൻ പറ്റില്യ. (പാറുക്കുട്ടിഅമ്മയുടെ കൈയിൽനിന്നു ശീലവാങ്ങി പണിക്കരുടെ മുഖത്ത് എറിഞ്ഞുകൊടുക്കുന്നു)

പണിക്കർ: ഓ, ഇവിടെ ആർക്കും താമസിക്കുകയും വേണ്ട. (ശീല എടുത്ത് തല കുനിച്ചു നടന്നുപോകുന്നു)

പാറുക്കുട്ടിഅമ്മ: ഹാ, തമ്പുരാട്ടീ! ഇതും കേൾപ്പിച്ചോ്വാലോ! (തളർന്നിരിക്കുന്നു)

ശാരദ: ലീലേ, ഇതാണ് നീയെന്നോട് ഇവിടെത്തന്നെ താമസിക്കാൻ പറഞ്ഞത്, അല്ലെ?

ലീല: (തേങ്ങിക്കൊണ്ട്) എനിക്കു വയ്യ. എനിക്കു വയ്യ. എനിക്കു പേടിയാവുന്നു. ശാരദേടത്തി ഇനി പോവരുത്!

ശാരദ: അയ്യയ്യെ! ഇങ്ങനെ ഭീരുവാകാതെ; പെണ്ണിന്നും വേണം കുറച്ചൊക്കെ ധൈര്യം. നോക്ക്, അയാൾ ഓടിയതു കണ്ട്വോ? അയാൾക്ക് വേണമെങ്കില് നമ്മളെ മൂന്നാളെയും ഒരു കൈയുകൊണ്ട് പിടിച്ചുനിർത്തിക്കൂടെ? പക്ഷേ, ധൈര്യം കാണിച്ച് കടന്നുപോവാനങ്ങു പറഞ്ഞാൽ പോവ്വന്നെ ചെയ്യും, ഒരാന ആയാലും.

പാറുക്കുട്ടിഅമ്മ: ശാരദെ, നെണക്ക് ധൈര്യണ്ട്. നിയ്യ് കിട്ടേട്ടന്റെ മകളാണ്. എനിക്ക് ഒന്നിനൂല്യ ധൈര്യം. ആ സ്വഭാവമാണ് എന്റെ കുട്ട്യോൾക്കും. ഞങ്ങള് കഷ്ടത്തിലും ആയി.

ശാരദ: കഷ്ടമൊക്കെ അങ്ങു തീരും വല്യമ്മെ.

ലീല: എന്തായാലും ശാരദേടത്തീ ഇനി പോവരുത്. എനിക്കു വയ്യ, ഇവിടെ തന്നെ കഴിച്ചൂട്ടാൻ.

പാറുക്കുട്ടിഅമ്മ: അവളെത്രകാലം എന്നുവെച്ചിട്ടാ ഇവിടെ നിൽക്കാ? അവളുടെ അമ്മാമന്മാരു സമ്മതിക്ക്വൊ. ഉണ്ണാനും ഉടുക്കാനും ഇല്ലാത്ത ഇവിടെക്കെടന്നു കഷ്ടപ്പെടാൻ?

ശാരദ: അമ്മെ, ഉണ്ണാനൂല്യ ഉടുക്കാനുല്ലെങ്കിലും ഞാൻ ലീലയെ വിട്ടുപോവില്യാ. ലീലെ നോക്കണെന്ന് പോവുമ്പോ എന്നെ ഏല്പിച്ചതാണ്. അവളെ നോക്കാൻ ഒരാള് വേണ്ടത് ഇപ്പോഴാണ്. ഞാൻ ആ കല്പന അനുസരിക്കണം.

ലീല: എന്റെ ഏട്ടൻ... (തേങ്ങുന്നു)

പാറുക്കുട്ടിഅമ്മ: ഓ, എന്റെ കുട്ടി! അമ്മയേയും പെങ്ങളേയും നീയിങ്ങനെ മറന്ന്വോല്ലൊ! തമ്പുരാട്ടി, അനുഭവിക്കേണ്ടതൊക്കെ അനുഭവിക്കതന്നെ വേണം. ശാരദേ, നെന്നെപ്പോലെ ഒരു പെണ്ണില്ല. കൊല്ലം നാലായി, നിയ്യു കാത്തിരിക്കുന്നു. നെണക്ക് ഇനീം മടുത്തിട്ടില്ല. എന്റെ വ്യസനം ഞാൻ മറക്കുന്നത് നെന്നെ ഓർക്കുമ്പോഴാണ്. (കണ്ണീരൊഴുക്കുന്നു)

(കർട്ടൻ)

രംഗം 6

(സന്ന്യാസാശ്രമം. രാത്രി. കർട്ടൻ പൊന്തുമ്പോൾ ശിഷ്യൻ കുമാരൻ സന്ന്യാസിക്ക് ഇരിക്കാനുള്ള പീഠം കൊണ്ടുവന്നു വെക്കുന്നു. അണിയറയിൽനിന്നു ഭജന കേൾക്കുന്നു)

നിത്യാനന്ദം നിഖിലാനന്ദം
നിരുപമശക്തിപദാനന്ദം

ആനന്ദം പരമാനന്ദം
അഖണ്ഡമദ്വയമാനന്ദം
ജീവാമൃതമയമാനന്ദം
ജനിമൃതിഭയഹരമാനന്ദം
നിത്യാനന്ദം നിഖിലാനന്ദം
നിരുപമശക്തിപദാനന്ദം
മഹർഷിവേദ്യമഹാനന്ദം
മോഹാതീതാത്യാനന്ദം
മുഗ്ദ്ധ സുദുർബലഹൃദയഗദുർഭഗ
തമോവിമോചകമാനന്ദം
നിത്യാനന്ദം നിഖിലാനന്ദം
നിരുപമശക്തിപദാനന്ദം

(ഭജന പകുതിയാകുമ്പോൾ സന്ന്യാസി പ്രവേശിച്ച് ആസനസ്ഥനാകുന്നു. കൈയിൽ ജപമാല. അർദ്ധനിമീലിതാക്ഷനായിരിക്കുന്നു. കുമാരൻ അരികെ ഒതുങ്ങിനിൽക്കുന്നു. ഭജനാവസാനത്തിൽ)

സന്ന്യാസി: കുമാരാ, കാണാൻ ആരെങ്കിലും പുറത്തു നിൽക്കുന്നുണ്ടോ, നോക്ക്.

കുമാരൻ: പിന്നെ, ഇല്ലാതിരിക്കുമൊ സ്വാമി? എനി ഇവിടെക്കിടന്നു സകല കള്ളവും പറഞ്ഞു മഹാപാപം സമ്പാദിക്കാതെ അവർ പോകുമോ?

സന്ന്യാസി: ഛെ! അതിഥികളെ ആക്ഷേപിക്കാതെ. നിനക്ക് എത്ര പറഞ്ഞാലും ഈ കാടത്തരം ഉപേക്ഷിക്കാൻ കഴിയുന്നില്ലല്ലൊ.

കുമാരൻ: സ്വാമി, മനുഷ്യന്നു കെടുക്കാതെത്തന്നെ കൂർക്കം വന്നു തുടങ്ങിയല്ലൊ. പാതിരയായില്ലെ? ഇതേവരെ തണ്ടുവലിച്ചവനല്യോ കുമാരൻ. എന്നിട്ടും കണ്ടില്യെ തൂങ്ങി നിൽക്കുന്നത്. പത്രക്കാരനാണെന്നും, സന്ദർശകനാണെന്നും പറഞ്ഞിട്ട്! എവൻ ഇനി ആരോ? എന്നാൽ എവന്മാരെക്കൊണ്ടു വല്ല ഗൊണവുമുണ്ടോ? അതൊട്ടില്ല താനും.

സന്ന്യാസി: കുമാരാ, നീ ക്ഷീണിച്ചിട്ടുണ്ട്. ശരിയാണ്. അയാളെ ഇവിടെയാക്കി നീ പോയി കിടക്ക്. മേലിൽ പതിനൊന്നുമണിക്കുതന്നെ കിടക്കാൻ പൊയ്ക്കൊള്ളൂ. എന്നോടു ചോദിക്കേണ്ട.

കുമാരൻ: എന്നാൽ, ഇവിടെ ഒട്ടും ഉറക്കമുണ്ടാവില്ല. ഇവന്മാരു സ്വാമിയെ പുലരുംവരെ ഇരുത്തും. എന്നിട്ടു രാവിലത്തെ ശാപ്പാടും തട്ടി അവന്മാരു കെടന്നു. കൂർക്കവും തുടങ്ങും. സ്വാമിക്കോ? പൊലരുന്നതിന്നു മുൻപ് തൊടങ്ങി കുളിയായി, ജപമായി, ധ്യാനമായി, എല്ലാം കഴിഞ്ഞാൽ മമ്മട്ടിയെടുത്തു കെളയായി. ഫൂ! ഒറക്കവും വേണ്ട. കെടപ്പിലായാൽ എവന്മാർക്കു വല്ല ചേതവുമുണ്ടൊ! അപ്പോഴും വരും ഫോട്ടോ പിടിക്കാൻ! പത്രത്തിലിടാൻ. എന്നിട്ടും പണം വാങ്ങും. അവന്മാർക്ക് എന്താ?

സന്ന്യാസി: ഛെ, ഛെ! നിണക്കു തന്ന സ്വാതന്ത്ര്യം നീ ദുരുപയോഗപ്പെടുത്താതെ. അതിഥികളോടു ദുർമുഖം കാണിക്കരുത്. അവർ എനിക്കീശ്വരന്മാരാണ്. ശുദ്ധഗതിക്കാരൻ! ചെല്ല്, കാത്തുനിൽക്കുന്ന ആളെ വിളിക്ക്.

(കുമാരൻ പോകുന്നു.)

നിത്യാനന്ദം നിഖിലാനന്ദം
നിരുപമശക്തിപദാനന്ദം
ആനന്ദം പരമാനന്ദം
അഖണ്ഡമദ്വയമാനന്ദം.

(കുമാരനും ഭാസ്കരനും പ്രവേശിക്കുന്നു)

ഭാസ്കരൻ: മഹാത്മാവേ! നമസ്കാരം!

സന്ന്യാസി: സ്വസ്തി; ഇരിക്കൂ. നിങ്ങൾക്കെന്തുവേണം?

ഭാസ്കരൻ: മഹർഷിപാദങ്ങളെ ദർശിക്കാൻ വേണ്ടി വന്നു.

കുമാരൻ: ഏതു പത്രക്കാരനാണെന്നു പറയണം. സാറേ!

ഭാസ്കരൻ: അയ്യോ, ഞാൻ പത്രക്കാരനല്ല. നശിച്ചുകഴിഞ്ഞ ഒരു വെറും മനുഷ്യൻ.

സന്ന്യാസി: നിങ്ങളുടെ പേർ പറയുന്നതിൽ വിരോധമുണ്ടോ?
ഭാസ്കരൻ: ഭാസ്കരനെന്നാണ്.
സന്ന്യാസി: ഭാസ്കരൻ, ഓഹൊ, എന്താ ഇത്ര നിരാശ? നിങ്ങൾക്കു വല്ല കഠിനരോഗവുമുണ്ടോ?
ഭാസ്കരൻ: ഇല്ല, മഹാത്മൻ. ഞാനാശിച്ചു, ഒരു കഠിനരോഗിയെങ്കിലുമാവാൻ. ദേഹം പിടയുമ്പോഴും മനസ്സ് ശാന്തി അനുഭവിക്കുമായിരുന്നു.
സന്ന്യാസി: എന്തേ മനശ്ശാന്തി തകരാൻ? വല്ല പാതകവും ചെയ്തുവോ?
ഭാസ്കരൻ: അറിഞ്ഞുകൊണ്ട് ഞാൻ ആരേയും ദ്രോഹിച്ചില്ല.
സന്ന്യാസി: പിന്നെ എന്തിന്നു വേവലാതി? കുഞ്ഞെ, ഈശ്വരനിൽ വിശ്വസിക്കൂ. ജീവിതത്തിൽ മുമ്പോട്ടു പോകൂ.
ഭാസ്കരൻ: മഹാത്മൻ! അതൊരു നീണ്ട കഥയാണ്. നീണ്ട നാലുകൊല്ലത്തെ ചരിത്രം – അതങ്ങയെ മുഷിപ്പിച്ചേക്കും.
സന്ന്യാസി: ഇല്ല; മനുഷ്യജീവിതത്തെപ്പററി കേട്ടാൽ മുഷിയുമോ? പറയൂ.
കുമാരൻ: ഇല്ല, ഇന്നൊറക്കമില്ല!
സന്ന്യാസി: കുമാരാ, നീ പോയി കെടക്ക്.
കുമാരൻ: സ്വാമി, അന്നാൾ ഒരുത്തൻ വന്നില്ലേ, ഇങ്ങനെ ഒരു നീണ്ട കഥയും പറഞ്ഞ്? ഒടുവിൽ രാവിലെ സ്വാമിയുടെയും എന്റെയും ഫോട്ടോ പിടിച്ചു പോയി. ഏതാണ്ടൊ ഒരു പത്രത്തിലും കൊടുത്ത്, ഇവിടെ ആട്ടവും പാട്ടും സദ്യയൂട്ടുമാണെന്നു ചുവട്ടിൽ എഴുതിവെച്ചു. ലേ, അതേ തരത്തിൽ മറെറാരുവനാണ് – കുമാരൻ പറയുന്നു. കുമാരന്ന് ഇവന്മാരെ എല്ലാമറിയാമേ!
സന്ന്യാസി: (ഉറച്ചസ്വരത്തിൽ) കുമാർ, നിശ്ശബ്ദം!
(ഭാസ്കരനോട്) കുഞ്ഞേ, പറയൂ. എന്താണു നിന്നെ പീഡിപ്പിക്കുന്നത്? നിനക്കാശ്വാസം കിട്ടും.
ഭാസ്കരൻ: മഹാത്മൻ, ഈ ആശ്രമത്തിൽവെച്ചു പറയേണ്ടിവരുമ്പോൾ ഒരു വല്ലാത്ത കനക്കുറവുണ്ട് എന്റെ കഥയ്ക്ക്. ഇവിടെ ലൗകികവൈഷമ്യങ്ങൾ തനിയെ ലഘൂകരിക്കുന്നതായി തോന്നുന്നു.
സന്ന്യാസി: ലൗകികം ഒട്ടും നിസ്സാരമല്ല. പറയൂ.
ഭാസ്കരൻ: ഞാനൊരു ഗ്രാമീണൻ. കുറച്ചു പഠിച്ചു. അമ്മയും പെങ്ങളുമുണ്ട്. അവരെ പുലർത്തണം. ഉദ്യോഗത്തിന്നു തെണ്ടി. ചിലതെല്ലാം കിട്ടി. എല്ലാം എന്റെ മുഴുവൻ കഴിവും കറന്നെടുക്കുന്നതായിരുന്നു. പകരം തന്നതോ അരവയർ ചോറ്. എന്റെ കുടുംബം! ഞാനതിനെ മുഴുപ്പട്ടിണിക്കിട്ടു.
സന്ന്യാസി: ശരിയാണ്. പണിക്കാരന്നു കുടുംബം ഒരു വലിയ പ്രശ്നമായിട്ടുണ്ട്.
ഭാസ്കരൻ: ഞാൻ പല പണിയും മാറിമാറി നോക്കി. എല്ലാം ഒരുപോലെ. പരിവർത്തനങ്ങൾ വരുന്നതായിക്കേട്ടു. അതിന്നുവേണ്ടിയും കാത്തിരുന്നു. വന്നതു വെറും വാഗ്ദാനങ്ങൾ മാത്രം.
സന്ന്യാസി: ശരിയാണ്. വാഗ്ദാനം ആരുടേയും വയർ നിറയ്ക്കില്ല.
ഭാസ്കരൻ: നാലുകൊല്ലം! നീണ്ട നാലു കൊല്ലമായി എന്റെ അമ്മയും പെങ്ങളും എന്നെക്കാത്തിരിക്കുന്നു. വെറുതെ. അവരുടെ പ്രതീക്ഷകൾ എഴുതി അയച്ചു. കഷ്ടപ്പാടുകൾ വിവരിച്ചു. നിരാശ്രയത്വം ഓർമപ്പെടുത്തി. ഒടുവിൽ സഹിക്കാതായപ്പോൾ...
സന്ന്യാസി: എന്തെ, വല്ല സാഹസവും ചെയ്തുവോ?
ഭാസ്കരൻ: ഞാനാ സ്ഥലം വിട്ടു. പുതിയ മേൽവിലാസം ആരേയും അറിയിച്ചില്ല.
സന്ന്യാസി: നിലവിളിക്കുനേരെ കാതുപൊത്തി, അല്ലേ?
ഭാസ്കരൻ: അതെ. പക്ഷേ, അതിന്റെ പ്രതിധ്വനി നിരന്തരമായി. ആ തള്ളയും കുട്ടിയും ആ ഗ്രാമത്തിൽ കിടന്നു കുറ്റിയിൽ കെട്ടുപിണഞ്ഞ പെണ്ണാടുകളെപ്പോലെ നിലവിളിക്കുന്നത് ഞാൻ രാപ്പകൽ കേൾക്കുകയാണ്. ഞാനോ മനോരാജ്യം വിചാരിച്ചു. പലതും പ്രവർത്തിച്ചു. ഒരിഞ്ചും മുമ്പോട്ടു നീങ്ങിയില്ല.
സന്ന്യാസി: ദയനീയം. ഏതു ചെറുപ്പക്കാരനും പറയാനുള്ള കഥ ഇതു തന്നെ.
ഭാസ്കരൻ: ഞാൻ മണ്ണിന്റെ മകനാണ് കരിപിടിക്കാനാണ് എന്റെ കൈയിന്നു പാടവം.
സന്ന്യാസി: എങ്കിൽ എന്തുകൊണ്ടു കർഷകനായിത്തന്നെ ജീവിച്ചില്ല?
ഭാസ്കരൻ: ഓ, അതു മുഠാളത്തത്തിന്റെ വിജയ ചരിത്രമാണ്. എന്റെ നിലത്തേക്കുള്ള വെള്ളം അയൽക്കാരൻ അപഹരിച്ചു. എന്റെ നിലം ഉണക്കിക്കളഞ്ഞു! മണൽക്കാടാക്കിക്കളഞ്ഞു! വെറും കൈരാതമായ കയ്യൂക്കുകൊണ്ട്!
സന്ന്യാസി: താങ്കൾ വിവാഹിതനല്ലെ?

ഭാസ്കരൻ: ഹാ! അത് മറെറാരു ദാരുണകഥ. ഞാൻ ഒരു തരുണിയിൽ അനുരക്തനായി. അവൾ ഇങ്ങോട്ടും പ്രേമവതിതന്നെ. പക്ഷേ, ഞാനിപ്പോഴും അവിവാഹിതനാണ്.

സന്ന്യാസി: എന്തേ, സ്വജനങ്ങൾ തടഞ്ഞുവോ?

ഭാസ്കരൻ: എങ്കിൽ എത്ര നന്നായിരുന്നു! അതാണു കാരണമെന്നു പറഞ്ഞ് എനിക്കു മാനം രക്ഷിക്കാമായിരുന്നു. എല്ലാവരും അനുകൂലികളാണ്. പക്ഷേ, ഒരു ദരിദ്രനെങ്ങനെ ദാമ്പത്യ ജീവിതം നയിക്കും?

കുമാരൻ: കുഞ്ഞേ, കേൾക്കുന്നവർക്കുകൂടി വെസനം തോന്നിക്കും കുഞ്ഞിന്റെ കഥ. സ്വാമി, അവിടത്തെ ശിഷ്യന്മാരെക്കൊണ്ട് ഇദ്ദേഹത്തിനു വല്ലതും കൊടുപ്പിക്കാം. ഇദ്ദേഹം തള്ളയേയും പെങ്ങളേയും പോയി കണ്ടുകൊള്ളട്ടെ.

ഭാസ്കരൻ: അയ്യേ! വേണ്ട. ഞാൻ ത്യജിച്ചു. സർവവും ത്യജിച്ചു. ഈ ലോകം ഓട്ടയാണെന്ന് എനിക്കു ബോധ്യപ്പെട്ടു. മമത്വം ദ്രോഹകരമണെന്നു മനസ്സിലായി. ആരേയും രക്ഷിക്കാനും കഴിയില്ല. ഒരാഗ്രഹം മാത്രമെ ഉള്ളൂ.

സന്ന്യാസി: അതെന്താണ്?

ഭാസ്കരൻ: മഹാത്മാവെ! അങ്ങെന്നെ സ്വീകരിക്കണം. വീണ്ടും വിഷയങ്ങളിലേക്കു വീഴാതവണ്ണം അങ്ങെന്നെ മുറുകെപ്പിടിക്കണം. എനിക്കു സന്ന്യാസം തരുമാറാകണം. ഞാനിതാ ഈ തൃപ്പാദങ്ങളെ ശരണം പ്രാപിക്കുന്നു. (നമസ്കരിക്കുന്നു)

കുമാരൻ: ഓ കഷ്ടം, കഷ്ടം! അദ്ഭുതം! അദ്ഭുതം എത്ര നല്ലൊരു ചെറുപ്പക്കാരൻ! ഈ വയസ്സിൽത്തന്നെ ഇത്ര വലിയ വൈരാഗ്യമോ? സ്വാമി ഇദ്ദേഹത്തിനെ സ്വീകരിക്കണം; ഒന്നിലും മോഹമില്ലാത്ത വൈരാഗി.!

സന്ന്യാസി: എഴുന്നേൽക്കു, ഭാസ്കർ! ഞാൻ നിങ്ങളുടെ കഥ കേട്ടു. തികച്ചും വ്യസനകരം തന്നെ. മനുഷ്യന്നു ഹൃദയമുണ്ടെങ്കിൽ താങ്കളോടു സഹതപിക്കും. പക്ഷേ, എനിക്കു താങ്കളെ സന്ന്യാസാശ്രമത്തിൽ സ്വീകരിക്കാൻ നിവൃത്തിയില്ല.

ഭാസ്കരൻ: അയ്യോ, എനിക്കു മറ്റു ഗതിയില്ല.

കുമാരൻ: അയ്യയ്യോ! കഷ്ടം കഷ്ടം! സ്വാമീ, ഈ പാവത്തിന്റെ നേർക്കു പ്രസാദിക്കേണമേ!

സന്ന്യാസി: ഇല്ല. നിവൃത്തിയില്ല. താങ്കൾ ലൗകികജീവിതത്തിന്റെ എല്ലാ തുറകളിലും ദുർബലനായിരുന്നു. അതെ, വെറും ദുർബലൻ. അടിച്ചോടിക്കപ്പെട്ട പശു അത്തരം ദുർബലന്മാർക്കുള്ളതല്ല സന്ന്യാസം.

ഭാസ്കരൻ: അയ്യോ ഭഗവൻ! ഞാൻ മറ്റെവിടെ പോകും?

സന്ന്യാസി: (സസ്മിതം) ദുർബലന്മാർക്കുള്ളതു സന്ന്യാസാശ്രമമല്ലാ, അനാഥാലയമാണ്; അവിടെ ചെല്ലൂ.

കുമാരൻ: അയ്യോ! അനാഥാലയത്തില് കാലും കൈയും ഉള്ളോരെ എടുക്കുകേല. സ്വാമി, ഈ പയ്യനെ വെറുതെ അങ്ങോട്ടു നടത്തേണ്ട.

ഭാസ്കരൻ: മഹാത്മൻ! അവിടന്നു തെറ്റിദ്ധരിച്ചു. എനിക്ക് എന്റെ അരച്ചാൺ വയർ നിറയ്ക്കലല്ല കാര്യം. ഞാനീ പ്രപഞ്ചത്തെ വെറുക്കുന്നു ഇവിടെ മുഠാളന്മാർക്കും ഹൃദയശൂന്യന്മാർക്കും അറുവഞ്ചകന്മാർക്കും മാത്രമേ വിജയമുള്ളു. ആ പ്രപഞ്ചത്തെ നിഷേധിക്കലാണ് എന്റെ ഉദ്ദേശം. അങ്ങനെനിക്കു സന്ന്യാസം നിഷേധിക്കയാണെങ്കിൽ എന്റെ മുൻപിൽ ഒരേയൊരു മാർഗം മാത്രമേ ബാക്കിയുള്ളു.

കുമാരൻ: അതെന്താണു കുഞ്ഞെ ഒരു മാർഗം?

ഭാസ്കരൻ: ആത്മഹത്യ.

കുമാരൻ: അയ്യോ! അതു ചെയ്യരുതേ കുഞ്ഞേ! സ്വാമീ, ഈ കുഞ്ഞിനെ സ്വീകരിക്കണേ! എത്ര നല്ലൊരു കുഞ്ഞ്!

സന്ന്യാസി: താങ്കൾക്കതിന്നു സാധ്യമല്ല. ആത്മഹത്യ ചെയ്യുന്നവനു ചുരുങ്ങിയത് ഒരു കിരാതന്റെ ധൈര്യമെങ്കിലും വേണം; തികച്ചും ഒരു മുഠാളന്റെ വിവേകശൂന്യതയും. ഇതെല്ലാമുണ്ടെങ്കിൽ, താങ്കളുടെ അഭിപ്രായത്തിൽത്തന്നെ ഈ പ്രപഞ്ചത്തിൽ താങ്കൾക്കു വിജയം കിട്ടുമായിരുന്നല്ലോ?

ഭാസ്കരൻ: മഹാത്മൻ! പിന്നെ എനിക്കെന്തു പോംവഴി?

സന്ന്യാസി: താങ്കൾക്കു കൂടുതൽ ധൈര്യം വേണം. താങ്കൾ കൂടുതൽ ശക്തനാവണം. എന്നിട്ട്, ഈ വിട്ടുപോന്ന പ്രപഞ്ചമുണ്ടല്ലൊ, അതിലേക്കു വീണ്ടും ഇറങ്ങിച്ചെല്ലണം. ദുർബലനായിട്ടല്ല; പ്രബലനായിട്ട്. താങ്കൾ വീണ്ടും കൃഷിക്കാരനാവണം; മണ്ണിന്റെ മകനാവണം.

ഭാസ്കരൻ: മഹാത്മൻ! അതിന് കൂടുതൽ കാട്ടാളത്തം വേണം.

സന്ന്യാസി: വേണ്ടിവരാം ഭാസ്കരൻ. ഒരു കാട്ടാളന്റെ ശക്തിയെയാണ് ഒരു മര്യാദക്കാരന്റെ ദൗർബല്യ ത്തേക്കാൾ അധികം ഞാൻ മാനിക്കുന്നത്. ശക്തി ഒരിടത്തും അഗണ്യമല്ല. അശക്തി എവിടേയും വർജ്യമാണ്.

ഭാസ്കരൻ: ഗുരുമുഖത്തുനിന്നല്ല ഇതു കേൾക്കുന്നതെങ്കിൽ ഞാൻ വേറെ വഴിക്കു നടന്നുകളഞ്ഞേനെ. മഹാത്മൻ, ഈ ഉപദേശം എന്നെ അമ്പരിപ്പിക്കുകയാണ്.

സന്ന്യാസി: ഭാസ്കരൻ, താങ്കൾ എന്നെ അറിയുന്നില്ല. ഒരു സന്ന്യാസി, താൻ മുൻപ് ആരായിരുന്നുവെ ന്ന്, വെളിപ്പെടുത്തുകയില്ല. അതുകൊണ്ട് താങ്കൾതന്നെ ശ്രമിക്കൂ. താങ്കളുടെ ഓർമകളെ പിന്നി ലേക്കു നടത്തു. താങ്കളുടെ ജീവിതത്തിന്റെ ഒരു പ്രധാന വഴിത്തിരിവിൽവെച്ച് താങ്കൾ പക്ഷേ, എന്നെ കണ്ടെത്തും. താങ്കളുടെ സന്ദേഹങ്ങളെ തീർക്കാൻ പക്ഷേ, അതുപകരിക്കും.

ഭാസ്കരൻ: (കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം വികാരക്ഷോഭത്തോടെ) കേ-ളു-മേ-നോ-ൻ!

സന്ന്യാസി: താങ്കൾ കണ്ടുപിടിച്ചു. ഓർമിക്കൂ. അന്നു താങ്കളെ സ്വന്തം വിളഭൂമിയിൽനിന്ന് അടിച്ചോ ടിച്ച അതേ വ്യക്തി തന്നെയാണ് ഇന്നു താങ്കൾക്കു സന്ന്യാസം നിഷേധിക്കുന്നത്.

ഭാസ്കരൻ: അയ്യോ! ദുഷ്ടാ, ഞാൻ വഞ്ചിതനാകുമായിരുന്നു!

കുമാരൻ: പാവം! അപ്പോൾ സ്വാമി തന്നെയല്ലേ മൂപ്പരേ, താനാരാണെന്ന് പറഞ്ഞുതന്നത്?

സന്ന്യാസി: ഭയപ്പെടേണ്ട, ഞാൻ ഇവിടേയും തങ്കളുടെ നേർക്കു കായികമായ ഒരാക്രമണം നടത്തി ല്ല. ഞാനാക്കുപ്പായം ഊരിയിട്ടിരിക്കുന്നു; എന്നെന്നേക്കും.

ഭാസ്കരൻ: ഇല്ല; എങ്കിൽ താങ്കൾ എന്നെ സന്ന്യാസത്തിൽ നിന്ന് ഓടിക്കാൻ ശ്രമിക്കയില്ലല്ലോ?

സന്ന്യാസി: ശ്രമിക്കും – ഒരു സന്ന്യാസി എന്ന നിലയ്ക്ക് വിശേഷിച്ചും, ഞാൻ ദൗർബല്യത്തെ പൊ റുക്കില്ലയ നോക്കൂ. ഞാൻ പ്രബലനായിത്തന്നെ ലൗകികത്തിൽ പെരുമാറി. താങ്കൾക്കും അറി യാമല്ലോ. കുറെയെല്ലാം മുഠാളത്തമുണ്ടായിരുന്നു. അതു ചീത്തയുമാണ്. പക്ഷേ, അന്നു സം ഭവിച്ചതിലൊന്നും എനിക്കു വ്യസനമില്ല. കാരണം, എനിക്കിന്ന് ഒന്നിലും മമതയില്ല.

ഭാസ്കരൻ: വിദ്വേഷമുണ്ടുതാനും.

സന്ന്യാസി: ശരിയല്ല ഭാസ്കരൻ, ഞാൻ താങ്കളെ സ്നേഹിക്കുന്നു. സ്നേഹം മാത്രമേ ഇന്ന് എന്നിലു ള്ളൂ. അത് എല്ലാ മനുഷ്യരുടേയും നേർക്കുണ്ട്.

ഭാസ്കരൻ: സ്നേഹമുള്ളവരെ അടിച്ചോറിക്കാറുണ്ടോ?

സന്ന്യാസി: ഉണ്ട്; കർത്തവ്യത്തിലേക്ക്. താങ്കൾ കർത്തവ്യത്തിൽനിന്നു വ്യതിചലിക്കുന്നതു ശ്രേയസ്സി ന്നാവില്ല. അതെന്നെ വ്യസനിപ്പിക്കും.

ഭാസ്കരൻ: വീണ്ടും ആ ചോലവെള്ളത്തിന്ന് തമ്മിൽത്തല്ലി തലകീറുകയാണോ ശ്രേയസ്സ്?

സന്ന്യാസി: തീർച്ചയായും. താങ്കൾക്കവകാശപ്പെട്ടതിനെ വീണ്ടെടുക്കുക തന്നെയാണു ശ്രേയോമാർ ഗം. അതിനുവേണ്ടി തല്ലേണ്ടിവന്നാൽ തല്ലണം. തല കീറേണ്ടിവന്നാൽ കീറണം. ശ്രദ്ധിക്കൂ. ഇന്ന് ആ ചോലവെള്ളം ആരുപയോഗിക്കുന്നുവെന്ന് എനിക്കറിയില്ല. സ്വാഭാവികമായി അത് എന്റെ മരുമക്കളെന്നും കരുതപ്പെടുന്നവർ ഉപയോഗിക്കയായിരിക്കും. താങ്കൾക്കു സന്ന്യാസവും തന്ന് ഇവിടെ പാർപ്പിച്ചിരുത്തിയാൽ അവർക്കതു നിർബാധം അനുഭവിക്കാം. മറിച്ച് ഞാൻ താങ്കളെ അങ്ങോട്ടു തിരിച്ചയയ്ക്കുന്നത് എന്തായാലും മമത്വത്തിന്റെ പേരിലാവില്ലെന്നു മനസ്സിലാക്കി ക്കൂടെ? മമത്വമില്ലാത്തേടത്ത് വിദ്വേഷത്തിനു പ്രസക്തിയില്ല.

കുമാരൻ: എന്താ കുഞ്ഞേ, നിണക്കു ബുദ്ധിയുമില്ലേ? പോയി കൃഷി ചെയ്ത് അമ്മയേയും പെങ്ങളേ യും പുലർത്തണം.

ഭാസ്കരൻ: ഞാൻ ദുർബലനാണ്. കായികമായും മാനസികമായും ഞാൻ ഒരു ദുർബലനാണ്. എനി ക്കു ബോധമുണ്ടാകുമാറ് അങ്ങ് എന്നെ അനുഗ്രഹിക്കണം.

സന്ന്യാസി: നല്ലതു തോന്നട്ടെ! താങ്കൾക്കു കാലത്തുപോകാം. ഒരിക്കൽക്കൂടി ലൗകികത്തിൽ ചെന്നു വീറോടെ പയറ്റുക. നിന്റെ വാൾ ഇടിവാളുപോലെ കനത്തിൽ പതിക്കട്ടെ. സംശയിക്കരുത്. ഇട യ്ക്ക് നിൽക്കരുത്. സ്വസ്തി കുമാരാ, ഇദ്ദേഹത്തിന്നു കിടക്കാൻ കൊടുക്കൂ.

കുമാരൻ: അപ്പോൾ ഞാൻ കിടന്നു കൂർക്കംവലിച്ചിരുന്നെങ്കിലോ?... വരൂ.

(കർട്ടൻ)

രംഗം 7

(വയൽ സമയം സന്ധ്യ. മുറിവുകൾ കെട്ടിയ നിലയിൽ ക്ഷീണനായി കൃഷ്ണമേനോൻ ഒരു ഭാഗത്തു നിന്നും, കുഞ്ഞാലി മററൊരു ഭാഗത്തുനിന്നും പ്രവേശിക്കുന്നു)

കുഞ്ഞാലി: അല്ലാ കൃഷ്ണമേനോൻ അച്ചനോ? എന്തിരിത്താന്നേയ് നിങ്ങൾക്ക് തലക്കും കാലിനും? ഷേ്കാൾ കുട്ട്യോളടെ പെൻസില് പോലെ കിളിപ്പുട്ടുണ്ട് നട്ക്കണ്.
കൃഷ്ണമേനോൻ: ഞാൻ ആസ്പത്രീന്ന് വര്ാണ് കുഞ്ഞാലിക്കാ.
കുഞ്ഞാലി: അഃ അഃ ദരസര്മാർക്ക് ഇപ്പോളതായിക്കണൊ പണി? തൻകാലെ നടക്കുന്നോരടെ കാലും തലേം മുറിക്കല്? എന്താ നിങ്ങൾക്ക് പറ്റീത്? പറീൻ!
കൃഷ്ണമേനോൻ: അങ്ങനെ ഒക്കെ വേണ്ടീവന്നൂ.
കുഞ്ഞാലി: അത് കുഞ്ഞാലിക്ക് കണ്ടപ്പോ തിരിഞ്ഞി, ബാക്കി ബാഗാ അറ്യേണ്ടത്.
കൃഷ്ണമേനോൻ: കുഞ്ഞാലിക്ക് അറീല്യെ ആ എടത്തിലെ ഭാസ്കരനെ? പണ്ടു എലേരിച്ചോലേന്ന് വെള്ളം തിരിച്ചിട്ട് അമ്മാമ അടിച്ചോടിച്ചതാണലൊ.
കുഞ്ഞാലി: ഓഹോ, ഇച്ചിരിശ്ശെ ഓർമണ്ട് കുഞ്ഞാലിക്ക്. നിങ്ങളുടെ കർണോരും അക്കാലത്തു പോയതാ കാസിക്ക്.
കൃഷ്ണമേനോൻ: അന്നുമുതൽക്ക് അവർക്ക് പിന്നെ ചോലവെള്ളത്തിന്ന് അവകാശമില്ലാതായി.
കുഞ്ഞാലി: അതെ, അതെ, ഓറ്റങ്ങള് പട്ടിണീം പായ്യാരോം ആയിക്കയിഞ്ഞ്–
കൃഷ്ണമേനോൻ: അതെ, അതെ, ഹോട്ടല് വെച്ചിട്ടൊ എങ്ങനെ ഒക്കെയൊ നിശ്ചല്ല. പോട്ടെ. ഭാസ്കരൻ കണ്ടു. ഇന്നു വര്ണത്. വര്ണ വഴിക്ക് തന്നെ ആ ചെറ്മൻ ല്യെ, ചാത്തപ്പൻ; ഓനേം കൂട്ടി ചോല അങ്ങട്ടു കൊത്തി.
കുഞ്ഞാലി: കൊത്ത്യോ? ആങ്കുട്ടി! എന്നിട്ട് എവടെ അജ്ജാള്?
കൃഷ്ണമേനോൻ: അയാള് ഇപ്പോ ലോക്കപ്പില്.
കുഞ്ഞാലി: (ആലോചിച്ച്) ഇപ്പൊ തിരിഞ്ഞി. നിങ്ങള് തടഞ്ഞി. അജ്ജാള് ബിട്ടില്ല. ഒടുക്കം ഒരാള് ഷ്ഠേഷനിലേക്കും നടന്ന്, ഒരാള് ചീക്കിലിക്കും നടന്ന്. ഞമ്മടെ ചെറമച്ചെക്കനെബെടെ?
കൃഷ്ണമേനോൻ: അവനേം പൊലീസ് പിടിച്ചു. പക്ഷേ, ഒടുക്കം വിട്ടൂന്നാ കേട്ടത്. വരുന്നുണ്ടാവും. ആട്ടെ, കുഞ്ഞാലിക്ക് എന്നെ സഹായിക്കണം ഈ കേസില്; എന്താ?
കുഞ്ഞാലി: കുഞ്ഞാലി പുരുശനാണെന്നവെച്ചാ സഗായിക്കും. നിങ്ങള് സംഷയിക്കേണ്ട, പക്കെ...
കൃഷ്ണമേനോൻ: എനിക്കു സംശയം ഉണ്ടായിട്ടു പറയല്ല. പക്ഷേ, നിങ്ങളോടു പറയേണ്ടത് എന്റെ ചുമതലയാണ്.
കുഞ്ഞാലി: നിങ്ങള് പറഞ്ഞി, കുഞ്ഞാലി ഏല്ക്കും ചെയ്ത്. പക്കെ... നിങ്ങലും ഒരു കാര്യം വേണം.
കൃഷ്ണമേനോൻ: എന്താച്ചാ പറഞ്ഞോളു.
(പാറുക്കുട്ടിഅമ്മ പ്രവേശിക്കുന്നു)
പാറുക്കുട്ടിഅമ്മ: മാപ്പളെ, നിങ്ങള് കണ്ടോ? എന്റെ കുട്ടി വന്നിട്ടുണ്ടെന്നു കേട്ടുലോ?
കുഞ്ഞാലി: ഞാൻ കണ്ടില്ല വല്യമ്മേ. പക്കേങ്കില്, നിങ്ങളെ കുട്ടി ചെയ്ത നുരുമ്പരായിരാ ഇത്; കണ്ടോളിൻ. (കൃഷ്ണമേനോന്റെ മുറികെട്ടിയത് കാണിച്ചുകൊടുക്കുന്നു.)
പാറുക്കുട്ടിഅമ്മ: എന്റെ തമ്പുരാട്ടീ! മോനെ അധികണ്ടോ മുറി? എന്റെ കുട്ടിക്കും വല്ലാതെ പറ്റീട്ടുണ്ടോ? എന്റെ മക്കളേ, എന്തിനാ ഈ തല്ലും പിടിക്കും നിൽക്കണ്? എന്റെ കുട്ടി എവിടെ?
കുഞ്ഞാലി: നിങ്ങള് ബെസനിക്കണ്ട വല്യമ്മെ. മുറി രണ്ടാൾക്കും സാരല്യ. നിങ്ങളെ മകനെ ഷ്ടേഷനിലേക്കു കൊണ്ടുപോയിട്ടുണ്ട്. ആണങ്ങളാവുമ്പം എടക്കും തലക്കും അങ്ങോട്ടൊക്കെ ഒന്നു പോയിന്നുബരും. ചെലപ്പൊളൊക്കെ ചീക്കില് കെടന്നൂന്നും ബരും. നിങ്ങള് പെണ്ണുങ്ങള് അതിന്റെ എടേക്കിടന്നിട്ട് മൊറേം വിളീം കൂട്ടുന്നത് ബെറുങ്ങനെയാ.
(ചാത്തപ്പൻ പ്രവേശിക്കുന്നു)
ചാത്തപ്പൻ: ഇമ്പട്ട്യാരെ, ചെറ്മ്പ്രാൻ പറഞ്ഞി, മ്പ്ട്ട്യാരോട് ബസനിക്കാണ്ടാന്ന്, കൊറച്ചൂസംപാടെ കയിഞ്ഞേ കാണാൻ വരൂന്നും. ചെറിമ്പട്ട്യാരോട് പര്യാൻ പറഞ്ഞി, ഇഞ്ഞി ആ പുഞ്ചനെലം ഒണക്കല്ലേന്ന്. അ്ട്യെനോടും പറഞ്ഞിരിക്കാണ്. 'ചാത്തപ്പാ, ഞാൻ വരുമ്പളത്തിന് പുഞ്ച കരിതാവണം'ന്ന്.
കുഞ്ഞാലി: ഇന്നിട്ട് ഇജ്ജ്പ്പാ എന്താ ബാവം?
ചാത്തപ്പൻ: പുഞ്ച നടക്കാൻതന്നെ! കെടക്കേണ്ടിബന്നാ ചെറിമ്പ്രാന്റെ കൂടെ പോയി കെടക്കാലൊ; ഇമ്പ്ട്ട്യാര് പോരി. അട്യേൻ പടിക്കെക്കൊണ്ടാക്കാം. ചെറിമ്പ്രാൻ പ്രത്യേകം ഏല്പിച്ചതാ; അങ്ങോട്ടൊന്നും പറഞ്ഞയക്കരുത് എന്ന്.
പാറുക്കുട്ടിഅമ്മ: തമ്പുരാട്ടി! ആയ്യേ നോൽമ്പുകളൊക്കെ നോറ്റിട്ട് ഒരു കണ്ണു കാണാൻ വന്നപ്പഴക്ക് എന്റെ കുട്ട്യേ നിയ്യ് ജേലിലും ആക്ക്യേലോ! (നെഞ്ചത്തടിച്ചു നിലവിളിച്ചുകൊണ്ടുപോകുന്നു )

(ചാത്തപ്പൻ പിന്നാലെ പോകുന്നു)

കുഞ്ഞാലി: അപ്പൊ മേനനച്ചാ, കുഞ്ഞാലി പറഞ്ഞിലെ... നിങ്ങളും ഒരു കാര്യം ബേണം.

കൃഷ്ണമേനോൻ: എന്താച്ചാ പറഞ്ഞോളു.

കുഞ്ഞാലി: നിങ്ങള്പ്പൊ കണ്ടിലെ, ഈ തള്ളേനെ. നിങ്ങടെ അമ്മേപ്പോലെ കഴിഞ്ഞോരാ. കുഞ്ഞാലിക്കറീം.

കൃഷ്ണമേനോൻ: അതിന്ന് ഞാനെന്താ വേണ്ടത്?

കുഞ്ഞാലി: നിങ്ങളാ തള്ളേന ഇനി പഷ്ണിക്കിടരുത്. ചോറ്റുകച്ചോടം ചെയ്ത് കയ്യാനും എടാക്കരുത്. അത് തന്നെ.

കൃഷ്ണമേനോൻ: എന്റൊടെ വന്നു ചോദിച്ചോട്ടെ; എന്താ ഉള്ളത്ച്ചാൽ കൊടുക്കാലൊ.

കുഞ്ഞാലി: അത് നിങ്ങള് പറേരുത് മേനനച്ചാ. നിങ്ങളോടെക്ക് ബരട്ടെ തള്ളേം മക്കളൂംന്ന് പറേണത് തന്നത്താൻ മറന്ന ബാക്കാ.

കൃഷ്ണമേനോൻ: പിന്നെ ഞാനെന്ത്വേണമെന്നാ കുഞ്ഞാലി പറേണത്?

കുഞ്ഞാലി: ഓറ്റ്ങ്ങളാ പുഞ്ച നടന്നോട്ടെ. അതിമ്മല് നിങ്ങള് ഇനി ഏറോണം കെട്ടാൻ നിക്കർത്. തച്ചേന്ള്ള കേസ്സും കൂട്ടോം അതിന്റെ പാട്ടില് നടന്നോട്ടേ. എന്ത്യേയ്?

കൃഷ്ണമേനോൻ: കുഞ്ഞാലി പണ്ടും എടത്തിൽക്കാരുടെ ഭാഗാണെന്ന് എനിക്കറിയാം.

കുഞ്ഞാലി: നിങ്ങടെ ബാഗോം! അല്ലെങ്കി നിങ്ങക്കിപ്പോ ഈ നല്ലത് പറഞ്ഞിതരോ? ഈ അംസത്തിലൊരു കുട്ടി പറേല്യ. 'നിങ്ങള് നോക്കിക്കോളി'– 'അടിക്കണം', 'പുടിക്കണം', 'കേസുനടത്തണം' എന്നല്ലാതെ. എന്നിട്ട് രണ്ടു കൂട്ടരടെം ചിറീന്ന് വല്ലതും കൊയിഞ്ഞാൽ അതും പെറുക്കിത്തിന്നാലോച്ചിട്ടാവും ആളോള് നില്ക്കാ.

കൃഷ്ണമേനോൻ: അപ്പോൾ ഞാൻ തല്ലും കൊണ്ട് ഒരു ഭാഗത്തിരിക്കണമെന്ന്!

കുഞ്ഞാലി: നിങ്ങളങ്ങട്ടും തച്ചില്ലെ? കിട്ടൻനായര് നിങ്ങടെ കാർണോരെ തച്ച്മണ്ട്യെത്തി. നിങ്ങടെ കാർണോര് ഭാസ്കരൻനായരെ തച്ച് മണ്ട്യെത്തി. ഇപ്പൊ നിങ്ങള് രണ്ടാളും തമ്മില് തച്ചി. ഇപ്പൊ സമത്തിലാ. ബേണങ്കിലങ്ങട്ട് തീർന്നോളി.

കൃഷ്ണമേനോൻ: അപ്പൊ, കുഞ്ഞാലി സഹായിക്കാമെന്നേറ്റിട്ട്, വാക്ക് മാറ്റ്ണ്.

കുഞ്ഞാലി: അത് നിങ്ങള് പറേല്ലിന്ന്. ഇത് നോക്കിൻ. എലേരിച്ചോലെ ബെള്ളം എന്നും ഒയ്കും. കുഞ്ഞാലി ഈ ബാക്ക് എബടേം പറേം. നിങ്ങക്കു പുത്തിയും പടിപ്പുണ്ട്. പക്കേങ്കില് കുഞ്ഞാലി രണ്ടു കൊല്ലത്തെ പുഞ്ച അധികം നടന്നിക്കിണ്.

കൃഷ്ണമേനോൻ: ആട്ടെ, എനിക്കു നിൽക്കാൻ വയ്യ. പിന്നെക്കാണാം. (മെല്ലെ പോകുന്നു)

കുഞ്ഞാലി: നല്ലത് മനുസ്യന്റെ മനസ്സിൽ പുടിക്കുമ്പുളത്തിന് ഓക്കാനം. എത്ര ഓക്കാനിക്കണം പടച്ചോനെ!

(കർട്ടൻ)

രംഗം 8

(കൃഷിസ്ഥലം സമയം ഉച്ച. ലീല, ശാരദ ഒരറ്റത്ത്. മറ്റൊരറ്റത്ത് ചാത്തപ്പൻ. കുഞ്ഞാലി ഏതാണ്ടു മദ്ധ്യത്തിലും. പണിക്കിടയിൽ ഒട്ടൊന്നു വിശ്രമിക്കുകയാണ്)

ചാത്തപ്പൻ (പാടുന്നു)

* പല്ലവി–
തെന്തിനാട്ടം കളിക്കുന്നൊരു
മയിലേ കുയിലേ...
കുഞ്ഞിപ്പെണ്ണേ! കുയിലാളേ!...
തത്തമ്മച്ചുണ്ടും പളുങ്കുപല്ലും
എന്നൊരു കാലം മറക്ക്ണ ഞാനേ
കുഞ്ഞിപ്പെണ്ണേ! കുയിലാളേ! (തെന്തിനാട്ടം)
മാറത്ത് പൊമ്പുളിമാഞ്ചുണങ്ങും
എന്നൊരു കാലം മറക്ക്ണ ഞാനേ
കുഞ്ഞിപ്പെണ്ണേ! കുയിലാളേ!...

കുഞ്ഞാലി: പാടിപ്പാടി തൊണ്ടനീര്ബററിക്കണ്ട പഹയാ! നിജ്ജ്പാടീ തോണ്ടൊന്നും ഓള് കഞ്ഞികൊ

ണ്ടിരില്ല.
ചാത്തപ്പൻ: ങ്ങക്ക്മാപ്പളെ, കഞ്ഞി കൊണ്ടരാനും പാട്ടു കേക്കാനും ഒക്കെ ആള്ണ്ടലൊ.
കുഞ്ഞാലി: നിജ്ജ്നൊണച്ചോ. എടാ ഹമ്ക്കേ! ദുനിയാവ്മ്മൽ പെറന്ന ഥിതികക് മനിയന്റെ ചേലിക്കിരിക്കണം. എന്തിരുത്താണ്ടാ അനക്കൊരു പെണ്ണുകെട്ട്യാല്?
ശാരദ: അപ്പോ ചാത്തപ്പന്റെ ആരാ, ഇന്നലെ കുഞ്ഞികൊണ്ടന്നീരുന്നോള്?
ചാത്തപ്പൻ: (പരുങ്ങിക്കൊണ്ട്) ഓള്... ഓള്... ഓള്... പിന്നേ...
കുഞ്ഞാലി: എന്താണ്ടാ പരുങ്ങ്ണ്? ഓള് പിന്നത്തെ കഥ ഇരിക്കട്ടെ. ഇപ്പാറാ ഓള്?
ചാത്തപ്പൻ: ഓള് പിന്നെ മാപ്പളെ, ന്റെ അള്യേന്റെ എളേച്ചന്റെ ഏട്ടന്റെ അമ്മാമന്റെ മോളാ.
ലീല: അയ്യയ്യോ! വല്ലാത്തൊരു ബന്ധുത്വം!
ശാരദ: ഇതിലും ഭേദം നെന്റെ ആരാന്നിങ്ങോട്ട് പറയ്വാ!
കുഞ്ഞാലി: മിണ്ടേ്വാ ഹമ്ക്ക്! പറേടാ, എന്താ നിന്ന് കിണ്ങ്ങ്ണ്? നിജ്ജ് അച്ചാരം കൊടുത്ത പെണ്ണാച്ചാ അതങ്ങ്ട്ട് പറ. ഇല്ലെങ്കി ഓള് ഒപ്പാ വേറെ കെട്ടിക്കണം.
ചാത്തപ്പൻ: അച്ചാരൊന്നും കൊടുത്തിട്ടില്യ മാപ്പളെ.
ശാരദ: അപ്പൊ കൊടുക്കണെന്ന് വിചാരിച്ചിട്ടേ ഉള്ളൂ?
ലീല: എന്നാ വേഗങ്ങട്ട് അച്ചാരം കൊടുത്താള ചാത്തപ്പാ. മാപ്പിള വല്യേ പോക്കിരിയാണോ. അയാള് ആർക്കെങ്കിലും ഓളെ അങ്ങട്ട് പിടിച്ചു കൊടുക്കും.
ചാത്തപ്പൻ: ഓള് പോയിട്ടു വേണ്ടേ?
ശാരദ: അത്രത്തോളം ഒറപ്പായിരിക്കുന്നു; ഇല്യെ?
കുഞ്ഞാലി: വെറുക്കനെ നാമൂസ്സ് കാച്ചാണ്ടിരിക്കെടാ. ഓളെ ഓളട തന്ത പുടിച്ചിട്ട്, ബല്ലോർക്കും കൊടുത്താ നിജ്ജെന്ത് കാട്ടാനാടാ? പെണ്ണിനോട് ചോയിച്ചിട്ടാണലൊ ഇപ്പൊ നിച്ചയിക്കല്!
ലീല: എന്നാൽ ചാത്തപ്പാ, കൊടുക്കലും വാങ്ങലും നിശ്ചയിക്കുമ്പഴക്ക് ഓളോട് കഞ്ഞിങ്ങട്ട് എടുത്തോളാൻ പറയാർന്നീലെ?
കുഞ്ഞാലീ: എന്ത്രിത്ത്നാ പറേണ്? ഓള് ഇങ്ങട്ട് കൊണ്ട്ര്ണ്ടലൊ. ആയ്യേ പൊന്നൊരൊക്കെ പറഞ്ഞിട്ട് പിന്നെ ബിടോ്വാ ഓള് ഇബനെ?
ചാത്തപ്പൻ: ഓള് ബളം കോരാൻ പോയിരിക്കാ ന്മ്ട്ട്യാരെ. ഈ മാപ്പളക്ക് പ്രാന്താ!
ശാരദ: മാപ്പിളയ്ക്കു പ്രാന്തും, ലക്കില്ലായ നെണക്ക്വാണല്ലെ? ആട്ടെ; വളം കൊണ്ടരുമ്പളക്ക് മറ്റേ കണ്ടോം കൂടി അങ്ങട്ടു തീർത്തേക്ക്.
ലീല: നെണക്ക് ബദ്ധപ്പാടുണ്ടെങ്കിൽ കഞ്ഞി ഞാനിങ്ങട്ട് കൊടുത്തയയ്ക്കാം.
ചാത്തപ്പൻ: ചെറ്മ്ട്ട്യാരെ്, ആ ഞാറങ്ങട്ടെടുത്തു ചിന്ന്യാമതി. കഞ്ഞി ഒക്കെ ബരുമ്പൊ കുടിക്കാം. കഞ്ഞീം ചോറും കയിച്ചിട്ട് പണി എടുക്കാനല്ലലൊ ചെറ്യമ്പ്രാൻ പോവുമ്പൊ ഏല്പിച്ചത്!
കുഞ്ഞാലി: ഇപ്പൊ, ആ കുട്ടി അഴീമ്മലും പുടിച്ച് പൊറത്തേക്കും നോക്കി ഈ ഞാറ് നടന്നതും കിനാവ് കണ്ട് നിക്ക്ണ്ണ്ടാവും.
ശാരദ: (നെടുവീർപ്പിട്ട്) എല്ലാ ഇരുമ്പഴിയും താനെ അങ്ങട്ട് തുറന്നു കിട്ടും കുഞ്ഞാലീ, കാലം വരുമ്പൊ.
ലീല: എന്റെ ഏട്ടൻ വരും. അപ്പൊഴയ്ക്ക് ഇതില് കതിരും വരും.
കുഞ്ഞാലി: എന്താ, മുഖോം വാടീരിക്ക്ണ്?
(മാസ്റ്റർ പ്രവേശിക്കുന്നു)
അല്ല, മേഷ്റ് ഇപ്പൊ എങ്ങട്ടാ?
മാസ്റ്റർ: ആ, ഞാൻ വീടൊന്ന് മാറാൻ പോവുകയാ കുഞ്ഞാലീ. തെക്കേലെ പത്തായപ്പുരയിൽ താമസിക്കാമെന്നുവെയ്ക്കുകയാ.
കുഞ്ഞാലി: അതെന്ത്ര്ത്തേ മേഷ്ടരേ നിങ്ങൾക്ക് ഇപ്പൊങ്ങനൊന്നു തോന്നാൻ; ഈ നാലഞ്ചു കൊല്ലമായിട്ട്!
ശാരദ: അപ്പോൾ മാസ്റ്റർ ഇനി ഞങ്ങളുടെ വീട്ടിലല്ലേ താമസിക്കുക?
മാസ്റ്റർ: അല്ല ശാരദേ. ഞാനിങ്ങനെ തീർച്ചപ്പെടുത്തി.
ലീല: എന്നാ എന്തെ മാസ്റ്ററൊന്നും മുമ്പെ പറയാഞ്ഞത്? ഇത്ര പെട്ടെന്ന്...
മാസ്റ്റർ: പെട്ടെന്ന് ഒന്നുമല്ല ലീലമ്മേ, ഇപ്പഴേ പത്തായപ്പുര ഒഴിഞ്ഞുള്ളു. ഞാൻ എട്ടുപത്തു ദിവസമായി അന്വേഷിക്കുന്നു.
കുഞ്ഞാലി: അപ്പൊ എന്തേ മേഷ്ടരേ പറീൻ. നിങ്ങക്കൊരു അസൗകര്യം.
മാസ്റ്റർ: വിശേഷിച്ചൊന്നൂല്യ കുഞ്ഞാലി. ഞാൻ ശാന്തിയും സമാധാനവുമാണ് ആശിക്കുന്നത്. അതി

ല്ലാതെ എനിക്ക് ജീവിച്ചുകൂടാ. ഭാസ്കരൻ ജയിലിലായി. അതെനിക്കു സമ്മതമാകുമായിരുന്നു. ഈ നിലയ്ക്കല്ല അങ്ങനെ വേണ്ടിവന്നതെങ്കിൽ. ആ കൃഷ്ണമേനോനെ അടിച്ചില്ലേ, അതെനിക്കു ശരിയാണെന്നു വിചാരിക്കാൻ വയ്യ. നാലഞ്ചുകൊല്ലം താമസിച്ച വീടാണ്. എന്റെ ഉപദേശം കേട്ടാണ് അവര് നടന്നതും. ഇപ്പോൾ ഞങ്ങൾ പിരിയണം; അതാണ്.

ലീല: മാസ്റ്റർ ഞങ്ങളെ അനുഗ്രഹിക്കണം. ഞങ്ങൾക്ക് ഏതായാലും ഏട്ടനെ ഉപേക്ഷിച്ചുകൂടല്ലൊ.

ശാരദ: മാസ്റ്റർ ഞങ്ങളോട് മുഷിയരുത്.

മാസ്റ്റർ: ഒരിക്കലുമില്ല, കുട്ടികളേ. എന്റെ വഴി വേറെ എന്നുമാത്രം. ഞാൻ എന്നും എനിക്ക് കഴീണ സഹായവും ചെയ്തുതരും. എന്നേയും നിങ്ങൾ മറക്കരുത്.

ലീല: എന്നാൽ ഞങ്ങൾ ഞങ്ങളേയും മറക്കും.

കുഞ്ഞാലി: എന്നാൽ മേഷ്ടറ് നടക്കി.

(കർട്ടൻ)

രംഗം 8

(പുഞ്ചപ്പാടത്തിന്റെ വക്ക്. ലീലയും ശാരദയും കൈയിലുള്ള യന്ത്രം ചുഴറ്റി ശബ്ദമുണ്ടാക്കിക്കൊണ്ട് ആറ്റയെ ആട്ടുന്നു)

ലീലയും ശാരദയും: (പാടുകയാണ്)

ആറ്റേ പാറ്റേ ഭ ർ ർ ർ ർ
ആറ്റേ പാറ്റേ ഭ ർ ർ ർ ർ
ആറ്റിലും നീറ്റിലും കാട്ടിലും മേട്ടിലും
ആകാശത്തും ഭ ർ ർ ർ ർ
ആകാശത്തും ഭ ർ ർ ർ ർ.
മാവിലെത്തേങ്കനി കൊത്തിക്കോ
കൊന്നപ്പൂവും കൊത്തിക്കോ
നീറ്റിലെ വിരിയും പൂവിലെ നുരിയും
മേട്ടിലെ വരിയും കൊത്തിക്കോ
മേട്ടിലെ വരിയും കൊത്തിക്കോ
ആറ്റേ പാറ്റേ ഭ ർ ർ ർ ർ
ആറ്റേ പാറ്റേ ഭ ർ ർ ർ ർ.
പവിഴക്കതിരിൽ കൊത്തല്ലെ
പാടത്തെങ്ങും നില്ക്കല്ലെ
ജീവച്ചോരയൊലിക്കും നെഞ്ചിലെ
നീറും മുറിവിൽക്കൊത്തല്ലെ
ആറ്റേ പാറ്റേ ഭ ർ ർ ർ ർ
ആറ്റേ പാറ്റേ ഭ ർ ർ ർ ർ

(കുഞ്ഞാലി പ്രവേശിക്കുന്നു)

കുഞ്ഞാലി: എന്തേ മക്കളെ കൊയ്യാത്ത്?

ലീല: ഏട്ടൻ വന്നിട്ടു കെയ്താൽ മതീന്നാ അമ്മ പറേണത്. ഏട്ടൻ ഇന്നു വരും കുഞ്ഞാലിക്കാ.

കുഞ്ഞാലി: നിങ്ങളെ ഏട്ടൻ ബന്നൂലോ.

ശാരദയും ലീലയും: എവിടെ?

കുഞ്ഞാലി: കൃഷ്ണമേനോനച്ചന്റെ വീട്ടിലേക്കു പോയിട്ടുണ്ട്.

ലീല: അയ്യോ! ഇനിയും വഴക്കിനാ?

ശാരദ: നിണക്കെന്തു പേടിയാണ്! അവർ തമ്മിൽ യോജിക്കാനായിരിക്കും. അല്ലേ കുഞ്ഞാലിക്കാ?

കുഞ്ഞാലി: നിങ്ങള് ഊഹിച്ചതാ സരി.

(പാറുക്കുട്ടിഅമ്മ പ്രവേശിക്കുന്നു)

പാറുക്കുട്ടിഅമ്മ : എന്റെ കുട്ടി ഇവിടേയും എത്തീട്ടില്ല!
ലീല: അമ്മ ബദ്ധപ്പെട്ടാലോ! ഏട്ടൻ എത്തീരിക്കുന്നത്രെ.
പാറുക്കുട്ടിഅമ്മ: എന്നിട്ട് എവിടെ? അവന്ന് അവന്റെ തള്ളയെ ഒന്നു കാണണമെന്നില്ലല്ലൊ!
കുഞ്ഞാലി: വല്യമ്മേ, അജ്ജാള് ഇപ്പോ വരും. ആ കൃഷ്ണമേനോനച്ചനേം കൂട്ടി ബരും. ഇനി അവര് തമ്മില് തല്ലും പൊല്ലീസും ഇല്ലാതാക്കാൻ കുഞ്ഞാലി തന്നെ ഏർപ്പാടു ചെയ്തതാ.
പാറുക്കുട്ടിഅമ്മ: അതു നന്നായി കുഞ്ഞാലി. ആരടെ മക്കള്ടേയും തലപൊളിയാതാവട്ടെ. ആരടെ മക്കളും ജയിലിലും കെടക്കാതാവട്ടെ.
(ഭാസ്കരനും കൃഷ്ണമേനോനും പ്രവേശിച്ച് പാറുക്കുട്ടിഅമ്മയെ വന്ദിക്കുന്നു)
മക്കളെ, നിങ്ങളു രണ്ടാളുംകൂടി ഇങ്ങനെ വരൂംന്നു ഞാൻ വിചാരിച്ചില്ല. (ഭാസ്കരനെ കെട്ടിപ്പിടിച്ചു കരയുന്നു)
കൃഷ്ണമേനോൻ: അമ്മേ, ഞങ്ങളെല്ലാരും തിരിച്ചെത്തിയിരിക്കുന്നു: വിവേകത്തിലേയ്ക്ക്-
ഭാസ്കരൻ: ഞാനെന്റെ കൃഷിഭൂമിയിലേക്കും. ശാരദേ, എന്തേ കൊയ്ത്ത് തുടങ്ങാഞ്ഞത്?
ശാരദ: കൃഷിഭൂമി കർഷകനേയും കാത്തിരിക്കുകയായിരുന്നു.
ഭാസ്കരൻ: (മെല്ലെ) അനുഭവിക്കാൻ വൈകിയ നിലയിൽ.
ലീല: (ഭാസ്കരനെ നോക്കി) ഏട്ടന്റെ ഒരു താടീം മീശേം! പേടിയാവും കണ്ടാൽ. കുഞ്ഞാലിക്കാന്റെ ഒരു മാതിരിയുണ്ട്.
കുഞ്ഞാലി: (സ്വന്തം താടി ഉഴിഞ്ഞിട്ട്) മാപ്പള ഇപ്പളങ്ങനെ ഒന്നാലോസിക്യാ.
ലീല: എന്താണ് ആലോചിക്കുന്നത്?
കുഞ്ഞാലി: ഇപ്പോ ഇതൊക്കെപ്പാടങ്ങനെ കണ്ടാലേയ്, നമ്മുടെ മേഷ്ടറ് എന്താ പറയാന്ന്. എടാ ചാത്തപ്പാ!
(ചാത്തപ്പൻ പ്രവേശിക്കുന്നു)
ചാത്തപ്പൻ: എന്ത്ര്ത്താ മാപ്പളെ?
കുഞ്ഞാലി: എടാ നിയ്യാ മേഷ്ടറോട് ഒന്നിത്രത്തോളം ബരാൻ പറെ. അജ്ജാളടെ സമാതാനത്തിന്റെ കെട്ടും ഇങ്ങോട്ട് എടുത്തോളാൻ പറയ്.
ഭാസ്കരൻ: ചാത്തപ്പാ!
ചാത്തപ്പൻ: ഓയ്!
ഭാസ്കരൻ: നമുക്കു കൊയ്ത്ത് ഇന്നു തുടങ്ങാം. ആളേ വിളിച്ചോ.
ചാത്തപ്പൻ: ഓ!
(കർട്ടൻ)

# രണ്ടും ഒന്നുതന്നെ

**കഥാപാത്രങ്ങൾ**

**കോന്തുണ്ണിനായർ: മധ്യവയസ്കൻ**
**ചിരുതേയിഅമ്മ: ഭാര്യ; ഒരു സാധുസ്ത്രീ**
**ഭാർഗവി: മകൾ, 22 വയസ്സ്**
**രാമകൃഷ്ണപിള്ള: ഒരു 'തെക്കൻ'**
**സരസ്വതി: രാമകൃഷ്ണപിള്ളയുടെ ഭാര്യ**
**ഭാസ്കരമേനോൻ: ഭാർഗവിയെ കാണാനെത്തുന്ന പ്രതിശ്രുതവരൻ**
**ഗോപാലൻനായർ: പൊരുത്തുകാരൻ**

രംഗം 1

(സ്ഥലം ഗുരുവായൂർ ക്ഷേത്രനടയ്ക്കലുള്ള ഒരു വാടകവീടിന്റെ പൂമുഖം. ചൂരൽ മിടഞ്ഞ ഒരു വലിയ ചാരുകസേര. രണ്ടു മൂന്നു ചെറിയ കസേരകൾ. ഒരു ബഞ്ച്. പിൻതിരശ്ശീലയുടെ മദ്ധ്യത്തിൽ സദസ്യർക്കഭിമുഖമായി അകത്തുനിന്നു പൂമുഖത്തേയ്ക്കുള്ള വാതിൽ. ഇടത്തെ പാർശ്വത്തിരശ്ശീലയുടെ മദ്ധ്യത്തിൽ പുറത്തേക്കു പോകാനുള്ള വാതിലും. സമയം ഉച്ചതിരിഞ്ഞ് നാലുമണി. ചാരുകസേരയിൽ കോന്തുണ്ണിനായരും (അച്ഛൻ), ബഞ്ചിന്മേൽ കാൽ നീട്ടിക്കൊണ്ട് ചിരുതേയി അമ്മയും (അമ്മ) ഇരുന്നു സംസാരിക്കുന്നു.)

കോന്തുണ്ണിനായർ: ഇദ്ദോക്കൂ, അധികപ്രസംഗിയാണ് ആ വിദ്വാൻ. ആ സ്ത്രീ തരക്കേടില്ല. അവന്ന്, അല്ലെങ്കില് ഗുരുവായൂരപ്പന്റെ ഈ തിരുസന്നിധീല് വന്നിട്ട് പറയാൻ ഒറയ്ക്കില്ല, അമ്പലപ്പുഴെ കൃഷ്ണന്നാണ് അധികം ശക്തീന്ന്.

ചിരുതേയിഅമ്മ: അയാൾക്ക് ഒരീശ്വരനേയും പേടി ഇല്ല. വിശ്വാസണ്ടെങ്കിലല്ലെ? പാല്പായസം നല്ലത്. അമ്പലപ്പുഴെ ആണെന്നേ ശാഠ്യള്ളു.

കോന്തുണ്ണിനായർ: വിശ്വാസല്ലെങ്കില് എന്തിനേ അവററ ഇങ്ങട്ട് പോന്ന്? കുട്ടിക്ക് വീട്ടീന്ന് ചോറു കൊടുത്താൽ പോരേ?

ചിരുതേയിഅമ്മ: അത് സരസ്വതീടെ നിർബന്ധംകൊണ്ടാ. ആ പെൺകിടാവിന് നല്ല വിശ്വാസണ്ട്; ഭക്തീണ്ട്; ഗുരുവായൂരപ്പാന്ന് പറേമ്പഴയ്ക്ക് രണ്ടു കയ്യും കൂപ്പും. (സ്വരഭേദത്തോടെ) പ്രാപ്തീണ്ട്. ആ രാമകൃഷ്ണപിള്ളേ വരച്ച വരേല് നിർത്തും.

കോന്തുണ്ണിനായർ: നെണക്കില്യേ? എനി നെന്റെ പെണ്ണിനുണ്ടാവും.

ചിരുതേയിഅമ്മ: എന്റെ പെണ്ണിന്! ഞങ്ങടെ തറവാട്ടോടുകൂടി ഇല്ല പെണ്ണിന് സാമർത്ഥ്യം അവളെങ്ങന്യാ ഒരു വീട് ഭരിക്ക്യാന്ന് എനിക്കറീല്യ.

കോന്തുണ്ണിനായർ: ഭാർഗവി എവടെ? അവരടെകൂടെ അമ്പലത്തിൽപ്പോയ്യോ?

ചിരുതേയിഅമ്മ: അവളെങ്ങനെയാ അമ്പലത്തിൽപ്പൂവ്വാ? സരസ്വതീടെ കുട്ട്യേ അവളെ ഏല്പിച്ചിട്ടല്ലെ അവര് അമ്പലത്തിൽപ്പോയത്?

കോന്തുണ്ണിനായർ: അപ്പോ, അവറ്റ കുട്ട്യേ കൊണ്ടോയിട്ടില്യേ?

വല്ലാത്തൊരു വക!

ചിരുതേയിഅമ്മ: കുട്ട്യെ ഇന്നമ്പലത്തിൽ കൊണ്ടോവാൻ പാടുണ്ടാ? നാളെ അല്ലെ ചോറു കൊടുക്കുള്ളു? ചോറു കൊടുക്കാത്ത കുട്ട്യേ അമ്പലത്തിൽ കൊണ്ടാവോ? നിങ്ങൾ അതിലേറെ!

കോന്തുണ്ണിനായർ: എന്നാൽപ്പിന്നെ കുട്ട്യെ വല്ലടത്തും എറിഞ്ഞിട്ട് അങ്ങ് നട്ക്കാ? ഒരുമ്പെട്ട വക! അത് കരഞ്ഞാൽ എന്താ ചെയ്യ്വാ?

ചിരുതേയിഅമ്മ: അത് കരേല്യ. അതിന് തള്ളേക്കാൾ അധികം ഇഷ്ടമാണ് ഭാർഗവിയെ. കണ്ടി

ല്ലേ, അവര് വന്ന മുതല്ക്ക് അവൾ കുട്ട്യേ താഴെ വെച്ചിട്ടുണ്ടോ? ചെക്കനാണ്ച്ചാ അതിലേറെ. കുട്ടിക്ക് മുലയുംകൂടി വേണ്ട.

കോന്തുണ്ണിനായർ: കള്ള വക! തെക്കരല്ലേ? ആളെ പററിക്കാൻ നല്ല വശമാണ്. മരത്തിന്റെ ഗുണം മൊളേലറിയാം.

ചിരുതേയിഅമ്മ: നിങ്ങളെന്താ പറേണത്? മഹാപാപം!

കോന്തുണ്ണിനായർ: നെണക്കറിയാഞ്ഞിട്ടാണ്. തെക്കാണോ ജനനം; എന്നാൽപ്പെഴച്ചു. നല്ലതെക്കൊ അവർക്കേള്ളൂ. കേട്ടില്ലേ പറേണത്? സാക്ഷാൽ കൃഷ്ണൻ അമ്പലപ്പുഴേ ഉള്ളു. സാക്ഷാൽ പാല്പായസം അമ്പലപ്പുഴേ ഉള്ളൂന്ന്. സാക്ഷാൽ പൊന്നുതമ്പുരാൻ അവർക്കേള്ളു. സംസ്ക്കാരം അവർക്കേള്ളൂ. സാഹിത്യം അവർക്കേള്ളൂ. എന്തിനാ പറേണത്. നമ്മള് ഈ ബഡായി ഒക്കെക്കേട്ട്, അവരടെ ചിറീലും മിഴിച്ചുനോക്കി അവരടെ കുട്ട്യേ നോക്കേ്, അവർക്ക് വെള്ളം കോരിക്കൊടുക്കേ്, മുണ്ടു തിരുമ്പിക്കൊടുക്കേ് ഒക്കെച്ചെയ്തങ്ങനെ കൂടും ചിയ്യും. (താഴെ ചെല്ലം തപ്പിയിട്ടു കാണാതെ) നിയ്യൊന്ന് മുറുക്കാനിങ്ങട്ട് എടുത്താ.

ചിരുതേയിഅമ്മ: അവള് കുട്ട്യേ നോക്ക്ണത് ഇപ്പൊ ആയാളടെ ബഡായി കേട്ടിട്ടൊന്ന്വല്ല. അവൾക്ക് കുട്ട്യോളെന്ന് വെച്ചാൽ പ്രാണനാ. (ചെല്ലമെടുത്തു മുറുക്കാനുണ്ടാക്കുന്നു. തൊണ്ടയിടറി സ്വരഭേദത്തോടെ) അത്ര ഭ്രമമായതോണ്ടേരിക്കും ഗുരുവായൂരപ്പൻ ഇതുവരെ ഒന്നു് സാധിപ്പിക്കാത്തത്!

കോന്തുണ്ണിനായർ: ആങ്, തൊടങ്ങ്യേലോ എണ്ണിപ്പെറുക്കാൻ. ഇതിനല്ലെ, നമ്മള് ഈ തിരുസന്നിധീല് വന്നരിക്കണത്?

ചിരുതേയിഅമ്മ: ഇതുവരെയും എത്തീലലൊ. എനിക്ക് എന്താന്ന് നിശ്ചല്യാ: ഒരെടയെളക്കം!

കോന്തുണ്ണിനായർ: എടയെളക്കം! വിശ്വാസം വേണം. ഗോപാലൻനായര് ഇന്നുവരും. അയാൾക്ക് ജീവനുണ്ടെങ്കില് ഭാസ്കരമേനോനേയും കൊണ്ടുവരുമെന്നാ പറഞ്ഞിട്ടുള്ളത്. മേനോന് നമ്മളടെ കുട്ട്യേ പിടിച്ചൂച്ചാല് നാളെ രാവിലെ പത്തുമണിക്ക് ഗുരുവായൂരപ്പന്റെ തിരുമുൻപില് വെച്ചിട്ട് എന്റെ കുട്ടീടെ കഴുത്തില് താലികെട്ടും. കുട്ട്യേ അയാൾക്ക് പിടിക്കണം. അത്രേ വേണ്ടു.

ചിരുതേയിഅമ്മ: അതെനിക്ക് സംശംല്യ. അവളെ കണ്ടാൽ കണ്ണുള്ളോരാരും വേണ്ടാന്ന് പറേല്യ.

കോന്തുണ്ണിനായർ: വേറെ ഒരു തൊന്തരവൂല്യ. ആയാൾക്ക് അച്ഛനോടും ചോദിക്കാനില്യ, അമ്മാമനോടും ചോദിക്കാനില്യ.

ചിരുതേയിഅമ്മ: ഗോപാലൻനായര് വാക്ക് മാറ്റ്വോന്നാണ് എനിക്ക്...

കോന്തുണ്ണിനായർ: പിന്നെ? ആയാളെ ഇട്ട നെലം കാണില്യ. ഞാനിത് കെട്ട്കെട്ടായിട്ട് അങ്ങട്ട് എണ്ണിക്കൊടുത്തത് വെറുതെ ഒന്ന്വല്ല. പ്രോനോട്ട് വാങ്ങി വെച്ചിട്ട്ണ്ട്. ഒരു കുടിയിരുപ്പുണ്ട് ആ വിദ്വാന്. കാര്യം നടന്നൂ; എന്നാൽ, കോന്തുണ്ണി പ്രോനോട്ടങ്ങട്ട് എടുത്തുകൊടുക്കും. ഒരു പൈ വാങ്ങില്യ. അല്ലെങ്കില് പിറ്റേന്നു കാച്ചും, ആയിരത്തിനും പലിശയ്ക്കും.

ചിരുതേയിഅമ്മ: ആയിരം ഉറുപ്പിക! എന്റെ ഭഗവാനേ!

കോന്തുണ്ണിനായർ: ആയിരം! അതൊന്നും എനിക്ക് സാരല്യ. ഞാൻ നയിച്ച് ഉണ്ടാക്ക്യേതാ.

ചിരുതേയിഅമ്മ: എന്താ ഈ പറേണത്? ആയിരം ഉറുപ്പിക സാരല്യേ? ആയിരം കാശില്ലാതെ നമ്മള് കഷ്ടപ്പെട്ടിട്ടില്ലേ? അല്ലെങ്കില് അവൾക്ക് ഇത്രയൊക്കെ പ്രായായ്യോ? ഇരുപത്ത്രണ്ടല്ലെ തികഞ്ഞത്? രണ്ടുകൊല്ലംകൂടി കാത്തിട്ട് മതിയായിരുന്നു. അപ്പഴയ്ക്ക് സാഹസംതന്നെ ആയി!

കോന്തുണ്ണിനായർ: നെണക്ക് പറയാം. അഞ്ചുകൊല്ലമായി നാടുവിട്ടിട്ടേയ്. ആയാള് ചാവ്ണേന്റെ മുമ്പെ എനിക്ക് ആ ഉമ്മറത്തേയ്ക്കൊന്നു കേറിച്ചെല്ലണം.

ചിരുതേയിഅമ്മ: നിങ്ങള് കേറിച്ചെല്ല്ണേന് ആരെങ്കിലും മൊടക്കം പറയ്യോ? പറഞ്ഞാൽ ഇരിക്ക്യോ?

കോന്തുണ്ണിനായർ: അതെന്ത് കേറിച്ചെല്ലലാണ്? ഞാനൊരാണല്ലേ? എന്റെ കാരണോര് ആയാളടെ മകനെക്കൊണ്ട് ഭാർഗവിയെ സംബന്ധം തൊടങ്ങിക്കില്ലാന്നു പറഞ്ഞപ്പൊ, നിയ്യ് എല്ലാവരും കേൾക്കച്ചലെ അല്ലെ പറഞ്ഞത്, ഇനി ഭാർഗവിക്ക് ഒരാളുണ്ടായിട്ടേ ഈ പടി ചവിട്ടൂ'ന്ന്? നിയ്യ്പറഞ്ഞത് എന്റെ വാക്കാ. നെന്റെ അഭിമാനം ഞാൻ പുലർത്തണം. അല്ലെങ്കിൽ ഞാൻ ആണല്ല.

ചിരുതേയിഅമ്മ: കാരണോര് അന്ന് അമ്മായ്യേമ്മടെ തിരിപ്പിൽപ്പെട്ടതാ. ഞാനത് പറഞ്ഞുംപോയി.

കോന്തുണ്ണിനായർ: എന്നാൽ അതിനുതന്നെയാ പിന്നെ പണം ചെലവാക്ക്ണ. അഞ്ചുകൊല്ലം രാപ്പകലില്ലാതെയാ ആ വയനാട്ടിലെ കുന്നിൻപുറത്തുകിടന്ന് നയിച്ചത്. ഗുരുവായൂരപ്പൻ ഇത്രയും സാ

ധിപ്പിച്ചു. ആ ഗോപാലൻനായരെക്കൊണ്ടന്ന് ചാടിച്ചു തന്നതേയ്. കാരണോര് മകൾക്കു കണ്ടു വെച്ച ആളെത്തന്നെ ആയാള് നമ്മൾക്ക് കൊണ്ടുവന്നുതരാമെന്നു പറഞ്ഞില്ല്യേ? അതാണ് ഉശിര്; അതിനാ പണം കൊടുക്കേണ്ടത്. എന്നിട്ട് ഭാസ്കരനും ഭാർഗവിയും കൂടി തറവാട്ടിലേയ്ക്കങ്ങട്ട് കേറിച്ചെല്ലുമ്പൊ എനിക്ക് അയാളുടെ മുകറൊന്നു കാണണം. അപ്പൊ എന്റെ കാശ് മുതലാവും.

ചിരുതേയിഅമ്മ: ആവു! വല്ലാത്തൊരു വാശി! ഒക്കെ നന്ന്! ഗോപാലൻനായര് പറ്റിച്ചില്ലെങ്കില്. എനിക്ക് എന്തോ മനസ്സ് കിടന്നങ്ങനെ പതറുന്നു.

കോന്തുണ്ണിനായർ: നിയ്യ് അവിശ്വാസിയാണ്. നിയ്യാ തെക്കു ജനിക്കുണ്ടോളാ– ആ പിള്ളടെ നാട്ടില്. അശ്രീകരം!

(ഭാർഗവി ചുമലിലൂടെ മുമ്പോട്ടിട്ട മുടി കെട്ടുക്കൊണ്ടു പ്രവേശിക്കുന്നു)

ഭാർഗവി: ആവു! ഒറങ്ങി ഒരുവിധം. വല്ലാത്തൊരു വികൃതി!

ചിരുതേയിഅമ്മ: പാലു കുടിച്ചോ?

ഭാർഗവി: (ചിരിച്ചുകൊണ്ട്) അതെയ് അമ്മേ, ചെക്കന് പാല്കുടിക്കണങ്കില് ആ കുഞ്ഞിവിരലോണ്ട് (സ്വന്തം മാറത്തേക്കു നോക്കി) തിരുപ്പിടിക്കണം. അതിന് സമ്മതിക്കാഞ്ഞിട്ടുള്ള ദേഷ്യേര്ന്ന്!

(ചിരുതേയിഅമ്മയും ഭാർഗവിയും ചിരിക്കുന്നു)

(കോന്തുണ്ണിനായരോട്) അച്ഛൻ കുളിക്കൂ. അവര് വന്നാൽ നമ്മൾക്ക് അമ്പലത്തിൽപ്പോണം.

കോന്തുണ്ണിനായർ: നിയ്യും അമ്മയുംകൂടി പോയാൽ മതി.

ചിരുതേയിഅമ്മ: അതു പറ്റില്ല. നിങ്ങൾക്കെന്താ ഒന്ന് വന്നാൽ?

ഭാർഗവി: അച്ഛൻ വരാതെ പറ്റില്ല. എന്ത് തിരക്കാണ്!

കോന്തുണ്ണിനായർ: നമ്മള് മൂന്നാളുംകൂടി പോവേ? തരല്യ.

ചിരുതേയിഅമ്മ: അതെന്താ?

ഭാർഗവി: എന്താ അച്ഛാ, മൂന്നാളുംകൂടി പോയാൽ?

കോന്തുണ്ണിനായർ: എടി, നെന്റെ തള്ളയ്ക്ക് തലച്ചോറില്യ. മൂന്നാളുംകൂടി പോവുക! ഈ പെട്ടീം പ്രമാണോം എല്ലാം ഏറ്റീട്ടാ പോവുക?

ചിരുതേയിഅമ്മ: അതൊക്കെ എങ്ങട്ടെങ്കിലും പറന്നുപോവ്വോ, നിങ്ങളെക്കൊണ്ട് കനംവെയ്ക്കാഞ്ഞാല്? ഇവിടെ ആളില്ലേ?

കോന്തുണ്ണിനായർ: ഉണ്ട്, ഉണ്ട്. തെക്കരല്ലേ? പിന്നെകാണും. നെണക്കവരെ അറീല്യ. അറമുറിയന്മാര്! അവരടെ ഒരമ്പലപ്പുഴേം കിഷ്ണനും. കള്ള വക!

ചിരുതേയിഅമ്മ: ദാ, ദൈവങ്ങളെ വേണ്ടാത്തത് പറേല്ലേ. ഈ കൃഷ്ണൻ തന്നെയാണ് അമ്പലപ്പുഴെ കൃഷ്ണനും.

കോന്തുണ്ണിനായർ: ഈ കൃഷ്ണൻ ഈ കൃഷ്ണൻ തന്നെ. ഗുരുവായൂരപ്പൻ രണ്ടില്ല. എന്നോടതാരും പറയണ്ട. ഒരു പൊന്നുതമ്പുരാൻ പറഞ്ഞാലും ഞാനത് വെലവെയ്ക്കൂല്യ.

ഭാർഗവി: അച്ഛാ, രാമകൃഷ്ണപിള്ള ചോദിക്ക്യാണ്, എന്താ ഈ സ്വർണ്ണൊക്കെ കൊടിമരത്തിന് ചെലവാക്കീട്ട് എന്ന്. അതോണ്ട് വല്ല കമ്പനീം വെച്ചാൽ എത്ര ആൾക്ക് തൊഴിലായീന്ന്. ഈ ഭജനക്കാരെക്കൊണ്ടൊക്കെ അതില് പണിയെടുപ്പിക്കാത്രെ.

കോന്തുണ്ണിനായർ: അത് ആ കൂളന്മാരുടെ നാട്ടില്. അവര് അമ്പലം പൊളിച്ചിട്ട് കമ്പനി വെച്ചോട്ടെ. ഇവറ്റെ അമ്പലത്തിൽക്കടത്തുമ്പോൾ സി.ഐ.ഡിയെ പിന്നാലെ വിടണം. അല്ലെങ്കിൽ എന്തെങ്കിലും തിരുടും.

ഭാർഗവി: അച്ഛൻ കുളിക്കൂ.

കോന്തുണ്ണിനായർ: എന്തായാലും കുളിച്ചേക്കാം. എപ്പഴായാലും വേണലൊ.

(ഒരാൾ പ്രവേശിക്കുന്നു)

ആൾ: ഹെയ്, ഇവിടെയാ ആ തിരുവിതാംകൂറുകാര് താമസിച്ചിരുന്നത്?

കോന്തുണ്ണിനായർ: അതെ. എന്തേ?

ആൾ: അവര് പോയി. ഈ താക്കോല് ഇവിടെ തരാൻ പറഞ്ഞു. ബസ്സ് പുറപ്പെട്ടതുകൊണ്ടാണ് ഇങ്ങട്ട് വരാത്തതെന്നും പറഞ്ഞു.

കോന്തുണ്ണിനായർ: എന്ത്! പൂവേ?

ആൾ: (താക്കോൽ മോശപ്പുറത്തിട്ട്) എന്താ പോയാൽപ്പറ്റീല്യേ? നിങ്ങൾക്ക് വല്ലതും തരാനുണ്ടോ?

കോന്തുണ്ണിനായർ: (അന്തംവിട്ട്) അവര് പുവ്വേ? എങ്ങട്ട് പോവാൻ? തനിക്കെന്താ പ്രാന്തുണ്ടോ?

ആൾ: പ്രാന്ത് നിങ്ങൾക്കാ. അവര് പോയി. ബസ്സ് നീങ്ങുമ്പോഴാ എന്നെ പറഞ്ഞേല്പിച്ചത്.

ചിരുതേയിഅമ്മ: അപ്പൊ, അവരുടെ കുട്ട്യോ?

ആൾ: അതൊന്നും എനിക്കറീല്യ. താക്കോലതാ. ഗ്രഹപ്പിഴ! (ഇറങ്ങിപ്പോകുന്നു)

ചിരുതേയിഅമ്മ: ഇത് നല്ല പുതുമ! ഇവർക്കെന്താ, പ്രാന്താ? കൂട്ടര് കുട്ട്യെ മറന്നോ? നമ്മളെന്താ ഇതിനെ ചിയ്യ്വാ?

കോന്തുണ്ണിനായർ: പൊലീസിലറിയിക്കാം. അവര് ആശുപത്രീലോ മറ്റോ ഏല്പിച്ചോളും.

ഭാർഗവി: അയ്യോ! ഞാനതിനെ ഉപേക്ഷിക്കില്ല. എന്റെ കുട്ട്യെ ഞാൻ നോക്കും. അവർക്ക് വേണ്ടെങ്കില് വേണ്ട. എനിക്ക് വേണം.

ചിരുതേയിഅമ്മ: ഇങ്ങനെ ഉണ്ടോ ഒരു കൂട്ടര്?

കോന്തുണ്ണിനായർ: ഇപ്പൊ ബോദ്ധ്യായിലെ, ഉണ്ട് എന്ന്? ഞാൻ പറഞ്ഞപ്പൊ വിശ്വസിച്ചൊ? (ആലോചിച്ച്) ആയാള് ഭർത്താവും അല്ല. അവള് ഭാര്യയുമല്ല. അവര് ഇതിനെ തോളൊഴിക്കാൻവേണ്ടി നടന്നതാ. തഞ്ചത്തില് നെന്നെ കിട്ടി. നെന്റെ പെടലിക്ക് തൂക്കുംചെയ്തു.

ചിരുതേയിഅമ്മ: എന്താ ഇനി ചിയ്യ്വാ?

ഭാർഗവി: അമ്മയ്ക്കെന്താ അമ്മേ? ഞാൻ നോക്കിക്കോളാം.

ചിരുതേയിഅമ്മ: ഓ, എന്റെ അന്തല്യാത്ത കുട്ടി!

കോന്തുണ്ണിനായർ: എന്താ അന്തല്യായ? തള്ള ചത്തുപോയാലും കുട്ട്യോളെ നോക്കി വളർത്താറില്യെ? മുലകുടിക്കണം എന്നൊന്നൂല്യ.

ചിരുതേയിഅമ്മ: എനിക്കിപ്പൊ മൊല കൊടുക്കേണ്ടകാര്യം കൊണ്ടല്ലലോ. ആരടെ കുട്ടീന്നാ പറയ്വാ? നമ്മള് നാലഞ്ചുകൊല്ലായി വയനാട്ടിലായിട്ട്! അവടന്ന് വരുമ്പൊ ഒരു കുട്ടീം ഈ വയസ്സുകാലത്ത് ഞാൻ പെറ്റൂന്ന് പറയാൻ വൈക്ക്വോ? ഈ കഥൊക്കെയുണ്ടോ ഒരാള് വിശ്വസിക്കിണു?

ഭാർഗവി: വിശ്വസിക്കണ്ട. ഞാൻ നോക്കും. എന്റെ കുട്ട്യാണ്.

ചിരുതേയിഅമ്മ: നോക്കണേ ഒരന്തല്യായ, പെണ്ണിന്റെ!

കോന്തുണ്ണിനായർ: വിഷമണ്ട്. കാര്യം വളരെ അപകടമാണ്.

ചിരുതേയിഅമ്മ: നിങ്ങളൊരു കാര്യം ചെയ്യിൻ, ബസ്സിലല്ലെ അവര് പോയത്?

കോന്തുണ്ണിനായർ: ഏതു ബസ്സാണ് അറീല്ലലോ.

ചിരുതേയിഅമ്മ: ഏതു ബസ്സായാലും ബസ്സിപ്പോൾ കുന്നങ്കുളത്ത് നില്ക്കണ്ണ്ടാവും. നിങ്ങള് വേഗം കാറ് എടുത്തു പൊയ്ക്കോളിൻ. അവരെ പിടിക്കാം. കുട്ടിയെ അങ്ങട്ട് കൊടുത്തേയ്ക്കിൻ. അതാ വേണ്ടത്. ഊം. മടിച്ചിരുന്നാൽ പറ്റില്യ, കാര്യം വലിയ അപകടാവും.

കോന്തുണ്ണിനായർ: അതുതന്നെയാ ഭേദം. കുന്നങ്കുളത്ത് അരമണിക്കൂറ് താമസിക്കും, ഏതു ബസ്സും. ഇവിടന്ന് രണ്ടു നാഴികല്ലേ ഉള്ളൂ. നീയാ ഷർട്ടിങ്ങട്ട് എടുത്തോ. ആ ചെക്കനേയും എടുക്ക്.

(ചിരുതേയിഅമ്മ അകത്തുപോകുന്നു)

ഭാർഗവി: അരുത്, അച്ഛാ! അതിനെ കൊണ്ടുപോവണ്ട. ഞാൻ വളർത്തിക്കോളാം.

കോന്തുണ്ണിനായർ: (ദേഷ്യപ്പെട്ട്) ഛെ! ഛെ! പാടില്ല. (ചിരുതേയിഅമ്മ ഷർട്ടു കൊണ്ടുവരുന്നു. കോന്തുണ്ണിനായർ അതുവാങ്ങി വാരിവലിച്ച് ഇടുന്നു. ചിരുതേയിഅമ്മ വീണ്ടും പോയി കുട്ടിയെ തോളിലിട്ടു വരുന്നു. ഭാർഗവിഅമ്മ നിന്നു നിലവിളിക്കുന്നു.)

ചിരുതേയിഅമ്മ: (കുട്ടിയെ കോന്തുണ്ണിനായരുടെ തോളിൽ കിടത്തിക്കൊടുത്തിട്ട്) എളക്കണ്ട. ഒറക്കാണ്. ഒണന്നാൽ കഷ്ടത്തിലാവും. വേഗം പോവിൻ!

ഭാർഗവി: (കോന്തുണ്ണിനായരെ തടഞ്ഞ്) അയ്യോ! എന്റെ കുട്ടി! എന്റെ കുട്ടി! (കരയുന്നു)

(കോന്തുണ്ണിനായർ പരുങ്ങുന്നു. പെട്ടെന്ന് ഗോപാലൻനായരും ഭാസ്കരമേനോനും വന്നുകയറുന്നു. അവർ രംഗം കണ്ടു പകച്ചു നിൽക്കുന്നു.)

കോന്തുണ്ണിനായർ: (സസംഭ്രമം) ഗോപാലൻനായരേ, ഇരിക്കിൻ. ഞാനിതാ വരുന്നു. (പെട്ടെന്നു പുറത്തേയ്ക്കു പോവുന്നു)

(ഭാർഗവി തേങ്ങിക്കൊണ്ട് അകത്തേക്കും പോകുന്നു)

ചിരുതേയിഅമ്മ: (സസ്മിതം) നല്ല മുഹൂർത്തത്തിലാ വന്നത്. ഇരിക്കിൻ. ഇവിടെ ഇന്നുച്ചയ്ക്ക് ഒരു പിള്ളേം ഭാര്യേം വന്നു. അവർക്ക് സ്ഥലം കിട്ടാഞ്ഞിട്ട് ഇവിടെയാ താമസിച്ചത്. കുട്ടിക്ക് ചോറുകൊടുക്കാൻ വന്നതാണെന്ന് പറഞ്ഞു. കുട്ടിയെ ഒറക്കിക്കെടത്തി, ഞങ്ങളൊന്ന് അമ്പലത്തിൽ പോട്ടെ'ന്ന് പറഞ്ഞു പോയതാ. പിന്നെ കേട്ടു, അവര് ബസ്സ് കേറീന്ന്. എന്നാൽ കുന്നങ്കുളത്ത് ഉണ്ടാവും എന്നുവെച്ചിട്ട് കുട്ടീംകൊണ്ട് അങ്ങട്ട് പുറപ്പെട്ടതാ.

(ഗോപാലൻനായരും ഭാസ്കരമേനോനും മിണ്ടാതെ പരസ്പരം മുഖത്തുനോക്കിനിൽക്കുന്നു)

എന്താ നിൽക്ക്ണത്? ഇരിക്കിൻ. ഒരു ഗ്രഹപ്പിഴ, എന്നാൽപ്പോരേ!

ഭാസ്കരമേനോൻ: (ഗോപാലൻനായരെ സാകൂതം നോക്കി) ഗ്രഹപ്പിഴതന്നെ! അല്ലേ, ഗോപാലൻ നായരെ? നമ്മൾ കുറച്ചു മുൻകൂട്ടി വന്നു. നിങ്ങൾ കൃത്യസമയം പറഞ്ഞുകൊടുത്തിരുന്നില്ല, അല്ലേ?

ഗോപാലൻനായർ: എനിക്കു മനസ്സിലാവുന്നില്ല, ഭാസ്കരമേനോൻ!

ഭാസ്കരമേനോൻ: (ബുദ്ധിമാനെന്ന നാട്യത്തോടെ) എനിക്ക് ഇതൊക്കെ വേഗം മനസ്സിലാവും. അങ്ങനെ ഒരു സ്വഭാവാണല്ലോ. എന്തേ! (ചിരുതേയിഅമ്മയോട്) അകത്തേയ്ക്ക് പോയവർ തന്നെയല്ലേ മിസ്റ്റർ കോന്തുണ്ണിനായരുടെ മകള്?

ചിരുതേയിഅമ്മ: അതെ, എന്റെ മകള് ഭാർഗവി. ഇത് ഇരുപത്തിരണ്ടാമത്തെ വയസ്സാ. പെണ്ണ് ഈ യാത്രകൊണ്ട് പകുതിപ്പെട്ടു. നിങ്ങളിരിക്കിൻ. (ഗോപാലൻനായരോട്) ഇദ്ദേഹം തന്നെയല്ലേ ഭാസ്കരമേനോൻ?

(ഗോപാലൻനായർ തലതാഴ്ത്തി മെല്ലെ അടിവെച്ചു ലാത്തുന്നു)

ഭാസ്കരമേനോൻ: (മൂർച്ചയുള്ള ഒരു പുഞ്ചിരിയോടെ) ഇരിക്കാം.

ഇരിക്കാം. എന്തിന് നില്ക്കുണു! അപ്പോൾ ഈ കഥയിലെ കുട്ടി ഭാർഗവിയുടെ ആരും അല്ലലോ?

ചിരുതേയിഅമ്മ: എന്താ ഈ ചോദിക്കിണത്? ഇന്നുച്ചയ്ക്കല്ലേ അവരെ ഞങ്ങള് കണ്ടിട്ടുതന്നേയുള്ളു!

ഭാസ്കരമേനോൻ: ഓ, അതുശരി. അങ്ങനെയാണലോ കഥ! അപ്പഴെയ്ക്കും നിങ്ങളുടെ മകൾക്ക് ഇത്ര വ്യസനം തോന്നിയെങ്കില് നല്ല വെണ്ണപോലത്തെ മനസ്സാവണം. അല്ല, അലീണ മനസ്സാണെങ്കിലേ ഇങ്ങനെ ഒക്കെ വരൂ. അല്ലേ, ഗോപാലൻനായരേ?

ഗോപാലൻനായർ: (ചിരുതേയിഅമ്മയോട്) എന്നോട് കോന്തുണ്ണിനായര് ഇങ്ങനെ പെരുമാറേണ്ടീര്ന്നില.

ചിരുതേയിഅമ്മ: ഗോപാലൻനായരേ, കാര്യം അറിയാതെ സംസാരിക്കരുത്. ഞാൻ സത്യാണ് പറഞ്ഞത്. നിങ്ങൾക്ക് പതിനഞ്ച് മിനുട്ടോണ്ട് അത് ബോദ്ധ്യാവും. അദ്ദേഹം കുട്ടിയെ കൊടുത്തിട്ട് ഇപ്പൊ വരും.

ഭാസ്കരമേനോൻ: മഹാപാപമായി ഗോപാലൻനായരെ! അതില് എനിക്കും വന്നു ഒരു പങ്ക്. ആ കൊച്ചുജീവൻ ഒന്നുകിൽ വല്ല അനാഥാലയത്തിലും വളരും; അല്ലെങ്കിൽ ഇന്നു നശിക്കും!

ഗോപാലൻനായർ: (ചിരുതേയിഅമ്മയോട്) നിങ്ങള് ഈ സ്ഥിതീല് എത്തിക്കണ്ടീര്ന്നിലാ കാര്യങ്ങള്. എന്നോടിത് തുറന്നു പറയായിരുന്നു. അബദ്ധം ആർക്കും വരും. എന്നാൽ അതിനുള്ള വഴി നോക്കിയാൽ പോരേ? നിങ്ങളൊരു തറവാട്ടുകാരല്ലേ? ഇപ്പഴും നിങ്ങൾ ഈ ഉരുട്ടും പരിട്ടും കൊണ്ടാണലൊ നടക്ക്ണത്! ഇതൊക്കെ വിശ്വസിക്കും ഈ ശപ്പന്മാര് എന്നു വിചാരിച്ചപ്പോൾ നിങ്ങൾ ഞങ്ങളെ ഏതുതരത്തിൽക്കെട്ടി?

ചിരുതേയിഅമ്മ: (കരഞ്ഞുകൊണ്ട്) എന്റെ ഗുരുവായൂരപ്പാ! നീയെന്തൊക്കെയാണ് വരുത്ത്ണത്? (അസ്തപ്രജ്ഞയായി വീഴുന്നു)

(ഭാർഗവി പ്രവേശിക്കുന്നു)

ഭാർഗവി: (സധൈര്യം) ഗോപാലൻനായരേ, നിങ്ങൾക്ക് ഒന്നും പററീട്ടില്ല. അച്ഛൻ പറഞ്ഞു. മകൾക്കൊരു ഭർത്താവിനെ ഉണ്ടാക്കിയാൽ നന്നെന്ന്. നിങ്ങൾ ശ്രദ്ധിച്ചു. അത്രയ്ക്കല്ലേ ഉള്ളൂ? ഇദ്ദേഹം എന്നെ വിവാഹം കഴിച്ചിട്ടില്ലല്ലൊ. എന്നാൽത്തന്നെ പുരുഷനല്ലേ? വേണ്ടാന്ന് വെയ്ക്കാനും അധികാരല്യേ? പിന്നെ അതും ഇതും ഒന്നും പറയണ്ട.

ഭാസ്കരമേനോൻ: സഹോദരി ക്ഷോഭിക്കണ്ട. മനുഷ്യന് സത്യം പറഞ്ഞാൽത്തന്നെ ഇവിടെ കഴിഞ്ഞുകൂടാലോ. എന്തിന് വൃഥാ കള്ളക്കഥകൾ അടിച്ചുപരത്തണം?

ഭാർഗവി: ഹോ! താങ്കൾക്ക് സത്യമാണോ കേൾക്കേണ്ടത്? കേട്ടോളൂ. ആ കൊണ്ടുപോയത് എന്റെ കുട്ടിയാണ്. പോരേ?

ഭാസ്കരമേനോൻ: ഞെട്ടിക്കൊണ്ട്) ശരി; എനി എനിക്ക് ആക്ഷേപമില്ല.

ഭാർഗവി: എന്നാൽ പോവാം. നമസ്കാരം! ഗോപാലൻനായരേ, ഇരിക്കിൻ. ഞങ്ങളുടെ വഞ്ചനയിൽപ്പെട്ടിട്ട് നിങ്ങൾക്ക് ബസ്സ് ചാർജ് നഷ്ടംവന്നിട്ടുണ്ടാവാം. അതങ്ങട്ട്തരാം.

(തിരിഞ്ഞ്) അമ്മയെന്താ ഈ കാണിക്കുന്നത്? എണീക്കൂ. (പിടിച്ചെഴുന്നേല്പിക്കുന്നു)

(പെട്ടെന്നു രാമകൃഷ്ണപിള്ളയും സരസ്വതിയും ക്ഷേത്രത്തിൽനിന്നു വരുന്നു)

രാമകൃഷ്ണപിള്ള: എന്തേ, എന്തുപററി?

(രാമകൃഷ്ണപിള്ളയും സരസ്വതിയും അടുത്തുചെല്ലുന്നു)

ഭാർഗവി: (അമ്പരന്നുകൊണ്ട്) അല്ലാ! നിങ്ങളല്ലേ പോയി എന്നു പറഞ്ഞത്?

ചിരുതേയിഅമ്മ: (കണ്ണുമിഴിച്ചു നോക്കികൊണ്ട്) സത്യസ്വരൂപാ, ഗുരുവായൂരപ്പാ! (വീണ്ടും കണ്ണ

ടച്ചു വീഴുന്നു)

സരസ്വതി: അല്ലാ, കുഞ്ഞ് ഉറങ്ങുകയാ? (അകത്തേക്കു പോകുന്നു)

രാമകൃഷ്ണപിള്ള: ഞങ്ങൾ പോവുകയോ? എങ്ങോട്ടു കുഞ്ഞേ?

(സരസ്വതി വീണ്ടും പ്രവേശിക്കുന്നു)

സരസ്വതി: കുഞ്ഞെന്ത്യേ?

ഭാർഗവി: കുട്ടിയേയുംകൊണ്ട് അച്ഛൻ നിങ്ങളെ അന്വേഷിച്ചു പോയിട്ടുണ്ട്.

സരസ്വതി: എന്ത്യേയ്? അവൻ കരഞ്ഞുവോ?

ഭാർഗവി: ഇല്ലില്ല. അവൻ കുറെ കളിച്ചു. പാലുകുടിച്ചു. പിന്നെ ഉറങ്ങി.

സരസ്വതി: (മനസ്സിലാവാതെ) പിന്നെ എന്തിനു കൊണ്ടുപോയി?

ഭാർഗവി: ഇവിടെ ഒരാൾ വന്നു. തിരുവതാംകൂറുകാര് ഇവിടെയല്ലേ താമസിച്ചിരുന്നത് എന്നു ചോദിച്ചു. അതേന്ന് പറഞ്ഞപ്പോൾ ഒരു താക്കോല് തന്നു. നിങ്ങടെ മുറീടെ ആയിരിക്കും. എന്നിട്ട് നിങ്ങൾ ബസ്സിൽ പോയീന്നും പറഞ്ഞു.

രാമകൃഷ്ണപിള്ള: ഞങ്ങളുടെ കുഞ്ഞിനെ ഇവിടെ തന്നും വെച്ച ഞങ്ങൾ കടന്നുകളഞ്ഞെന്ന്! എന്നിട്ട്, നിങ്ങളതും വിശ്വസിച്ചു! ഇങ്ങനെയാണോ മലബാറിലെല്ലാം സമ്പ്രദായം?

ഭാസ്കരമേനോൻ: ഹേ, മിസ്റ്റർ! മലബാറിലെ സമ്പ്രദായം എന്തുമാകട്ടെ. ആ വയസ്സൻ നിങ്ങളേയുമന്വേഷിച്ച് കുന്നങ്കുളം ബസ്സ്റ്റാന്റിൽ കിടന്നു തിരിയുന്നുണ്ടാവും. വേഗം ചെല്ലിൻ. കുട്ടിയെ വല്ലേടത്തുമിട്ട് അമ്പലത്തിൽ പോവ്ണോ തിരുവിതാംകൂറിലെല്ലാം?

സരസ്വതി: അയ്യോ! എന്റെ കുഞ്ഞുണർന്നാൽ നിലവിളിക്കുമല്ലോ. അവന്ന് ആ കാരണവരെ പിടുത്തമല്ല. ഒന്നു ചെല്ലൂ. ഞാനും പോരാം എഴുന്നേൽക്കണം.

രാമകൃഷ്ണപിള്ള: ചെല്ലണം, വേണമെങ്കിൽ. ഞാൻ അപ്പഴും പറഞ്ഞില്യേ. കുഞ്ഞിനേയും തനിച്ചാക്കി നീയിന്ന് അമ്പലത്തിൽ പോകേണ്ടെന്ന്? അപ്പോഴേക്ക് ഒരു ഭക്തി! എനിക്ക് മേലാ, കുന്നങ്കുളത്തേക്ക് പറക്കുവാനും മററും. കാരണവർ പതുക്കെവരട്ടെ.

ഭാസ്കരമേനോൻ: നിങ്ങളെ കണ്ടില്ലെങ്കിൽ അയാൾ കുഞ്ഞിനെ പൊലീസിലേല്പിച്ചേക്കും. പോവ്ാണേ നല്ലത്!

സരസ്വതി: അയ്യോ! എന്റെ കുഞ്ഞ്! (കരയുന്നു) നിങ്ങൾക്കിവിടെ ഇരിക്കാമായിരുന്നല്ലോ? ഞാൻ ഭാർഗവിയേയും കൂട്ടി പോകുമായിരുന്നല്ലോ. എന്നെ അപ്പഴയ്ക്കും വല്ലവരും റാഞ്ചുമോ? അയ്യോ! എന്റെീശ്വരാ! എന്റെ കുഞ്ഞ്! (കരയുന്നു)

രാമകൃഷ്ണപിള്ള: പോകട്ടെ, എനി അവൾക്ക് തോന്നരുത്, കണ്ട ചെകുത്താൻ കോവിലിലെല്ലാം നടക്കുവാൻ. (ഭാസ്കരമേനോനോട്) കുഞ്ഞിനെ പൊലീസിലേല്പിക്കുമോ? കുഞ്ഞെന്താ, വല്ലതും കട്ടെടുത്തിരിക്കുന്നോ?

ചിരുതേയിഅമ്മ: ഗോപാലൻനായരേ, നിങ്ങളൊന്നു ചെല്ലിൻ– ഒരു കാറെടുത്തോളിൻ. കുന്നങ്കുളം ബസ്സ്റ്റാന്റ്‌വരെ പോയാൽ മതി.

ഗോപാലൻനായർ: അതാണ് നല്ലത്. (ഭാസ്കരമേനോനോട്) നിങ്ങൾ ഇവിടെ ഇരിക്കാൻ.

രാമകൃഷ്ണപിള്ള: ഞാനും വരാം ചേട്ടാ. (പുറപ്പെടുന്നു)

സരസ്വതി: ഞാനും വരുന്നു.

(ഗോപാലൻനായരും രാമകൃഷ്ണപിള്ളയും സരസ്വതിയും പോകുന്നു.)

ഭാസ്കരമേനോൻ: (എഴുന്നേററ് ചിരുതേയി അമ്മയുടെ അരികിൽച്ചെന്ന്) അമ്മ ക്ഷമിക്കണം! ഞാൻ അവിവേകം പറഞ്ഞതിന്ന് മാപ്പ്. പരിചയമില്ലാത്തതുകൊണ്ട് അവിശ്വസിച്ചതാണ്.

ഭാർഗവി: ഇപ്പോൾ വിശ്വസിക്കാൻമാത്രം പരിചയപ്പെട്ടുവോ?

ഭാസ്കരമേനോൻ: ഇതാ മകളോടും മാപ്പ്! തെറ്റും തെററിദ്ധാരണയും മനുഷ്യനുള്ളതാണല്ലോ. (ചിരുതേയിഅമ്മയോട്) ഞാൻ വേദനിപ്പിച്ചതിന്ന് എന്തു പരിഹാരമാണ് വേണ്ടത് എന്നുവെച്ചാൽ അനുഷ്ഠിക്കാൻ ഒരുക്കമാണ്.

ചിരുതേയിഅമ്മ: മോനേ, എനിക്ക് സന്തോഷമായി. നോക്ക്– നാലഞ്ചുകൊല്ലം നോറ്റിരുന്നിട്ടാണ് ഇങ്ങനെ ഒരുദിവസം വന്നത്. അപ്പഴെയ്ക്ക് എല്ലാ ഗ്രഹപ്പിഴയും വന്നുചേർന്നാൽ എങ്ങനെയാ സഹിക്ക്യാ?

ഭാസ്കരമേനോൻ: ഗ്രഹപ്പിഴയെല്ലാം ഗുരുവായൂരപ്പൻതന്നെ നീക്കിത്തന്നില്യേ? നാളത്തന്നെ ആ മംഗളകർമം നടത്താൻ ഞാൻ ഒരുക്കമാണ്.

ഭാർഗവി: ഒരേ മുഹൂർത്തത്തിൽത്തന്നെ ഭർത്താവും അച്ഛനും ആവാനോ?

ചിരുതേയിഅമ്മ: നീയെന്താണീ പറേണത്?

ഭാസ്കരമേനോൻ: പറഞ്ഞോളൂ. നാളെ പത്തുമണിവരെയ്ക്ക് എന്തും കേൾക്കാൻ തയാറാണ്.
ഭാർഗവി: അതു കഴിഞ്ഞാൽ?
ഭാസ്കരമേനോൻ: പിന്നെ കേൾക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണലോ.
(സരസ്വതി കുട്ടിയെ എടുത്തു മുൻപിലും കോന്തുണ്ണിനായരും മറ്റുള്ളവരും പിന്നിലുമായി വരുന്നു.)
സരസ്വതി: കൊച്ചുകള്ളനെ പിടികിട്ടി!
(ഭാർഗവിയും സരസ്വതിയും അകത്തേക്കു പോകുന്നു)
രാമകൃഷ്ണപിള്ള: പോകേണ്ടിവന്നില്ല. അപ്പഴയ്ക്കും കാരണവർ തിരിച്ചെത്തി.
കോന്തുണ്ണിനായർ: (ചിരുതേയിഅമ്മയോട്) പോയ തിരുവിതാംകൂറുകാര് അങ്ങേ വീട്ടിൽ താമസക്കാരാ. അവരെ കുന്നങ്കുളത്തുവെച്ച് കണ്ടു. അവര് താക്കോല് കെടുത്തയച്ചില്ലേ, അത് ആ വീട്ടുടമസ്ഥന്ന് കൊടുക്കാനാണ്. ആ വിദ്വാന് വീട് തെററീതാ.
ചിരുതേയിഅമ്മ: എന്റെ ഭഗവാനേ! അരമണിക്കൂറുകൊണ്ട് അനുഭവിക്കേണ്ടതൊക്കെ അനുഭവിച്ചു.
രാമകൃഷ്ണപിള്ള:

രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു തൂക്കുന്നതും ഭവാൻ.

കോന്തുണ്ണിനായർ: രണ്ടും നാലും ദിവസമൊന്നും വേണ്ടെ,ട്ടൊ, ഗുരുവായൂരപ്പന്. ഭഗവാനേ! ഒരുനിമിഷം മതി അവിടെക്ക് സൃഷ്ടിക്കാനും സംഹരിക്കാനും.
രാമകൃഷ്ണപിള്ള: (ഭാസ്കരമേനോനെ ഉദ്ദേശിച്ച്) ഇദ്ദേഹം?
കോന്തുണ്ണിനായർ: അതെ, ഇദ്ദേഹം, ഞാൻ പറഞ്ഞ ആൾതന്നെ.
രാമകൃഷ്ണപിള്ള: എന്നാൽ നാളെത്തന്നെയങ്ങ് നടത്തുകയല്ലേ? എന്റെ കുഞ്ഞിന്റെ ചോറൂണും കാരണവരുടെ കുഞ്ഞിന്റെ കല്യാണവും!
(ഭാസ്കരമേനോൻ അതേ' എന്ന അർത്ഥത്തിൽ തലയാട്ടുന്നു. സരസ്വതി ചിരിച്ചുകൊണ്ട് പുറത്തുവരുന്നു.)
സരസ്വതി: അല്ലല്ല! (വീണ്ടും വീണ്ടും ചിരിക്കുന്നു.) അമ്മയുടെ കല്യാണവും മകന്റെ ചോറൂണും ഒരുമിച്ച്!
(രാമകൃഷ്ണപിള്ള ഒഴികെ എല്ലാവരും ചിരിക്കുന്നു)
രാമകൃഷ്ണപിള്ള: എന്താണത്, സരസ്വതീ?
സരസ്വതി: വരൻ നമ്മളുടെ കുഞ്ഞിനെ വധുവിന്റെ കുഞ്ഞാണെന്നു ധരിച്ചുവത്രെ!
രാമകൃഷ്ണപിള്ള: (ചിരിച്ചുകൊണ്ട്) അതു സാരമില്ല. കുഞ്ഞിന്റെ അമ്മയെ വധുവാണെന്നു തെറ്റിദ്ധരിക്കാഞ്ഞാൽ മതി!
(വീണ്ടും എല്ലാവരും ചിരിക്കുന്നു)
കോന്തുണ്ണിനായർ: പിന്നെ, നാളെ ചോറൂണും കഴിഞ്ഞ് പോകുമ്പോൾ ഞങ്ങളും വരാം. അമ്പലപ്പുഴ കൃഷ്ണനെ തൊഴുതിട്ടേ നാട്ടിലേക്ക് പോകുന്നുള്ളു.
ചിരുതേയിഅമ്മ: ഈ വഴിക്കോ?
കോന്തുണ്ണിനായർ: അതേ, ഈ വഴിക്കുതന്നെ. കുഞ്ഞിനേയും തോളിൽക്കിടത്തി കാറിലിരിക്കുമ്പോൾ ഞാൻ പ്രാർത്ഥിച്ചതാണ്.
ചിരുതേയിഅമ്മ: നന്നായി. രണ്ടും ഒന്നുതന്നെയാണ്. ഗുരുവായൂരപ്പനും അമ്പലപ്പുഴെ കൃഷ്ണനും ഭഗവാനേ! (തൊഴുന്നു)
സരസ്വതി: അതെ; ഒന്നുതന്നെ, മലബാറും തിരുവിതാംകൂറും.
രാമകൃഷ്ണപിള്ള: അസ്സലായി. നമുക്ക് അമ്പലപ്പുഴ പാൽപ്പായസം കൊണ്ടുവേണം വിവാഹസ്സദ്യ നടത്താൻ. വധു എവിടെ?
( എല്ലാവരും വാതിൽക്കലേക്കു നോക്കുന്നു. അവിടെ നിന്നിരുന്ന ഭാർഗവി ലജ്ജാനമ്രയായി മെല്ലെ അകത്തേക്കു പോകുന്നു)
(കർട്ടൻ)